# കന്നഡ സ്വയം പഠനം

മോഹന കുംടാർ

മൂലം : ലിംഗദേവറു ഹളെമനെ

കർനാടക സർക്കാർ

കന്നഡ അഭിവൃദ്ധി പ്രാധികാറ

ബെംഗളൂറു

**Kannada Swayam Pathanam :** Malayalam Version based on the Original 'Kannada : A Self Instructional Course' by Lingadevaru Halemane, prepared by Dr. Mohana Kuntar, Kannada University, Hampi. Published by Kannada Development Authority, Bangaluru.

Pages : xv + 244

First Edition : 2003
Second Edition : 2016
©Author
Price :

*Authorised Distributor :*
**Kannada Pustaka Pradhikara**
(Kannada Book Authority)
Pampa Mahakavi Road,
Chamarajapet, Bangalore - 560 018.

DTP & Layout
**Jayakrishna Graphics**
Badiadka Road, Kumbla - 671 321.
Mob. : 9809900284

## നന്ദി

ഉർദ്ദു, തമിഴ്, തെലുഗു, മറാഠി, മലയാളം എന്നീ ഭാഷകളിലൂടെ കന്നഡ പഠിപ്പിക്കുന്നതിനുള്ള സംരംഭം കന്നഡ അഭിവൃദ്ധി പ്രാധികാറയുടെ മഹത്തായ പദ്ധതികളിൽ ഒന്നാണ്. ഈ പദ്ധതിയുടെ സാക്ഷാൽക്കാരത്തിനു വേണ്ടി പ്രയത്നിക്കുന്ന അതിന്റെ അദ്ധ്യക്ഷനും, സദസ്യരും അഭിനന്ദനം അർഹിക്കുന്നു. ഈ പദ്ധതിയിൽപ്പെട്ട കന്നഡ സ്വയംപഠനസഹായി എന്ന പുസ്തകം മലയാളത്തിൽ തയ്യാറാക്കാൻ അവസരം നൽകിയത് ഇതിന്റെ മുൻ അദ്ധ്യക്ഷൻ പ്രൊഫ. ബറഗൂറു രാമചന്ദ്രപ്പയാണ്. കർനാടക സംസ്ഥാനത്ത് താമസിക്കുന്നവരും കന്നഡ സംസാരിക്കുന്ന വരുമായ മലയാളികൾക്ക് കന്നഡ ഭാഷ പഠിക്കാൻ സഹായ കമാകുന്ന രീതിയിലുള്ള പാഠങ്ങളാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇംഗ്ലീഷ് ഭാഷയിലൂടെ കന്നഡ പഠിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ ലിംഗദേവറു ഹളെമനെ രചിച്ച "കന്നഡ എ സെൽഫ് ഇൻസ്ട്രക്ഷനർ കോഴ്സ്" എന്ന കൃതിയെ ആധാര മാക്കി എഴുതിയ മലയാള രൂപമാണ് ഇത്. ഇതിന്റെ ഓരോ പാഠത്തിലും ചേർത്തിട്ടുള്ള പഠിതാക്കൾക്കുള്ള സൂചന എന്ന ഭാഗം മൂലകൃതിയെ ആധാരമാക്കിക്കൊണ്ട് മലയാളത്തിനിണങ്ങുന്ന വിധത്തിൽ പുനഃസംവിധാനം ചെയ്തതാണ്. ഇതിൽ എനിക്ക് ആവശ്യമായ സഹായം ചെയ്തുതന്നത് ശ്രീ നാരായണൻ പേരിയയാണ്. പുസ്തക രചനയിൽ ശ്രീമതി ഗീതാ ചന്ദ്രശേഖർ, ബി. സദാശിവ, ശ്രീ ലിംഗദേവറു ഹളെമനെ, സ്വയം പഠന പദ്ധതിയിലെ ഇതര ഭാഷാഗ്രന്ഥങ്ങളുടെ രചയിതാക്കൾ എന്നിവരുമായി നടത്തിയ ചർച്ചകളും സഹായകമായിട്ടുണ്ട്. ഡി.ടി.പി. തയ്യാറാക്കിത്തന്ന കുമ്പളയിലെ ജയകൃഷ്ണ ഗ്രാഫിക്സിന്റെ ഉടമസ്ഥൻ ശ്രീ റവിശങ്കറനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുമാണ്.

ഈ സംരംഭത്തിൽ എന്നെ സഹായിച്ച കന്നഡ അഭിവൃദ്ധി പ്രാധികാരയുടെ അദ്ധ്യക്ഷൻ ബി.എം. ഇദിനപ്പ, സെക്രട്ടറി ശ്രീ പ്രസന്ന തുടങ്ങിയ എല്ലാവരോടും എനിക്ക് അളവറ്റ കടപ്പാടുണ്ട്.

**– മോഹന കുംടാർ**

# ആമുഖം

കന്നഡ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സാമഗ്രിയാണ് ഈ പുസ്തകത്തിലുള്ളത്. കന്നഡ ഭാഷ പഠിക്കാൻ ആഗ്രഹിക്കുന്നവരും വ്യത്യസ്ത മാതൃഭാഷാ പശ്ചാത്തലങ്ങളിൽ നിന്നുള്ളവരുമായ മലയാളം സംസാരിക്കുന്ന പ്രൗഢ പഠിതാക്കളെ ഉദ്ദേശിച്ചാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

ഇവിടെ കൊടുത്തിട്ടുള്ള മാതൃകകളുടെയും പദസഞ്ചയത്തിന്റെയും സഹായത്തോടെ പഠിതാക്കൾക്ക് സ്വന്തമായി അടിസ്ഥാനവാക്യങ്ങൾ എഴുവാനുള്ള ശേഷിയുണ്ടാക്കാനുതകും എന്നാണ് പ്രതീക്ഷ. തയ്യാറാക്കപ്പെട്ട സംഭാഷണ മാതൃകകളുടെ സഹായത്തോടെ നാട്ടുകാരുമായി സന്ദർഭോചിതമായി സംഭാഷണം നടത്താനും, വായിക്കാനും, എഴുതാനുമുള്ള കഴിവുണ്ടാക്കാൻ സാധിക്കണം.

ഇതിനാവശ്യമായ സാമഗ്രികൾ കഴിയുന്നത്ര ക്രമബദ്ധമായി അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഭാഷയുടെയും സന്ദർഭങ്ങളുടെയും തിരഞ്ഞെടുപ്പിലും, വർഗ്ഗീകരണത്തിലും ലോകമെങ്ങും അംഗീകരിച്ചിട്ടുള്ള തത്വങ്ങൾതന്നെയാണ് ഇവിടെയും പിന്തുടർന്നിട്ടുള്ളത്. എളുപ്പത്തിൽനിന്ന് വിഷമതയിലേക്ക്, അറിവുള്ളതിൽ നിന്ന് അറിവില്ലാത്തതിലേയ്ക്ക് – ഈ രീതിയിലുള്ള വികാസ ക്രമമാണ് പാഠഭാഗത്ത് കാണുക. സംഭാഷണങ്ങളും വിവരണങ്ങളും വഴി ഭാഷാശീലങ്ങളെ കൂടുതൽ ബലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. അനൗപചാരികമായ സംഭാഷണ സന്ദർഭങ്ങളിൽ കാണുന്ന ഭാഷാരീതിയാണ് പരിചപ്പെടുത്തുന്നത്. അവയുടെ വിവരണം പ്രബോധനശാസ്ത്രോൻമുഖമാണ്.

ഈ ഗ്രന്ഥത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാ ഭാഗം ശ്രേണീകൃത ഭാഷാഘടനയെ പരിചയപ്പെടുത്തുന്നു. രണ്ടാം ഭാഗത്തിൽ എഴുത്തു രീതിയെക്കുറിച്ച് പറയുന്നു.

ഒന്നാം ഭാഗത്തിൽ 25 പാഠങ്ങളുണ്ട്. പാഠങ്ങൾ ഘടനാപരമായി വർഗ്ഗീകരിച്ചിരിക്കുന്നു. സംസാരം അംഗീകൃത



മലയാള ലിപിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഠിതാവ് സംസാരിക്കാനും എഴുതാനും ഒരേസമയം പഠിച്ചു തുടങ്ങും എന്നാണ് പ്രതീക്ഷിക്കുന്നത്.

മുകളിൽ കൊടുത്തിട്ടുള്ള വിശദീകരണം ഒരു മാർഗ്ഗ രേഖമാത്രമാണ്. യഥാർത്ഥ പഠനം പഠിതാവിന്റെ സ്വയം പ്രേരണയെയും ആവശ്യകതയെയും ആശ്രയിച്ചിരിക്കുന്നു. ഭാഷാ പഠനം ഒരു അനുഷ്ഠാനം ആയിട്ടെടുക്കരുത്. അതിലുപരി അത് ആനന്ദദായകമായ വിനോദമാണ്. പഠിതാവിന്റെ മുമ്പിലെത്തുന്ന ഓരോ ഘടനയും പദസഞ്ചയവും കൗതുകകരമായ കളിക്കോപ്പായി പരിഗണിക്കപ്പെടണം. തുറന്ന മനസ്സോടെവേണം അവയെ സമീപിക്കുക. അതോടൊപ്പംതന്നെ തന്റെ ചുറ്റുപാടും ശ്രദ്ധിക്കണം. കണ്ടുമുട്ടുന്ന ആളുകളെക്കുറിച്ച് തികഞ്ഞ ബോധവും ജാഗ്രതയും പുലർത്തണം. സങ്കോചം കൂടാതെ സംസാരിക്കാൻ ശ്രമിക്കുന്നതിലൂടെ ഒരു ഭാഷ പഠിക്കാൻ കഴിയും. സംസാരിക്കുമ്പോൾ നിങ്ങളുടെ ഉച്ചാരണരീതിയും തെറ്റായ വാക്യ ഘടനയും കണ്ട് മുറ്റുള്ളവർ ചിരിക്കുമായിരിക്കും. അവരോടൊപ്പം നിങ്ങളും ചിരിക്കുക. പക്ഷെ, മനംമടുത്ത് പിൻമാറാൻ പാടില്ല. അവരുടെ കൂടെച്ചേർന്ന് ചിരിക്കുമ്പോൾത്തന്നെ പുസ്തകത്തിന്റെയും ആളുകളുടെയും സഹായത്തോടെ ശരിയായ രീതി മനസ്സിലാക്കാൻ ശ്രമിക്കുക.

ഈ സ്വയം പഠന സഹായി നിങ്ങളുടെ ആവശ്യത്തിന് ഉതകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രാധാന്യം കണ്ടുകൊണ്ട് മൂലകൃതി പുനഃപ്രസിദ്ധീകരണം ചെയ്യുന്നതോടൊപ്പം ഇതിനെ വ്യത്യസ്ത ഭാഷകളിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച കന്നഡ അഭിവൃദ്ധി പ്രാധികാറയുടെ മുൻ അദ്ധ്യൻ പ്രൊഫ. ബരഗൂരു രാമചന്ദ്രപ്പയ്ക്ക് നന്ദി. കന്നഡ അഭിവൃദ്ധി വിഭാഗത്തിന്റെ അദ്ധ്യക്ഷൻ ബി.എം. ഇദിനപ്പ, സെക്രട്ടറി ശ്രീ പ്രസന്ന, മലയാളത്തിൽ ഈ പുസ്തകം രചിച്ച മോഹന കുംടാർ എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**– ലിംഗദേവറു ഹളെമനെ**

## കന്നഡ അഭിവൃദ്ധി പ്രാധികാറ, ബെംഗളൂറു

1. ശ്രീ ബി.എം. ഇദിനബ്ബ അദ്ധ്യക്ഷൻ

സദസ്യർ

2. ശ്രീ ചി. ശ്രീനിവാസ റാജു
3. ശ്രീ എ.കെ. റാമേശ്വറ
4. ശ്രീ ദൊഡ്ഡറംഗേഗൗഡ
5. ശ്രീ പ്രദീപ്കുമാർ കൽക്കൂറ
6. ശ്രീമതി അന്തന്നൂർ ശോഭ
7. ശ്രീമതി സുകന്യ മാറുതി
8. ശ്രീ ബി.ആർ. ശ്രീനിവാസ മൂർത്തി
9. ശ്രീ എ.വി. പ്രസന്ന (കെ.എ.എസ്. മെമ്പർസെക്രട്ടറി)



## അദ്ധ്യക്ഷൻ സംസാരിക്കുന്നു

കർണ്ണാടകത്തിൽ സ്ഥിരമായി താമസിക്കുന്ന വിവിധ ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ കന്നഡ ഭാഷ പഠിച്ച്, കന്നക്കാരുടെ കൂടെ ചേരണമെന്നതാണ് ഞങ്ങളുടെ ആഗ്രഹം. കന്നഡ നാട്ടിന്റെ എല്ലാ ആനുകൂല്യങ്ങളെയും ഉപയോഗിച്ചുകൊണ്ടു കന്നഡഭാഷയിൽ സംസാരിക്കാതെ, എഴുതാതെ, വായിക്കാതെ, കന്നഡക്കാരുടെ അനുഭാവം കിട്ടുകയില്ല. ആയതുകൊണ്ടു അതുപോലെയുള്ള എല്ലാവർക്കും കന്നഡ ഭാഷ പഠുക്കാൻ എളുപ്പമാകുന്നവിധത്തിൽ കന്നഡ സ്വയം പഠന പുസ്തകം തയ്യാറാക്കി മിതമായ വിലയ്ക്കു നൽകുന്നതിന് കന്നഡ അഭിവൃദ്ധി പ്രാധികാറ തീരുമാനിച്ചിരിക്കുന്നു.

ആദ്യം പ്രൊഫസർ ലിംഗദേവറു ഹളെമനെ അവരുടെ ഇംഗ്ലീഷ് പുസ്തകത്തെ പരിഷ്കരിച്ച് അതിനെ ആധാരമാക്കി തെലുങ്ക്, തമിഴ്, മലയാളം, മറാഠി, ഭാഷകളിലേക്ക് വിവർത്തനം ചെയ്തു. ഈ വിവർത്തനം നിർവ്വഹിച്ച ഡോ. മോഹൻ, പ്രൊഫസർ നഞ്ചുണ്ടൻ, ഡോ. മോഹന കുംടാർ, പ്രൊഫസർ ഡി.എസ്. ചൗഗലെ, പ്രൊഫസർ ലിംഗദേവറു ഹളെമനെ തുടങ്ങിയ എല്ലാ വരോടും കന്നഡ അഭിവൃദ്ധി പ്രാധികാറ കടപ്പെട്ടിരിക്കുന്നു.

കർനാടക നാട്ടിൽ താമസിക്കുന്ന അന്യഭാഷ സംസാരിക്കുന്ന ജനങ്ങൾക്ക് കന്നഡ പഠിച്ച് കന്നഡ ഭാഷയിൽ അഭിമാനം ഉൾകൊണ്ട് മുഖ്യധാരയിൽ ചേരാൻ ഈ പുസ്തകങ്ങൾ സഹായകമാകുമെന്ന് കരുതുന്നു.

ഈ പുസ്തകങ്ങളുടെ പ്രസാധനത്തെക്കുറിച്ച് ചിന്തിച്ച് അതിന് പ്രചോദനം നൽകിയ കന്നഡ അഭിവൃദ്ധി പ്രാധികാറത്തിന്റെ മുൻ അദ്ധ്യക്ഷൻ പ്രൊഫസർ ബറഗൂറു റാമചന്ദ്രപ്പയെ അഭിനന്ദിക്കുന്നു. ഈ ജോലിയിൽ സഹകരിച്ച സെക്രട്ടറി ശ്രീ എ.പി. പ്രന്ന, എന്റെ പേഴ്സണൽ സെക്രട്ടറി ശ്രീ കെ. മുകുന്ദൻ, പ്രാധികാറ സമിതിയിലെ എല്ലാ അംഗങ്ങൾ എന്നിവരെയും അഭിനന്ദിക്കുന്നു. ഈ പ്രസിദ്ധീകരണങ്ങൾ അച്ചടിച്ചു തന്നവരോട് നന്ദി രേഖപ്പെടുത്തികൊണ്ട്, ഇവ കർണ്ണാടകത്തിലെ അന്യഭാഷാ ഭാഷികൾക്ക് ഉപയോഗപ്രദമാക്കട്ടെ എന്ന് ആശംസിക്കുന്നു.

ബെംഗളൂറു
22-07-03

**ബി.എം. ഇദിനബ്ബ**
അദ്ധ്യക്ഷൻ

## രണ്ടാ പതിപ്പിനെ കുറിച്ച്

പുനർമുദ്രണം ചെയ്യപ്പെടുന്ന 'കന്നഡ സ്വയം പഠനം' എന്ന ഈ പുസ്തകം കന്നഡ അഭിവൃദ്ധി പ്രാധികാറ മുമ്പ് പ്രസിദ്ധീകരിച്ചിരുന്നു. ആദ്യ പതിപ്പിന്റെ ചില ഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തീട്ടുണ്ട്. ആദ്യ പതിപ്പിൽ കന്നഡ 'റ' കാരത്തെ മലയാളത്തിൽ 'റ', 'ര' എന്നിവയെ ഉപയോഗിച്ചിരുന്നു. എന്നാൽ ഈ പതിപ്പിൽ 'റ' എന്ന് തന്നെ കന്നഡ 'റ' കാരത്തെ എഴുതിയിരിക്കുന്നു. കൂടാതെ 'കർണാടക' എന്ന പദത്തിന് പകരമായി 'കർനാടക' എന്നും പ്രയോഗിച്ചിട്ടുണ്ട്. ഇവ കന്നഡ ഭാഷയുടെ തനിമയെ മനസ്സിലാക്കുവാൻ സഹായിക്കും എന്ന് കരുതുന്നു.

ഇതിനെ സഹായിച്ച കെ. വി. കുമാരൻ കാസറഗോഡ്, വിവർത്തകന്മാരായ ശ്രീ കെ.വി. കുമാരൻ കാസറഗോഡ്, ശ്രീ പയ്യന്നൂര് കുഞ്ഞിരാമൻ എന്നിവരെ ഈ സമയത്ത് ഞാൻ നന്ദിയോടെ ഓർക്കുന്നു. ഈ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്ന കന്നഡ അഭിവൃദ്ധി പ്രാധികാറയുടെ അദ്ധ്യക്ഷൻ ഡോ. എൽ. ഹനുമന്തയ്യയ്ക്കും മറ്റു ഭാരവാഹികൾക്കും എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഡി.ടി.പി.യും ലേഔട്ടും ചെയ്ത് തന്ന ജയകൃഷ്ണ ഗ്രാഫിക്സിന്റെ ഉടമസ്ഥൻ ശ്രീ രവിശങ്കർ ഇവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഈ രണ്ടാ പതിപ്പിനു വേണ്ട സഹായസഹകരണങ്ങൾ നൽകിയ എല്ലാവർക്കും നന്ദി.

തീയ്യതി 12-07-2016 **ഡോ. മോഹന കുംടാർ**



## അദ്ധ്യക്ഷന്റെ വാക്കുകൾ

കന്നഡ ലോകത്തെ കന്നഡ നാട്ടിൽ എടുത്തു കാണിക്കേണ്ടത് ഇന്നത്തെ ആവശ്യമാണ്. കന്നഡ നാട്ടിൽ അന്യഭാഷക്കാർ ഓട്ടേറെയുണ്ട്. അവരെല്ലാം കർണ്ണാടകത്തിൽ സ്ഥിരതാമസക്കാരായതുകൊണ്ട് നാം അവരെ കർണ്ണാടകക്കാരായിത്തന്നെ കണക്കാക്കുന്നു. അവരുടെ മാതൃഭാഷയോട് നമുക്ക് വിരോധമില്ല. മറിച്ച് സ്നേഹപൂർവ്വം സംരക്ഷിച്ച് പോകുന്നു. ഇവിടുത്തെ മണ്ണിനോടും വെള്ളത്തോടും കടപ്പാടുള്ളതുകൊണ്ട് അവർക്ക് ഇന്നാട്ടുകാരോടു ഇടപാഴക്കേണ്ടതുണ്ട്. നാട്ടു ഭാഷപഠിക്കാനും പ്രയോഗിക്കാനുമുള്ള ഔദാര്യം അവർ കാണിക്കേണ്ടതുണ്ട്. തങ്ങളുടെ ജോലിയിൽ മുഴുകിയിരിക്കുമ്പോൾതന്നെ കന്നഡ പഠിക്കുകയും കന്നഡക്കാരുമായി പാലും പഞ്ചസാരയും പോലെ ഒന്നിച്ച് സാമരസ്യത്തോടെ ജീവിക്കണമെന്നതാണ് നമ്മുടെ ഉദ്ദേശ്യം. ഈ ഉദ്ദേശപൂർത്തിക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥമാണിത്. ഈ പുസ്തകത്തിന്റെ ഉപയോഗം ബഹുമുഖമാണ്. ഇതിന്റെ സഹായത്തോടെ കന്നഡ പഠിച്ച് സമൂഹത്തിൽ പ്രയോഗിക്കാൻ സാധ്യമാക്കും. കന്നഡക്കാരല്ലാത്തവർ കന്നഡ പഠിക്കുന്നതോടെ കന്നഡക്കാരായിത്തീരും. കന്നഡ സംസാരത്തെ പരിചയപ്പെടുന്നതോടെ ഈ നാട്ടിലെ ജനങ്ങളുമായി നല്ല ബന്ധം വളർത്തിയെടുക്കാവുന്നതാണ്. നാം ജീവിക്കുന്ന നാട്ടിലെ ഭാഷ പഠിക്കുന്നതുമൂലം അവിടുത്തെ ജീവിത സൗന്ദര്യത്തെ ആസ്വദിക്കാവുന്നതാണ്. അതെല്ലെങ്കിൽ തങ്ങളുടെതായ ഒരു പ്രത്യേക ദ്വീപ് പണിയേണ്ടി വരും. ഇത്തരം വിശാല വീക്ഷണമാണ് ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന്റെ പിന്നിലുള്ളത്.

പ്രൊ. ലിംഗദേവരു ഹളെമനെയെ ഈ സന്ദർഭത്തിൽ സ്മരിക്കുന്നുണ്ട്. ഇവരുടെ ശ്രമക്കൊണ്ടാണ് ഈ പുസ്തകം രൂപക്കൊണ്ടത്. ആവശ്യമിണ്ടെടുത്തെല്ലാം വിവർത്തകർ പരിഷ്കരിച്ച് ഇത് തെലുഗു, തമുള്, മലയാളം, മറാഠി ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഈ വിവർത്തനം ചെയ്തവർ ക്രമമായി ഡോ. മോഹൻ, പ്രൊ. നംജുണ്ടൻ, പ്രൊ. മോഹന കുംടാർ, പ്രൊ. ഡി.എസ്. ചൗഗലെ എന്നിവരാണ്. ഇവരെല്ലാവർക്കും പ്രാധികാരത്തിന്റെ നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥം പ്രസാദനത്തെ ആരംഭിച്ച അന്നത്തെ അദ്ധ്യക്ഷനായിരുന്ന പ്രൊ. ബറഗൂറു റാമചന്ദ്രപ്പയ്ക്കും അതിന് ശേഷം അദ്ധ്യക്ഷന്മാരായിരുന്ന ശ്രീ ഇദിനബ്ബ, ശ്രീ മുഖ്യമന്ത്രി ചന്ദ്രു അവർകൾക്കും, പ്രകാശനത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിച്ച പ്രാധികാറയുടെ സെക്രട്ടറി ഡോ. കെ. മുറളീധര മറ്റുള്ള എല്ലാ ഭാരവാഹികൾക്കും നന്ദി.

തീയ്യതി 01-01-2016 **ഡോ. എൽ. ഹനുമന്തയ്യ**

# ഉള്ളടക്കം


ആമുഖം iii-vi

## ഭാഗം – 1

| | | |
|---|---|---|
| **പാഠം 1** | പുരുഷാർത്ഥക സർവനാമങ്ങളും അവയുടെ സംബന്ധികാ രൂപങ്ങളും | 1 – 7 |
| **പാഠം 2** | പുരുഷാർത്ഥക സർവനാമങ്ങളും അവയുടെ സംബന്ധികാ രൂപങ്ങളും 'അതെ' 'അല്ല' മാതൃകയിലുള്ള ചോദ്യരൂപങ്ങളും | 8 – 15 |
| **പാഠം 3** | നാമങ്ങളും സംബന്ധികാ രൂപങ്ങളും | 16 – 22 |
| **പാഠം 4** | ഗുണപരവും പരിമാണപരവുമായ വിശേഷണങ്ങൾ | 23 – 29 |
| **പാഠം 5** | സർവ്വനാമം, നാമവിശേഷണ നാമം എന്നിവയുടെ ആഖ്യാത രൂപങ്ങളും | 30 – 40 |
| **പാഠം 6** | ഉദ്ദേശികാ വിഭക്തി, സംഖ്യാവാചകങ്ങൾ | 41 – 52 |
| **പാഠം 7** | സംഖ്യാ വിശേഷണം, ബഹുവചനം, പുരുഷാർത്ഥങ്ങളുടെ സംഖ്യാരൂപങ്ങൾ | 53 – 62 |
| **പാഠം 8** | വർണ സൂചക വിശേഷണങ്ങൾ, മാതൃകാ ക്രിയാ രൂപങ്ങൾ, 'ഇല്ല' എന്ന ക്രിയാനിഷേധം | 63 – 71 |
| **പാഠം 9** | ഇറു എന്ന അഭൂതക്രിയാ രൂപങ്ങളും നീഷേധ രൂപങ്ങളും | 72 – 79 |
| **പാഠം 10** | വിധായകം, അനുജ്ഞാകം, നിയോജകം, പ്രധാന ക്രിയയുടെ അഭൂതകാല രൂപം – 'അന്നു' എന്ന പ്രതിഗ്രാഹികാ വിഭക്തിരൂപം | 80 – 90 |
| **പാഠം 11** | ഇംത എന്ന തുലനാത്മക പ്രത്യയം, ഇംത – കാരണാർത്ഥത്തിലും അധികരണാർത്ഥത്തിലും | 91 – 98 |

**പാഠം 12** ക്രിയാനാമം, സംഭാവ്യതാ സൂചകം, ഇംദ - കരണാർത്ഥത്തിലും അധികരണാർത്ഥത്തിലും 99 - 108

**പാഠം 13** ഇസു ചേർന്ന ക്രിയാരൂപങ്ങളും, കാര്യകാരണ ബന്ധ സൂചകങ്ങളും 109 - 117

**പാഠം 14** ഭൂതകാലം - ദ, ത, നിഷേധ രൂപം 118 - 128

**പാഠം 15** ഭൂതകാലം, ക, ത, ദ, ഇദ്, ഇവയുടെ നിഷേധ രൂപങ്ങൾ, അന്യാഖ്യാന സംഭാഷണങ്ങൾ. 129 - 140

**പാഠം 16** ഭൂതകാല കൃദന്ത രൂപവും, അവയുടെ നിഷേധവും141 - 150

**പാഠം 17** തുടർച്ചാ രൂപങ്ങളും, (സാതത്യരൂപം) അവയുടെ നിഷേധ രൂപങ്ങളും 151 - 159

**പാഠം 18** പൂർണ രൂപങ്ങളും അവയുടെ നിഷേധ രൂപങ്ങളും. 160 - 167

**പാഠം 19** സംബന്ധ സൂചക കൃദന്തങ്ങൾ, കൃദന്ത നാമം അവയുടെ നിഷേധം. 168 - 187

**പാഠം 20** ലഘു ഉപാധിപരവും, അവയുടെ നിഷേധങ്ങളും. 188 - 195

**പാഠം 21** അപൂർണ ഭൂത ഉപാധിപരവും, അവയുടെ നിഷേധവും പാക്ഷിക വിനയച്ചരൂപവും 196 - 203

**പാഠം 22** വായനാഭ്യാസം 204 - 211

**പാഠം 23** വായനാഭ്യാസം 212 - 216

**പാഠം 24** വായനാഭ്യാസം 217 - 220

**പാഠം 25** വായനാഭ്യാസം 221 - 224


**ഭാഗം - 2**


കന്നഡ ലിപി 225 - 244




# കന്നഡ സ്വയം പഠനം

# പാഠം – 1

## പുരുഷാർത്ഥക സർവ്വനാമങ്ങളും അവയുടെ സബന്ധികാ രൂപങ്ങളും

### 1. സംഭാഷണങ്ങൾ

| | കന്നഡ | മലയാളം |
|---|---|---|
| മനോഹർ : | നമസ്കാര, സാർ. | നമസ്കാരം സാർ |
| മഹാദേവ : | നമസ്കാര, നീവു യാറു? | നമസ്കാരം. നിങ്ങൾ ആരാണ്? |
| മനോഹർ : | നാനു ഒബ്ബ കന്നഡ വിദ്യാർത്ഥി. | ഞാൻ ഒരു കന്നഡ വിദ്യാർത്ഥിയാണ്. |
| മഹാദേവ : | നിമ്മ ഹെസറു ഏനു? | നിങ്ങളുടെ പേര് എന്താണ്? |
| മനോഹർ : | നന്ന ഹെസറു മനോഹർ. നീവു യാറു സാർ? | എന്റെ പേര് മനോഹർ. താങ്കൾ ആരാണ് സാർ? |
| മഹാദേവ : | നാനു കന്നഡ അധ്യാപക. | ഞാൻ കന്നഡ അധ്യാപകനാണ്. |
| മനോഹർ : | നിമ്മ ഹെസറു ഏനു സാർ? | നിങ്ങളുടെ പേര് എന്താണ് സാർ? |
| മഹാദേവ : | നന്ന ഹെസറു മഹാദേവ. നിമ്മ രാജ്യ | എന്റെ പേര് മഹാദേവ. നിങ്ങളുടെ സംസ്ഥാനം |

| | | |
|---|---|---|
| | യാവുദു സാർ? | ഏതാണ് സാർ? |
| മനോഹർ : | നന്ന റാജ്യ തമിളുനാഡു. | എന്റെ സംസ്ഥാനം തമിഴ്നാടാണ്. |
| മഹാദേവ : | നിമ്മ മാതൃഭാഷെ യാവുദു? | നിങ്ങളുടെ മാതൃഭാഷ എന്താണ്? |
| മനോഹർ : | നന്ന മാതൃഭാഷെ തമിളു. ഇവറു യാറു സാർ? | എന്റെ മാതൃഭാഷ തമിഴാണ്. ഇവർ ആരാണ് സാർ? |
| മഹാദേവ : | ഇവറു കന്നഡ അധ്യാപകി. | ഇവർ കന്നഡ അധ്യാപികയാണ്. |
| മനോഹർ : | ഇവറ ഹെസരു ഏനു സാർ? | ഇവരുടെ പേർ എന്താണ് സാർ? |
| മഹാദേവ : | ഇവറ ഹെസറു ശീല. അവറു യാറു? | ഇവരുടെ പേർ ശീല. അദ്ദേഹം ആരാണ്? |
| മനോഹർ : | അവറു റോബർട്ട്. നന്ന സ്നേഹിതറു. | അദ്ദേഹം റോബർട്ട്. എന്റെ സ്നേഹിതൻ. |

പ്രത്യേക സൂചന : ഉച്ചാരണ സംബന്ധമായ ചില പ്രത്യേകതകൾ:

ര, റ, ഴ, ള } മലയാളത്തിൽ പ്രത്യേകം ഉച്ചാരണങ്ങളും ഉണ്ട്. എന്നാൽ ആധുനിക കന്നഡയിൽ പ്രത്യേക ലിപികളോ ഉച്ചാരണങ്ങളോ ഇല്ല.

റ്റ – ഇതിനു തുല്യമായ കന്നഡ ലിപിയോ ഉച്ചാരണമോ ഇല്ല.

ന – എന്ന ലിപിക്ക് മലയാളത്തിൽ രണ്ടുതരം ഉച്ചാരണങ്ങളുണ്ട്. പദാദിയിലും ഇടയ്ക്കും ഉച്ചാരണം വ്യത്യസ്തമാകുന്നു.

ഉദാ : 'നനയുക' – ഇവിടെ ആദ്യത്തെ നയുടെ ഉച്ചാരണമല്ല രണ്ടാമത്തേതിന്. പക്ഷെ കന്നഡയിൽ ഈ വ്യത്യാസം ഇല്ല.

മലയാളത്തിൽ ക, ച, ട, ത, പ എന്നീ വർഗ്ഗാക്ഷരങ്ങൾ, ഗ, ജ, ഡ, ദ, ബ പോലെ ഉച്ചാരിക്കാറുണ്ട്. എന്നാൽ കന്നഡയിൽ ക, ച, ട, ത, പ ഇവയെ ക, ച, ട, ത, പ എന്നു തന്നെ ഉച്ചരിക്കണം.



## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | നീവു യാറു? | നിങ്ങൾ ആരാണ്? |
| | അവറു യാറു? | അയാൾ ആരാണ്? |
| | ഇവറു യാറു? | ഇയാൾ ആരാണ്? |
| 2.2 | നാനു അധ്യാപക. | ഞാൻ അധ്യാപകനാണ്. |
| | അവറു വൈദ്യറു. | അയാൾ വൈദ്യനാണ്. |
| | ഇവറു ഗുമാസ്ത. | ഇയാൾ ക്ലർക്കാണ്. |
| | അവറു ലേഖകി. | അവർ എഴുത്തുകാരിയാണ്. |
| | നാനു വ്യാപാരി. | ഞാൻ കച്ചവടക്കാരനാണ്. |
| 2.3 | നിമ്മ ഹെസറു ഏനു? | നിങ്ങളുടെ പേരെന്താണ്? |
| | അവറ ഹെസറു ഏനു? | അവരുടെ പേരെന്താണ്? |
| | ഇവറ ഹെസറു ഏനു? | ഇവരുടെ പേരെന്താണ്? |
| 2.4 | നന്ന ഹെസറു മോഹൻ. | എന്റെ പേര് മോഹൻ. |
| | അവറ ഹെസറു കമല. | അവരുടെ പേര് കമല. |
| | ഇവറ ഹെസറു രാജു. | ഇവരുടെ പേര് രാജു. |
| 2.5 | അവറ ഊറു യാവുദു? | അവരുടെ നാട് എതാണ്? |
| | ഇവറ രാജ്യ യാവുദു? | ഇവരുടെ സംസ്ഥാനം ഏതാണ്? |
| | നമ്മ ജില്ലെ യാവുദു? | നമ്മുടെ ജില്ല ഏതാണ്? |
| 2.6 | നന്ന ദേശ ഭാരത. | എന്റെ രാജ്യം ഭാരമാണ്. |
| | നന്ന രാജ്യ കർനാടക. | എന്റെ സംസ്ഥാനം കർണ്ണാടകമാണ്. |
| | അവറ ഊറു മൈസൂറു. | അവരുടെ നാട് മൈസൂരാണ്. |
| | ഇവറ ജില്ലെ തുമകൂറു. | ഇവരുടെ ജില്ല തുമകൂർ ആണ്. |
| 2.7 | അവറു നന്ന സ്നേഹിത. | അദ്ദേഹം എന്റെ സ്നേഹിതനാണ്. |
| | അവറു നന്ന സ്നേഹിതെ. | അവർ എന്റെ സ്നേഹിതയാണ്. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 'നമസ്കാരം' എന്നത് വ്യക്തികൾ കണ്ടുമുട്ടുമ്പോഴുള്ള അഭിവാദ്യ വാചകമാണ്.

3.2 'നാമ'ങ്ങൾ ഉൾകൊള്ളുന്ന ലഘുവാക്യങ്ങളെ പരിചപ്പെടുത്തുന്നതാണ് ഈ പാഠം. ഇംഗ്ലീഷിലുള്ളതുപോലെ സംയോജക ക്രിയാപദങ്ങൾ കന്നഡയിൽ ഇല്ല. ആകുന്നു (ആണ്) എന്നത് മലയാളത്തിലെ സംയോജക ക്രിയാപദമാണ്. വാക്യത്തിന്റെ അവസാനമാണ് ക്രിയാപദം ചേരുന്നത്. കന്നഡയിൽ സംയോജക ക്രിയാപദം ലഘുവാക്യങ്ങളിൽ പ്രത്യേകം ചേർക്കേണ്ടതില്ല.

| | |
|---|---|
| നീവു യാറു? | നിങ്ങൾ ആരാണ്? |
| നാനു വിദ്യാർത്ഥി | ഞാൻ വിദ്യാർത്ഥിയാണ്. |
| അവറു വിദ്യാർത്ഥിനി | അവർ വിദ്യാർത്ഥിനിയാണ്. |

3.3 'യാറു', (ആര്) - ഇത് മുനുഷ്യരെ സംബന്ധിക്കുന്ന ചോദ്യ സൂചക പദമാണ്.

'ഏനു', (എന്ത്) - ഇത് വസ്തുകളെ സംബന്ധിക്കുന്നു ചോദ്യ സൂചക പദമാണ്.

| | |
|---|---|
| നീവു യാറു? | നിങ്ങൾ ആരാണ്? |
| നിമ്മ ഹെസറു ഏനു? | നിങ്ങളുടെ പേരെന്താണ്? |

3.4

| | | |
|---|---|---|
| നാനു | ഞാൻ | ഉത്തമ പുരുഷ എകവചനം |
| നീവു | നിങ്ങൾ | മധ്യമ പുരുഷ ബഹുവചനം, പൂജക ബഹുവചനം |
| അവറു | അവർ | പ്രഥമ പുരുഷ ബഹുവചനം, പൂജക ബഹുവചനം |
| ഇവറു | ഇവർ | പ്രഥമ പുരുഷ ബഹുവചനം, പൂജക ബഹുവചനം |

ഇവ പുരുഷാർത്ഥക സർവ്വനാമങ്ങളാണ്. ബഹുവചനത്തിലും പൂജകബഹുവചനത്തിലും, പ്രഥമ പുരുഷനിൽ ലിംഗ ഭേദമില്ല.



ശ്രദ്ധിക്കുക : ഈ പുസ്തകത്തിൽ ഇംഗ്ലീഷിലേതു പോലെ ഉത്തമ പുരുഷ (First Person), മധ്യമ പുരുഷ (Second Person), പ്രഥമ പുരുഷ (Third Person), എന്ന് പ്രയോഗിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഞാൻ, ഞങ്ങൾ | – | ഉത്തമ പുരുഷൻ |
| നീ, നിങ്ങൾ | – | മധ്യമ പുരുഷൻ |
| അവർ, അദ്ദേഹം, അയാൾ | – | പ്രഥമ പുരുഷൻ |

3.5 സർവ്വനാമപദത്തോട് 'അ' എന്ന് ചേർത്താൽ സംബന്ധികാ വിഭക്തി രൂപം ഉണ്ടാക്കാം.

| | | | | |
|---|---|---|---|---|
| നാനു | + അ | = | നന്ന | 'എന്റെ' |
| നീവു | + അ | = | നിമ്മ | 'നിങ്ങളുടെ' |
| അവറു | + അ | = | അവറ | 'അയാളുടെ,' 'അദ്ദേഹത്തിന്റെ' |
| ഇവറു | + അ | = | ഇവറ | 'ഇവരുടെ'(ഇദ്ദേഹത്തിന്റെ) |

3.6 'യാവുദു' (ഏത്) - വസ്തുക്കളെ സംബന്ധിക്കുന്ന ചോദ്യസൂചക പദമാണ്.

## 4. അഭ്യാസം

**4.1 ആവരണത്തിൽ കൊടുത്തിരിക്കുന്ന മലയാള പദങ്ങൾക്ക് തുല്യമായ കന്നഡ പദങ്ങളെക്കൊണ്ട് വിട്ടഭാഗം പൂരിപ്പിക്കുക.**

4.1.1 രാജ നന്ന ............................... (സ്നേഹിതൻ)

4.1.2 അവറ ............................... തമിളു (മാതൃഭാഷ)

4.1.3 ............................... ഹെസറു കമല (എന്റെ)

4.1.4 അവറ രാജ്യ ............................... ? (ഏത്)

**4.2 വിട്ട ഭാഗം പൂരിപ്പിക്കുക.**

4.2.1 നിമ്മ ഹെസറു ............................... ?

4.2.2 അവറ ഹെസറു ............................... ?

4.2.3 നീവു ............................... ?

4.2.4 ഇവറു കന്നഡ ............................... ?

**4.3. 'നാനു' എന്നത് 'നന്ന' ആകുമെങ്കിൽ താഴെ കൊടുത്തവ എന്താകും?**

4.3.1 നീവു .........................

4.3.2 അവറു .........................

4.3.3 ഇവറു .........................

**4.4 സ്വന്തം വാതൃത്തിൽ പ്രയോഗിക്കുക.**

4.4.1 അധ്യാപകി

4.4.2 റാജ്യ

4.4.3 ഹെസറു

4.4.4 നാനു

**4.5 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.5.1 ഞാൻ കന്നഡ വിദ്യാർഥിയാണ്.

4.5.2 ഗോപാലൻ എന്റെ സ്നേഹിതനാണ്.

4.5.3 കേരളം എന്റെ സംസ്ഥാനമാണ്.

4.5.4 അവളുടെ പേര് ജയ എന്നാണ്.

**4.6 കന്നഡയിൽ ഉത്തരം പറയുക.**

4.6.1 നിങ്ങൾ ആരാണ്?

4.6.2 നിങ്ങളുടെ പേരെന്താണ്?

4.6.3 നിങ്ങളുടെ രാജ്യം ഏതാണ്?

4.6.4 നിങ്ങളുടെ സംസ്ഥാനം ഏതാണ്?

4.6.5 നിങ്ങളുടെ ജില്ല ഏതാണ്?

4.6.6 നിങ്ങളുടെ നാട് ഏതാണ്?

4.6.7 നിങ്ങളുടെ മാതൃഭാഷ ഏതാണ്?



## 5. പദസഞ്ചയം

| | |
|---|---|
| അധ്യാപക | അധ്യാപകൻ |
| അധ്യാപകി | അധ്യാപിക |
| അവറ | അയാളുടെ, അവരുടെ, അദ്ദേഹത്തിന്റെ |
| അവറു | അയാൾ, അവർ, അദ്ദേഹം |
| ഇവറ | ഇയാളുടെ,ഇവരുടെ,ഇദ്ദേഹത്തിന്റെ |
| ഇവറു | ഇവർ/ഇയാൾ |
| ഏനു | എന്ത് |
| നന്ന | എന്റെ |
| നമസ്കാറ | നമസ്കാരം |
| നാനു | ഞാൻ |
| നിമ്മ | നിങ്ങളുടെ |
| നീവു | നിങ്ങൾ |
| മാതൃഭാഷെ | മാതൃഭാഷ |
| യാറു | ആരാണ് |
| യാവുദു | ഏത്/ഏതാണ് |
| രാജ്യ | സംസ്ഥാന |
| വിദ്യാർത്ഥി | വിദ്യാർത്ഥി |
| സ്നേഹിത | സ്നേഹിതൻ |
| ഹെസറു | പേർ |

**5.1 അനുബന്ധ പദസഞ്ചയം**

| | |
|---|---|
| ഗുമാസ്ത | ക്ലാർക്ക് |
| ജില്ലെ | ജില്ല |
| ദേശ | രാജ്യം |
| ലേഖകി | എഴുത്തുകാരി (ലേഖിക) |
| വൈദ്യ | വൈദ്യൻ |
| വ്യാപാരി | കച്ചവടക്കാരൻ |
| സ്നേഹിതെ | കൂട്ടുക്കാരി, സ്നേഹിത |

# പാഠം – 2

## പുരുഷാർത്ഥക സർവ്വനാമങ്ങളും അവയുടെ സബന്ധികാ രൂപങ്ങളും അതെ/അല്ല മാതൃകയിലുള്ള ചോദ്യോത്തരങ്ങളും

### 1. സംഭാഷണങ്ങൾ

| കന്നഡ | മലയാളം |
|---|---|
| മനോഹർ : ഇദു യാവ പുസ്തക? | ഇത് ഏത് പുസ്തകമാണ്? |
| ഗോപാൽ : ഇദു ഒംദു കാദംബരി. | ഇത് ഒരു നോവലാണ്. |
| മനോഹർ : ഇദറ ഹെസറു ഏനു? | ഇതിന്റെ പേര് എന്താണ്? |
| ഗോപാൽ : ഇദറ ഹെസറു ചിരസ്മരണെ. | ഇതിന്റെ പേര് ചിരസ്മരണ എന്നാണ്. |
| മനോഹർ : ഇദു യാറ കാദംബരി? | ഇത് ആരുടെ നോവലാണ്? |
| ഗോപാൽ : ഇദു നിരംജന അവറ കാദംബരി | ഇത് നിരഞ്ജന എന്നാളുടെ നോവലാണ്. |
| മനോഹർ : ഇദു നിന്ന പുസ്തകാനോ? | ഇത് നിന്റെ പുസ്തകമാണോ? |
| ഗോപാൽ : അല്ല. ഇദു നന്ന പുസ്തക അല്ല. ഇദു നന്ന സ്നേഹിത അശോക അവറ പുസ്തക. | അല്ല. ഇത് എന്റെ പുസ്തകമല്ല. ഇത് എന്റെ സ്നേഹിതൻ അശോകന്റെ പുസ്തമാണ്. |



| | |
|---|---|
| മനോഹർ : അദു യാറ പെന്നു? നിന്ന പെന്നാ? | അതാരുടെ പേനയാ? നിന്റെ താണോ? |
| ഗോപാൽ : ഹൗദു. അദു നന്ന പെന്നു. | അതെ. അത് എന്റെ പേനയാണ്. |
| മനോഹർ : അദറ ഹെസറു ഏനു? | അതിന്റെ പേരെന്താണ്? |
| ഗോപാൽ : അദറ ഹെസറു ഹീറോ. | അതിന്റെ പേര് ഹീറോ എന്നാണ്. |

#### 1.1 സംഭാഷണങ്ങൾ

| | |
|---|---|
| മനോഹർ : നീനു യാറപ്പാ? | നീ ആരാണ്? |
| മോഹൻ : നാനു ആനന്ദ അവറ മഗ. | ഞാൻ ആനന്ദന്റെ മകനാണ്. |
| മനോഹർ : നിന്ന ഹെസറു ഏനു? | നിന്റെ പേരെന്താണ്? |
| മോഹൻ : നന്ന ഹെസറു മോഹൻ | എന്റെ പേര് മോഹൻ. |
| മനോഹർ : ഇവനു യാറു? നിന്ന തമ്മനാ? | ഇവൻ ആരാണ്? നിന്റെ അനുജനാണോ? |
| മോഹൻ : അല്ല. ഇവറു നന്ന തമ്മ അല്ല. ഇവറു നന്ന അണ്ണ | അല്ല. ഇദ്ദേഹം എന്റെ അനുജനല്ല. എന്റെ ജ്യേഷ്ഠനാണ്. |
| മനോഹർ : ഇവന ഹെസറു ഏനു? | ഇവന്റെ പോരെന്താണ്? |
| മോഹൻ : ഇവന ഹെസറു സുറേശ് | ഇവന്റെ പേര് സുരേശ്. |
| മനോഹർ : അവനു യാറു? | അവൻ ആരാണ്? |
| മോഹൻ : അവനു നന്ന സ്നേഹിത. | അവൻ എന്റെ സ്നേഹിതനാണ്. |
| മനോഹർ : അവന ഹെസറു ഏനു? | അവന്റെ പേരെന്താണ്? |
| മോഹൻ : അവന ഹെസറു രാജു. | അവന്റെ പേര് രാജു എന്നാണ്. |
| മനോഹർ : ആ ഹുഡുഗി യാറു? | ആ പെൺകുട്ടി ആരാണ്? |
| മോഹൻ : അവളു നന്ന തംഗി. | അവൾ എന്റെ അനുജത്തിയാണ്. |

| | |
|---|---|
| മനോഹർ : അവള ഹെസറു ഏനു? | അവളുടെ പേരെന്താണ്? |
| മോഹൻ : അവള ഹെസറു കമല. | അവളുടെ പേര് കമല എന്നാണ്. |
| മനോഹർ : ഈ ഹുഡുഗി യാറു? നിന്ന തംഗീനോ? | ഈ പെൺകുട്ടി ആരാണ്? നിന്റെ അനുജത്തിയാണോ? |
| മോഹൻ : ഇവളു നന്ന തംഗി അല്ല. ഇവളു നന്ന അക്ക. | അല്ല. ഇവൾ എന്റെ അനുജത്തിയല്ല. ഇവൾ എന്റെ ചേച്ചിയാണ്. |
| മനോഹർ : ഇവള ഹെസറു ഏനു? | ഇവളുടെ പേരെന്താണ്? |
| മോഹൻ : ഇവള ഹെസറു ലലിത. | ഇവളുടെ പേര് ലലിത എന്നാണ്. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ഇദു യാവ പുസ്തക? | ഇത് ഏത് പുസ്തകമാണ്? |
| | അദു യാവ കാലേജു? | അത് ഏത് കോളേജാണ്? |
| 2.2 | ഇദു കവന. | ഇത് കവിതയാണ്. |
| | അദു കഥെ. | അത് കഥയാണ്. |
| 2.3 | ഇദറ ഹെസറു ഏനു? | ഇതിന്റെ പേര് എന്താണ്? |
| | അദറ ഹെസറു ഏനു? | അതിന്റെ പേര് എന്താണ്? |
| 2.4 | ഇദു ചദുറംഗ അവര കഥെ. | ഇദു ചദുരംഗ എന്നയാളുടെ കഥയാണ്. |
| | അദു ഭൈറപ്പ അവറ മനെ. | അത് ഭൈരപ്പ എന്നയാളുടെ വീടാണ്. |
| 2.5 | ഇദു നിന്ന അംഗീനോ? | ഇത് നിന്റെ ഷർട്ടാണോ? |
| | അദു അവറ മനേനാ? | അത് അവരുടെ വീടാണോ? |
| 2.6 | ഹൗദു. ഇദു നന്ന പുസ്തക. | അതെ. ഇത് എന്റെ പുസ്തകമാണ്. |
| | ഹൗദു. ഇദു അവറ മനെ. | അതെ. ഇത് അവരുടെ വീടാണ്. |
| 2.7 | അല്ല. ഇദു അവറ പെന്നു അല്ല. | അല്ല. ഇത് അവരുടെ പേന അല്ല. |



| | | |
|---|---|---|
| | അല്ല, അദു നന്ന കാറു അല്ല. | അല്ല അത് എന്റെ കാർ അല്ല. |
| 2.8 | നീനു യാറു? | നീ ആരാണ്? |
| | നിന്ന ഹെസറു ഏനു? | നിന്റെ പേര് എന്താണ്? |
| 2.9 | ഇവനു യാറു? | ഇവനാരാണ്? |
| | ഇവനു ജവാന. | ഇവൻ വേലക്കാരനാണ്. |
| | ഇവന ഹെസറു ഏനു? | ഇവന്റെ പേര് എന്താണ്? |
| | ഇവന ഹെസറു നംജപ്പ. | ഇവന്റെ പേര് നഞ്ചപ്പ. |
| 2.10 | അവനു യാറു? | അവനാരാണ്? |
| | അവനു കാവലുഗാറ. | അവൻ കാവൽക്കാരനാണ്. |
| | അവന ഹെസറു റാമയ്യ | അവന്റെ പേര് രാമയ്യ എന്നാണ്. |
| 2.11 | അവളു യാറു? | അവളാരാണ്? |
| | അവളു ജവാനി. | അവൾ വേലക്കാരിയാണ്. |
| | അവള ഹെസറു ലക്ഷ്മി. | അവളുടെ പേര് ലക്ഷ്മി എന്നാണ്. |
| 2.12 | ഇവളു യാറു? | ഇവൾ ആരാണ്? |
| | ഇവളു നന്ന തംഗി. | ഇവൾ എന്റെ അനുജത്തിയാണ്. |
| 2.13 | ഇവനു നിന്ന തമ്മനാ? | ഇവൻ നിന്റെ അനുജനാണോ? |
| | അല്ല. അവനു നന്ന തമ്മ അല്ല. | അല്ല. അവൻ എന്റെ അനുജനല്ല. |
| | ഇവനു നന്ന അണ്ണ. | ഇവൻ എന്റെ ജ്യേഷ്ഠനാണ്. |
| 2.14 | അവളു നിന്ന അക്കനാ? | അവൾ നിന്റെ ജ്യേഷ്ഠത്തിയാണോ? |
| | ഹൗദു, അവളു നന്ന അക്ക. | അതെ, അവൾ എന്റെ ജ്യേഷ്ഠത്തിയാണ്. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 ഇദു (ഇത്) - പ്രഥമ പുരുഷ ഏകവചന നപുംസകലിംഗം.

അദു (അത്) - പ്രഥമ പുരുഷ ഏകവചന നപുംസകലിംഗം.

ഈ സർവ്വനാമങ്ങൾ വസ്തുക്കളെ സൂചിപ്പിക്കുന്നു.

| | |
|---|---|
| ഇദു കുർച്ചി. | ഇത് കസേര. |
| അദു മറ. | അത് മരം. |

3.2 നപുംസക സർവ്വനാമങ്ങളോട് 'അ' എന്നു ചേർത്ത് സംബന്ധികാരൂപം ഉണ്ടാക്കാം

| | | |
|---|---|---|
| അദു + അ | = അദറ | അതിന്റെ |
| ഇദു + അ | = ഇദറ | ഇതിന്റെ |

ഇവിടെ 'റ'കാരം ആഗമിക്കും. സർവ്വനാമത്തിന്റെ അവസാനത്തെ 'ഉ'കാരം ലോപിക്കും.

3.3 അതെ/അല്ല (വിധി/നിഷേധ രൂപങ്ങൾ) എന്ന ഉത്തരം കിട്ടാൻ നാമത്തോട് 'അ' എന്ന ചോദ്യ പ്രത്യയം ചേർക്കണം.

| | | |
|---|---|---|
| 3.3.1 | കാദംബറി + അ = കാദംബറിനാ? (കാദംബറിയാ?) | നോവലാണോ? |
| | മനെ + അ = മനേനാ? (മനെയാ?) | വീടാണോ? |
| | സീതെ + അ = സീതേനാ? (സീതെയാ?) | സീതയാണോ? |
| 3.3.2 | പെന്നു + അ = പെന്നാ (പെന്നാ) | പെന്നാണോ? |
| | അവറു + അ = അവറോ? (അവറാ?) | അവരാണോ? |
| 3.3.3 | മഗ + അ = മഗാനോ? (മഗനാ?) | മകനാണോ? |
| | രാമ + അ = റാമനോ? (റാമനാ?) | രാമനാണോ? |
| | കമല + അ = കമലാനോ? (കമലനാ?) | കമലയാണോ? |

3.4 'ഹൗദു' 'അതെ' – ചോദ്യത്തിന്റെ വിധിരൂപത്തിലുള്ള ഉത്തരം. 'ഹൗദു/അല്ലവാ' (അതെയോ/അല്ലയോ) എന്നും ചോദ്യരൂപം ഉണ്ടാക്കാം.

'അല്ല' - എന്നതു നിഷേധരൂപം.

| | | | |
|---|---|---|---|
| 3.5 | നീനു | = നീ | മധ്യമ പുരുഷ എകവചനം. |
| | ഇവനു | = ഇവൻ | പ്രഥമ പുരുഷ പുല്ലിംഗ ഏകവചനം. |
| | അവനു | = അവൻ | പ്രഥമ പുരുഷ പുല്ലിംഗ ഏകവചനം. |
| | ഇവളു | = ഇവൾ | പ്രഥമ പുരുഷ സ്ത്രീലിംഗ എകവചനം. |
| | അവളു | = അവൾ | പ്രഥമ പുരുഷ സ്ത്രീലിംഗ ഏകവചനം. |



3.6 ആത, ഈത, ആകെ, ഈകെ – ഈ രൂപങ്ങൾ അവനു, ഇവനു, അവളു, ഇവളു ഇവയ്ക്ക് പകരം ഉപയോഗിക്കറുണ്ട്. സർവ്വനാമങ്ങളോട് 'അ' ചേർത്ത് സംബന്ധികാരൂപങ്ങൾ ഉണ്ടാക്കുന്നു.

| | | |
|---|---|---|
| നീ + അ | = നിന്ന | നിന്റെ |
| ഇവനു + അ | = ഇവന | ഇവന്റെ |
| അവനു + അ | = അവന | അവന്റെ |
| ഇവളു + അ | = ഇവള | ഇവളുടെ |
| അവളു + അ | = അവള | അവളുടെ |

3.7 അപരിചിതരെയും, സുഹൃത്തുകളെയും, കീഴിൽ ജോലി ചെയ്യുന്നവരെയും 'അപ്പാ' എന്നു സംബോധന ചെയ്യുന്നു. ഇതിന്റെ സ്ത്രീലിംഗ രൂപമാണ് 'അമ്മാ'.

3.8 അദു, ആ, ഇദു, ഈ, ഇവ (അത്, ആ, ഇത്, ഈ എന്ന അർത്ഥം വരുന്ന) വിവേചക സർവ്വനാമങ്ങളാണ്. വിശേഷണമായും വിവേചക സർവ്വനാമമായും ഉപയോഗിക്കാം എന്നത് ശ്രദ്ധിക്കുക.

| | |
|---|---|
| അദു മനെ | അത് വീട് |
| ആ മനെ | ആ വീട് |

## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 ഇദു നിരംജന അവറ ..................................

4.1.2 ഇന്ദിരാഗാന്ധി അവറ .................................. രാജീവ് ഗാന്ധി.

4.1.3 .................................. ഹെസറു ചിരസ്മരണെ.

4.1.4 .................................. അദു നന്ന പുസ്തക.

**4.2 ആവണത്തിൽ കൊടുത്തിരിക്കുന്ന പദങ്ങളുടെ ശരിയായ രൂപങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.2.1 അദു .................................. കാറു. (അവനു)

4.2.2 ഇദു .................................. ആഫീസു. (യാരു)

4.2.3 അവളു നിന്ന .................................. ? (തംഗി)

4.2.4 .................................. ഹെസറു കാമാക്ഷി (ഇവളു)

**4.3 മലയാളത്തിന് കന്നഡ സമാനാർത്ഥ പദങ്ങൾ എഴുതുക.**

4.3.1 അവളു .................................. (പെണ്ണ്)

4.3.2 സവിത നിന്ന .................................. (ചേച്ചി)

4.3.3 നിമ്മ .................................. യാറു? (ജ്യേഷ്ഠൻ)

4.3.4 നന്ന .................................. കന്നഡ അധ്യാപക. (അനുജൻ)

**4.4 ചോദ്യങ്ങൾ ഉണ്ടാക്കുക.**

4.4.1 അവനു വിദ്യാർത്ഥി.

4.4.2 അദു പുസ്തക.

4.4.3 നിന്ന രാജ്യ കേരള.

4.4.4 ഹൗദു, അവനു നന്ന തമ്മ.

**4.5 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.5.1 ആരാണ് നിങ്ങൾ?

4.5.2 ഇവൾ നിന്റെ അനുജത്തിയാണോ?

4.5.3 ആരാണ് ആ പെണ്ണ്?

4.5.4 ഈ പയ്യൻ സതീശന്റെ മകനാണ്.

4.5.5 ഇത് നിന്റെ പുസ്തകമാണോ?

4.5.6 അല്ല, ഇത് എന്റെ പേനയല്ല.

4.5.7 നിന്റെ സ്വന്തം നാട് ഏതാണ്?

**4.6 ഉത്തരം പറയുക.**

4.6.1 നിമ്മ ഊറു മദ്രാസ്.

4.6.2 ആ ഹുഡുഗ നിമ്മ മഗനാ?

4.6.3 നിരംജന അവറ കാദംബരി യാവുദു?

4.6.4 നിമ്മ മാതൃഭാഷെ കന്നഡാനാ?



## 5. പദസഞ്ചയം

| | | |
|---|---|---|
| അക്ക | – | ചേച്ചി |
| അദു | – | അത് |
| അദറ | – | അതിന്റെ |
| അണ്ണ | – | ജ്യേഷ്ഠൻ |
| അല്ല | – | അല്ല |
| അവളു | – | അവൾ |
| അവള | – | അവളുടെ |
| അവനു | – | അവൻ |
| അവന | – | അവന്റെ |
| ആ | – | ആ |
| ഇദു | – | ഇത് |
| ഇദറ | – | ഇതിന്റെ |
| ഇവനു | – | ഇവൻ |
| ഇവന | – | ഇവന്റെ |
| ഇവളു | – | ഇവൾ |
| ഇവള | – | ഇവളുടെ |
| ഈ | – | ഈ |
| കാദംബരി | – | നോവൽ, ആഖ്യായിക |
| തംഗി | – | അനുജത്തി |
| തമ്മ | – | അനുജൻ |
| നിന്ന | – | നിന്റെ |
| മഗ | – | മകൻ |
| പുസ്തക | – | പുസ്തകം |
| യാവ | – | ഏത് |
| ഹൗദു | – | അതെ |
| ഹുഡുഗി | – | പെൺകുട്ടി |

# പാഠം – 3

## നാമങ്ങളുടെ സംബന്ധികാ രൂപങ്ങൾ

### 1. സംഭാഷണങ്ങൾ

| | കന്നഡ | മലയാളം |
|---|---|---|
| രാജ | : രാമായണദ കഥാ നായക യാറു? | രാമയണത്തിന്റെ കഥാ നായകനാരാണ്? |
| റാണി | : രാമായണദ കഥാ നായക ശ്രീരാമ. | രാമായണത്തിന്റെ കഥാ നായകൻ ശ്രീരാമൻ |
| രാജ | : രാമ യാറ മഗ? | രാമൻ ആരുടെ മകനാണ്? |
| റാണി | : അവനു ദശരഥന മഗ. | അവൻ ദശരഥന്റെ മകനാണ്. |
| രാജ | : രാമന തായിയ ഹെസറു ഏനു? | രാമന്റെ അമ്മയുടെ പേരെന്താണ്? |
| റാണി | : രാമന തായിയ ഹെസറു കൗസല്യെ. | രാമന്റെ അമ്മയുടെ പേര് കൗസല്യ എന്നാണ്. |
| രാജ | : രാമന തമ്മന ഹെസറു ഏനു? | രാമന്റെ അനുജന്റെ പേരെന്താണ്? |
| റാണി | : രാമന തമ്മന ഹെസറു ലക്ഷ്മണ. | രാമന്റെ അനുജന്റെ പേര് ലക്ഷ്മണൻ എന്നാണ്. |
| രാജ | : രാമന ഹെംഡതിയ ഹെസറു ഏനു? | രാമന്റെ ഭാര്യയുടെ പേരെന്താണ്? |
| റാണി | : രാമന ഹെംഡതിയ ഹെസറു സീതെ. | രാമന്റെ ഭാര്യയുടെ പേര് സീത എന്നാണ്. |



| | | |
|---|---|---|
| രാജ | : അവളു യാറ മഗളു? | അവൾ ആരുടെ മകളാണ്? |
| റാണി | : അവളു ജനകറാജന മഗളു. | അവൾ ജനകരാജാവിന്റെ മകളാണ്. |
| രാജ | : രാമന മക്കള ഹെസറു ഏനു? | രാമന്റെ മക്കളുടെ പേരെന്താണ്? |
| റാണി | : ലവ, കുശ. | ലവൻ, കുശൻ. |
| രാജ | : ലവ ഹിറി മഗനോ? കുശ ഹിറി മകനോ? | ലവൻ മൂത്തവനാണോ? കുശൻ മൂത്തവനാണോ? |
| റാണി | : കുശ ഹിറി മഗ. ലവ കിറി മഗ. | കുശൻ മൂത്തമകൻ. ലവൻ ചെറിയ മകൻ. |

### 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | കർനാടകദ മുഖ്യമന്ത്രി യാറു? | കർണാടകത്തിന്റെ മുഖ്യമന്ത്രി ആരാണ്? |
| | ഭാറതദ രാജധാനി യാവുദു? | ഭാരതത്തിന്റെ തലസ്ഥാനം ഏതാണ്? |
| 2.2 | സുമതി റാജുവിന മഗളു. | സുമതി രാജുവിന്റെ മകളാണ് |
| | അവനു ഈ ഗുറുവിന ശിശ്യ. | അവൻ ഈ ഗുരുവിന്റെ ശിഷ്യനാണ്. |
| 2.3 | റാമന തന്തെയ ഹെസറു ദശരഥ. | രാമന്റെ അച്ഛന്റെ പേര് ദശരഥൻ എന്നാണ്. |
| | നന്ന തായിയ ഹെസറു കമലമ്മ. | എന്റെ അമ്മയുടെ പേര് കമലമ്മ എന്നാണ്. |
| | ഇവറ നായിയ ഹെസറു ടാമി. | ഇവരുടെ നായയുടെ പേര് ടാമി എന്നാണ്? |
| 2.4 | സീതെയ ഗംഡന ഹെസറു റാമ. | സീതയുടെ ഭർത്താവിന്റെ പേര് രാമൻ എന്നാണ്. |
| | അവറ മഗന ഹെസറു | അവരുടെ മകന്റെ പേര് |

| | | |
|---|---|---|
| | റാജീവ. | രാജീവൻ എന്നാണ്. |
| 2.5 | റാമന മക്കള ഹെസറു ലവ, കുശ. | രാമന്റെ മക്കളുടെ പേര് ലവൻ എന്നും കുശൻ എന്നുമാണ്. |
| 2.6 | നമ്മ കാലേജിന ഹെസറു മഹാറാജ കാലേജു. | ഞങ്ങളുടെ കോളേജിന്റെ പേര് മഹാരാജ കോളേജ് എന്നാണ്. |
| | നിമ്മ ഹെസറു ഏനു? | നിങ്ങളുടെ പേര് എന്ത്? |
| 2.7 | അവളു റാമറായറ ഹിറിമഗളോ കിറിമഗളോ? | അവൾ രാമറാവുവിന്റെ മൂത്ത മകളാണോ ഇളയ മകളാണോ? |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 നാമത്തോട് സംബന്ധികാ വിഭക്തി പ്രത്യയമായ 'അ' എന്നും ചേർക്കുന്നു.

3.1.1 ഭാരത + അ = ഭാരതദ (ഭാരതത്തിന്റെ)

കർനാടക + അ = കർനാടകദ (കർണാടകത്തിന്റെ)

നപുംസകനാമപദത്തോട് 'അ' എന്നു ചേർക്കുമ്പോൾ 'ദ' ആഗമിക്കും. താഴെ കാണിച്ചിട്ടുള്ള നാമ പദങ്ങളോട് 'അ' ചേർക്കുക.

| | | | |
|---|---|---|---|
| മറ | 'മരം' | പുസ്തക | 'പുസ്തകം' |
| ഗിഡ | 'ചെടി' | സിനിമ | 'സിനിമ' |
| ദിന | 'നാൾ', ദിവസം | റാജ്യ | 'സംസ്ഥാനം' |

3.1.2 ഗാന്ധി + അ = ഗാന്ധിയ 'ഗാന്ധിയുടെ'

സീതെ + അ = സീതെയ 'സീതയുടെ'

'ഇ'കാരാന്ത, 'എ'കാരന്ത നാമപദങ്ങളോട് 'അ' എന്ന പ്രത്യയം ചേരുമ്പോൾ 'യ'കാരം ആഗമിക്കും. താഴെ കൊടുത്തിട്ടുള്ള പദങ്ങളോട് 'അ' എന്ന പ്രത്യയം ചേർക്കുക.

| | |
|---|---|
| സൊസെ = 'മരുമകൾ' | ഹുലി = 'വ്യാഘ്രം', 'പുലി' |
| കഥെ = 'കഥ' | കിടികി = 'ജാലകം' |



| | |
|---|---|
| ഹെംഡതി = 'ഭാര്യ' | കുർച്ചി = 'കസേര' |

3.1.3 'ഉ'കാരാന്ത നപുംസകനാമപദത്തോട് 'അ' പ്രത്യയം ചേരുമ്പോൾ 'ഉ'കാരം ലോപിച്ച് 'ഇൻ' ആഗമിക്കും.

കാലേജു + അ = കാലേജിന 'കോളേജിന്റെ'

കാഡു + അ = കാഡിന 'കാട്ടിന്റെ'

താഴെ കൊടുത്തിരിക്കുന്ന നാമപദങ്ങളോട് – അ ചേർക്കുക.

| | | | |
|---|---|---|---|
| ഊറു | (നാട്) | ഹാവു | (പാമ്പ്) |
| ബസ്സു | (ബസ്സ്) | പെന്നു | (പേന) |
| ബാഗിലു | (വാതിൽ) | ഹെംഗസു | (സ്ത്രീ) |

ചില നാമപദങ്ങൾ ഈ നിയമത്തിന് അപവാദങ്ങളാണ്.

| | | | |
|---|---|---|---|
| ഹസു | (പശു) | ബംദു | (ബന്ധു) |
| ഗുറു | (ഗുറു) | മഗു | (കുഞ്ഞ്) |
| കറു | (പശുക്കുട്ടി) | ശത്രു | (ശത്രു) |

'ഉ'കാരാന്തമായ ഈ പദങ്ങളോട് 'അ' പ്രത്യയം ചെരുമ്പോൾ 'ഉ'കാരത്തിനു ശേഷം 'വിൻ' ആഗമിക്കും. താഴെ കൊടുത്തിട്ടുള്ള രൂപങ്ങൾ ശ്രദ്ധിക്കുക.

| | |
|---|---|
| ഹസു + അ = ഹസുവിന | രാജു + അ = രാജുവിന |
| ഗുറു + അ = ഗുറുവിന | സീതു + അ = സീതുവിന |
| കറു + അ = കറുവിന | |

3.1.4 'ഉ'കൊണ്ട് അവസാനിക്കുന്ന സംഖ്യാവാചകങ്ങളോട് 'അ' ചേരുമ്പോൾ 'ഉ'കാരം ലോപിച്ച് 'റ' എന്ന് ആഗമിക്കുന്നു.

ഒന്തു + അ = ഒന്തറ (ഒന്നിന്റെ)

ഹത്തു + അ = ഹത്തറ (പത്തിന്റെ)

മഗളു, മക്കളു എന്നീ പദങ്ങളോട് 'അ' ചേരുമ്പോൾ 'ഉ'കാരം ലോപിക്കുന്നു.

മഗളു + അ = മഗള (മകളുടെ)

മക്കളു + അ = മക്കള (മക്കളുടെ)

3.1.5 'അ'കാരാന്തമായ 'നാമ'പദങ്ങളോട് 'അ' പ്രത്യയം ചേരുമ്പോൾ 'ന'കാരം ആഗമിക്കും.

| | | | |
|---|---|---|---|
| മഗ + അ | = | മഗന | (മകന്റെ) |
| റാമ + അ | = | റാമന | (രാമന്റെ) |
| കമല + അ | = | കമലന | (കമലയുടെ) |
| അക്ക + അ | = | അക്കന | (ജ്യേഷ്ഠത്തിയുടെ) |

3.2 'ഒ' എന്ന പ്രത്യയം സന്ദേഹസൂചകമാണ്.

സഞ്ജയഗാന്ധി ഹിറിമഗനോ? കിറിമഗനോ?

അവനു നിന്ന അണ്ണനോ? തമ്മനോ?

അദു അവറ മനേനോ? നിന്ന മനെനോ?

3.3 ഈ പാഠത്തിലുപയോഗിച്ച സംബന്ധ വാചകങ്ങളെ ശ്രദ്ധിക്കുക.

## 4. അഭ്യാസം

**4.1 ശരിയായ പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 ഭാറതദ ........................................ ദെഹലി.

4.1.2 റാമന ........................................ സീതാ.

4.1.3 ലവ കുശ റാമന ........................................

4.1.4 റാജീവ ഗാന്ധിയ ........................................ ഫിറോജ് ഗാന്ധി.

**4.2 ആവരണത്തിൽ കൊടുത്തിരിക്കുന്ന മലയ പദങ്ങൾക്ക് കന്നഡ സമാനാർത്ഥ പദംക്കൊണ്ട് പൂരിപ്പിക്കുക.**

4.2.1 ശാലിനിയ ........................................ റജനി (മകൾ)

4.2.2 നന്ന ........................................ റാജേശ് (മൂത്തമകൻ)

4.2.3 റവിയ ........................................ സവിത (ഭാര്യ)

4.2.4 സുമന ........................................ റമ (അമ്മ)



**4.3 ആവരണത്തിൽ കൊടുത്തിരിക്കുന്ന പദങ്ങളുടെ ശരിയായ രൂപങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.3.1 നിമ്മ ........................................ ഹെസറു ഏനു? (മഗ)

4.3.2 ശാലിനിയ ........................................ മനെ യാവുദു (സ്നേഹിതെ)

4.3.3 ........................................ അണ്ണ റാജീവ്. (സഞ്ജയ)

4.3.4 ........................................ റാജധാനി ദെഹലി. (ഭാരത)

**4.4 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.4.1 എന്റെ അമ്മയുടെ പേര് ശാരദ എന്നാണ്.

4.4.2 ആരാണ് അവളുടെ ഭർത്താവ്?

4.4.3 അർപിത എന്റെ ചെറിയ മകളാണ്.

4.4.4 റാമറാവു എന്റെ അച്ഛന്റെ അച്ഛനാണ്.

**4.5 താഴെ കൊടുത്ത മാതൃക പോലെ പൂരിപ്പിക്കുക.**

4.5.1 ഇന്ദിറാഗാന്ധി – ഇന്ദിരാഗാന്ധിയ

| | | | | | |
|---|---|---|---|---|---|
| റജനി | – | .................. | കുർച്ചി | – | .................. |
| റവി | – | .................. | തന്തെ | – | .................. |
| നായി | – | .................. | കഥെ | – | .................. |

4.5.2

| | | |
|---|---|---|
| ഭാറത | – | ഭാറതദ |
| ദേശ | – | .................. |
| പുസ്തക | – | .................. |
| മറ | – | .................. |

4.5.3

| | | |
|---|---|---|
| മഗ | – | മഗന |
| സഞ്ജയ | – | .................. |
| രമേശ | – | .................. |
| കമല | – | .................. |
| ലലിത | – | .................. |

4.5.4 നെഹ്രു – നെഹ്രുവിന

| | | |
|---|---|---|
| റാമു | – | .................. |
| നീലു | – | .................. |
| മഗു | – | .................. |
| ഹസു | – | .................. |
| ഗുറു | – | .................. |

**4.6 നിങ്ങളുടെ കുടുംബത്തെ കുറിച്ച് പരയുക.**

**4.7 ഉത്തരം പരയുക.**

4.7.1 നിമ്മ മക്കള ഹെസറു ഏനു?

4.7.2 നിമ്മ ഹെംഡത്തിയ ഹെസറു ഏനു?

4.7.3 നിമ്മ തന്തെയ/തായിയ ഹെസറു ഏനു?

## 5. പദസഞ്ചയം

| | | |
|---|---|---|
| മക്കളു | – | കുട്ടികൾ |
| മഗളു | – | മകൾ |
| ഹിരിമഗ | – | മൂത്ത മകൻ |
| ഹെംഡതി | – | ഭാര്യ |

# പാഠം – 4

## ഗുണപരവും പരിമാണപരവുമായ വിശേഷണങ്ങൾ

## 1. സംഭാഷണങ്ങൾ

| | കന്നഡ | മലയാളം |
|---|---|---|
| റാമു : | ശ്രീറാമപുര ഒള്ളെയ ബഡാവണേനാ? | ശ്രീരാമപുരം നല്ല ഒരു എക്സ്റ്റൻഷനാണോ? |
| സുറേശ് : | അല്ല. അദു ഒള്ളെയ ബഡാവണെ അല്ല. കെട്ട ബഡാവണെ. | അല്ല. അത് നല്ല എക്സ്റ്റൻഷനല്ല. മോശപ്പെട്ട എക്സറ്റൻഷനാണ്. |
| റാമു : | ഒള്ളെയ ബഡാവണെ യാവുദു? | നല്ല എക്സ്റ്റൻഷൻ ഏതാണ്? |
| സുറേശ് : | ബനശങ്കരി ഒള്ളെയ ബഡാവണെ. | ബനശങ്കരി എക്സ്റ്റൻഷൻ നല്ലത്. |
| റാമു : | അദു ഹൊസ ബഡാവണേനോ? ഹളെയ ബഡാവണേനോ? | അദ് പുതിയ എക്സ്റ്റൻഷനാണോ? അതോ പഴയതാണോ? |
| സുറേശ് : | അദു ഹളെയ ബഡാവണെ അല്ല. ഹൊസ ബഡാവണെ. | അത് പഴയ എക്സ്റ്റൻഷനല്ല. പുതിയതാണ്. |
| റാമു : | അദേനു ദൊഡ്ഡ ബഡാവണേനെ? ചിക്ക ബഡാവണേനോ? | അത് വലിയ എക്സ്റ്റൻഷനാണോ? അതോ ചെറുതാണോ? |

| | | |
|---|---|---|
| സുറേശ് : | അദു ദൊഡ്ഡ ബഡാവണെ. | അത് വലിയ എക്സ്റ്റൻഷനാണ് |
| റാമു : | അദു എന്ത ബഡാവണെ? ശ്രീമംതര ബഡാവണേനോ? ബഡവറ ബഡാവണേനോ? | അത് ഏത് തരം എക്സ്റ്റൻഷനാണ്. പണക്കാരുടെ എക്സ്റ്റൻഷനോ പാവങ്ങളുടെ എക്സ്റ്റൻഷനോ. |
| സുറേശ് : | അദു തുംബാ ശ്രീമംതറ ബഡാവണേനൂ അല്ല. തുംബാ ബഡവറ ബഡാവണേനൂ അല്ല. | അത് വലിയ പണക്കാരുടെ എക്സ്റ്റൻഷനുമല്ല, അത്ര പാവങ്ങളുടേതുമല്ല. |
| റാമു : | അദു തുംബാ ദൂരാനോ, ഹത്തിറാനോ? | അത് കുറേ ദൂരത്താണോ? അടുത്താണോ? |
| സുറേശ് : | അദു തുംബാ ദൂറാനൂ അല്ല, തുംബാ ഹത്തിറാനൂ അല്ല. | അത് കുറേ ദൂരത്തുമല്ല, അധികം അടുത്തു അല്ല. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | മൈസൂറു ഒള്ളെയ നഗറ. | മൈസൂറു നല്ല നഗരമാണ്. |
| | റമേശ ഒള്ളെയ ഹുഡുഗ. | രമേശ നല്ല പയ്യനാണ്. |
| | മോഹന ഒള്ളെയ അധികാറി. | മേഹൻ നല്ല ഉദ്യോഗസ്ഥനാണ്. |
| 2.2 | അദു കെട്ട പുസ്തക. | അത് മോശപ്പെട്ട പുസ്തകമാണ്. |
| | അവനു കെട്ട ഹുഡുഗ. | അവൻ ചീത്ത പയ്യനാണ്. |
| | അദു കെട്ട ഊറു. | അത് മോശപ്പെട്ട നാടാണ്. |
| 2.3 | അദു എംത പെന്നു? | അത് എന്ത് പേനയാണ്? |
| | അദു ഒള്ളെയ പെന്നു. | അത് നല്ല പേനയാണ്. |
| | ഇദു എംത കാദംബറി? | ഇത് എങ്ങനെയുള്ള നോവൽ ആണ്? |



| | | |
|---|---|---|
| | അവറു എംത നടി? | അവൾ എങ്ങനെയുള്ള നടിയാണ്? |
| | അവനു ഒള്ളെയ നട. | അവൻ നല്ലൊരു നടനാണ്. |
| 2.4 | അദു ദൊഡ്ഡ മനെ. | അതൊരു വലിയ വീടാണ്. |
| | ബെംഗളൂറു ദൊഡ്ഡ പട്ടണ. | ബെംഗളൂരു വലിയ നഗരമാണ്. |
| | അവറു ദൊഡ്ഡ മനുഷ്യ. | അയാൾ വലിയ മനുഷ്യനാണ്. |
| 2.5 | അദു ചിക്ക അംഗഡി. | അതൊരു ചെറിയ കടയാണ്. |
| | ഇദു സണ്ണ കഥെ. | ഇത് ചെറിയ കഥയാണ്. |
| | ഇവളു സണ്ണ ഹെംഗസു. | ഇവൾ ചെറിയ സ്ത്രീയാണ്. |
| 2.6 | മൈസൂറു അറമനെ തുംബാ ദൊഡ്ഡ അറമനെ. | മൈസൂറു കൊട്ടാരം വലിയ കൊട്ടരമാണ്. |
| | അവറു ബഹള ഒള്ളെയ അധ്യാപകി. | അവർ വളരെ നല്ല അധ്യപികയാണ്. |
| | അദു തീറാ കെട്ട നായി. | അത് വളെരെ മോശപ്പെട്ട പട്ടിയാണ്. |
| 2.7 | റാമ സുമിത്രെയ മഗനോ? | രാമൻ സുമിത്രയുടെ മകനാണോ? |
| | കൈകേയിയ മഗനോ? | കൈകേയിയുടെ മകനാണോ? |
| | റാമ സുമിത്രെയ മഗനു അല്ല, കൈകേയിയ മഗനു അല്ല. | രാമൻ സുമിത്രയുടെ മകനല്ല. കൈകേയിയുടെ മകനും അല്ല. |
| | അവനു കൗസല്യെയ മഗ. | അവൻ കൗസല്യയുടെ മകനാണ്. |
| | അദു നിന്ന പെന്നോ, നിന്ന തമ്മന പെന്നോ? | അത് നിന്റെ പേനയോ, നിന്റെ അനുജന്റെ പേനയോ? |
| | അദു നന്ന പെന്നൂ അല്ല, നന്ന തമ്മന പെന്നൂ അല്ല, നന്ന തംഗിയ പെന്നു. | അത് എന്റെ പേനയും അല്ല, എന്റെ അനുജന്റെ പേനയും അല്ല. എന്റെ അനുജത്തിയുടെ പേനയാണ്. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 ഒള്ളെയ - നല്ലത്
കെട്ട - ചീത്ത
} ഇവ ഗുണവാചകങ്ങളാണ്.

ദൊഡ്ഡ - വലിയ
ചിക്ക, സണ്ണ - ചെറിയ
} ഇവ പരിമാണ സൂചക വിശേഷണങ്ങളാണ്

ദൊഡ്ഡ, സണ്ണ - ഈ പദങ്ങൾ ഒരു വസ്തുവിന്റെ വലിപ്പത്തെയോ വ്യക്തിയുടെ ഗുണത്തെയോ സൂചിപ്പിക്കുന്നു. ഈ വിശേഷണങ്ങൾ എപ്പോഴും നാമപദങ്ങൾക്ക് മുമ്പേ വരുന്നു.

അദു ദൊഡ്ഡ മനെ. അത് വലിയ വീടാണ്.

അവനു ദൊഡ്ഡ മനുഷ്യ. അവൻ വലിയൊരു മനുഷ്യനാണ്.

**3.2 തുംബാ, ബഹള (ആധികൃത്തെ സൂചിപ്പിക്കുന്ന വിശേഷണം)**

തീറാ - ന്യൂനസ്ഥിതിയെ കാണിക്കുന്ന വിശേഷണം.

ഇവ വിശേഷ്യത്തിനു മുമ്പിൽ വരും.

അവനു തുംബാ ഒള്ളെയ മനുഷ്യ.

അവൻ വളരെ നല്ല മനുഷ്യനാണ്.

**3.3 'ഊ' - സമുച്ചയ ദ്യോതകം. രണ്ടോ അതിലധികമോ പദങ്ങളെ സംയോജിപ്പിക്കാൻ ഉപയോഗിക്കുന്നു.**

'ഊ' - ചേർന്ന കർത്തൃ പദത്തോട് ചേർന്ന് 'അല്ല' എന്നു വരുമ്പോൾ 'അതും അല്ല, ഇതും അല്ല' എന്ന അർത്ഥം കിട്ടുന്നു.

അവനു റവിയ അണ്ണനൂ അല്ല, തമ്മനൂ അല്ല.

അവൻ റവിയുടെ ജ്യേഷ്ഠനും അല്ല, അനുജനും അല്ല.

**3.4 എംത - എങ്ങനെയുള്ള.**

ചോദ്യസൂചകഗുണാത്മക വിശേഷണം.



## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 അദു ......................... സിനിമാ.

4.1.2 ബെംഗളൂറു ......................... പട്ടണ.

4.1.3 അവനു നന്ന ......................... അണ്ണ.

4.1.4 അവളു നന്ന തമ്മന ......................... മഗളു.

**4.2 ആവരണത്തിൽ കൊടുത്തിരിക്കുന്ന മലയാള പദങ്ങൾക്ക് സമാനമായ കന്നഡ പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.2.1 റേഖാ ......................... ഒള്ളെയ നടി. (വളരെ)

4.2.2 അദു ......................... ഗഡിയാറ. (വലിയ)

4.2.3 അദു തുംബാ ദൊഡ്ഡ ......................... (എക്സ്റ്റൻഷൻ)

**4.3 താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ ഉപയോഗിച്ച് സ്വന്തം വാക്യം എഴുതുക.**

4.3.1 മനെ

4.3.2 സൊസെ

4.3.3 ദൊഡ്ഡ

4.3.4 എംത

4.3.5 സണ്ണ

**4.4 കന്നഡത്തിലേക്ക് വിവർത്തനം ചെയ്യുക.**

4.4.1 ഇത് വളരെ നല്ലൊരു നോവലാണ്.

4.4.2 ഇത് അവരുടെ കഥയാണ്.

4.4.3 ജയനഗർ നല്ലൊരു എക്സ്റ്റൻഷൻ ആണ്.

4.4.4 ഇത് വലിയൊരു നഗരമാണ്.

4.4.5 ഇത് നല്ലൊരു പഴയ വീടാണ്.

**4.5 ചോദ്യങ്ങൾക്ക് ഉത്തരം പരയുക.**

4.5.1 കർനാടകദ രാജധാനി യാവുദു?

4.5.2 നിമ്മ ദൊഡ്ഡ മഗന ഹെസറു ഏനു?

4.5.3 അദു നിമ്മ ഹളെയ മനേനോ, ഹൊസ മനേനോ?

4.5.4 നിമ്മ ബഡാവണെയ ഹെസറു ഏനു?

## 5. പദസഞ്ചയം

എംത - എന്ത്

ഒള്ളെയ - നല്ല

കെട്ട - ചീത്ത

ഖതീമ കള്ളരു - സമർത്ഥനായ കള്ളന്മാർ (പഠിച്ച കള്ളന്മാർ)

ചിക്ക - ചെറിയ

ദൂറ - ദൂരം

ദൊഡ്ഡ - വലിയ

ബഡാവണെ - എക്സ്റ്റൻഷൻ. (നഗരങ്ങളിൽ പുതുതായി കൂട്ടിച്ചേർത്ത പാർപ്പിട ഭാഗം) സമുച്ചയം

സണ്ണ - ചെറിയ

ഹത്തിറ - അടുത്ത്

ഹളെയ - പഴയ

ഹൊസ - പുതിയ

**5.1 അനുബന്ധ പദസഞ്ചയം**

അംഗഡി - കട, പീടിക

അറമനെ - കൊട്ടാരം



നഗറ - നഗരം

നട - നടൻ

നടി - നടി

നായി - നായ

പട്ടണ - പട്ടണം

മനുഷ്യ - മനുഷ്യൻ

ഹെംഗസു - സ്ത്രീ

# പാഠം – 5

## സർവ്വനാമം, നാമം, വിശേഷണനാമം ഇവയുടെ ആഖ്യാത രൂപങ്ങൾ

### 1. സംഭാഷണങ്ങൾ

| | കന്നഡ | മലയാളം |
|---|---|---|
| സ്വാമി | : നിമ്മദു ബാഡിഗെ മനേനാ? | നിങ്ങളുടേത് വാടക വീടാണോ? |
| റംഗ | : അല്ല നമ്മദു ബാഡിഗെ മനെ അല്ല. സ്വംത മനെ. | അല്ല, ഞങ്ങളുടേത് വാടക വീടല്ല. സ്വന്തം വീടാണ്. |
| സ്വാമി | : മനെ ഹൊസതാ? | പുതിയ വീടാണോ? |
| റംഗ | : ഹൗദു, ഹൊസദു. | അതെ, പുതിയത്. |
| സ്വാമി | : ദൊഡ്ഡദാ? | വലുതാണോ? |
| റംഗ | : സ്വല്പ ദൊഡ്ഡതു. | സ്വല്പം വലുതാണ്. |
| സ്വാമി | : മനെ എല്ലി ഇദെ? | വീട് എവിടെയാണ്. |
| റംഗ | : ജയനഗരദല്ലി ഇദെ. | ജയനഗരത്തിൽ ആണ്. |
| സ്വാമി | : അല്ലി യാവുദാദറൂ ബാഡിഗെ മനെ ഇദെയാ? | അവിടെ ഏതെങ്കിലും വാടക വീടുണ്ടോ? |
| റംഗ | : ഇല്ല, യാവുദൂ ഇല്ല. | ഇല്ല. ഒന്നും ഇല്ല. |
| സ്വാമി | : ബേറെ എല്ലിയാദറൂ ഇദെയാ? | വേറെ എവിടെയെങ്കിലും ഇണ്ടോ? |



| | | |
|---|---|---|
| റംഗ | : റാജാജി നഗറദല്ലി ഇദെ. | രാജാജി നഗരത്തിലുണ്ട്. |
| സ്വാമി | : റാജാജി നഗറ ദൂറ. ബനശംകരി ഹത്തിറ അല്ലി യാവുദൂ ഇൽവാ? | രാജാജി നഗരം ദൂരെയാണ്. ബനശങ്കരിയുടെ അടുത്തായിട്ട് വേറെ എവിടെയും ഇല്ലെയോ? |
| റംഗ | : ഇല്ല. | ഇല്ല. |
| സ്വാമി | : റാജാജി നഗറദല്ലി മനെ യാറദു? | രാജാജി നഗരത്തിലെ വീട് ആരുടേതാണ്? |
| റംഗ | : നന്ന സ്നേഹിതനദു. | എന്റെ കൂട്ടുക്കാരന്റെതാണ്. |
| സ്വാമി | : എല്ലി ഇദെ? | എവിടെ ഉണ്ട്? |
| റംഗ | : നവറംഗ് ഥിയേറ്ററിന ഹത്തിറ ഇദെ. | നവരംഗ് ഥിയേറ്റർന്റെ അടുത്തുണ്ട്. |
| സ്വാമി | : ഗുറുതു ഏനാദറൂ ഇദെയാ? | അടയാളം എന്തെങ്കിലും ഉണ്ടോ? |
| റംഗ | : മനെ മുംദെ നവരംഗ ഥിയേറ്റർ ഇദെ. മനെയ എഡപക്കദല്ലിയൂ ബലപക്കദല്ലിയൂ തെംഗിന മറ ഇദെ. | വീടിന്റെ എതിർ വശത്ത് നവരംഗ് ഥിയേറ്റർ ഉണ്ട്. വീടിന്റെ ഇടതു വശത്തും വലത്തു വശത്തും തെങ്ങ് ഉണ്ട്. |
| സ്വാമി | : ആ മനെ ദൊഡ്ഡദാ? | ആ വീട് വലിയതാണോ? |
| റംഗ | : ഹൗദു. സുമാറു ദൊഡ്ഡദു. | അതെ. സാധാരണ വലിയതാണ്. |
| സ്വാമി | : നിമ്മ സ്നേഹിത എംതവറു? | നിങ്ങളുടെ കൂട്ടുക്കാരൻ എങ്ങനെയുള്ള ആളാണ് |
| റംഗ | : അവനു തുംബാ ഒള്ളെയവനു. | അവൻ വളരെ നല്ലവനാണ്. |

### 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ആ മനെ നന്നദു. | ആ വീട് എന്റെതാണ്. |
| | ഈ പുസ്തക അവനദു. | ഈ പുസ്തകം അവന്റെതാണ്. |
| | ഹൊസ കാറു ഇവറദു. | പുതിയ കാർ ഇവരുടെതാണ്. |

| | | |
|---|---|---|
| 2.2 | ആ ഹുഡുഗി നന്നവളു. | ആ പെൺകുട്ടി എന്റെതാണ്. |
| | | (ഇവിടെ ഉദ്ദേശിക്കുന്നത് : ആ പെൺകുട്ടി എന്റെ ഭാര്യയാണ്) |
| | ഈ ഹുഡുഗ നന്നവനു. | ഈ ചെറുക്കൻ എന്റെത് |
| | | (ഇവിടെ ഉദ്ദേശിക്കുന്നത് : ഈ ചെറുക്കൻ എന്റെ ഭർത്താവാണ്) |
| 2.3 | നന്ന ശർട്ട് ഹൊസദു. | എന്റെ ഷർട്ട് പുതിയതാണ്. |
| | അവള സീറെ ഹളെയദു. | അവളുടെ സാരി പഴയതാണ്. |
| | അവറ കാലേജു ദൊഡ്ഡദു. | അവളുടെ കോളേജ് വലിയതാണ്. |
| | അവന റൂമു ചിക്കദു. | അവന്റെ മുറി ചെറുതാണ്. |
| 2.4 | നിമ്മ ചപ്പലി ഹൊസതാ? | നിങ്ങളുടെ ചെരുപ്പ് പുതിയതാണോ? |
| | ആ സീനിമാ ഹളെയദാ? | ആ സിനിമാ പഴയതാണോ? |
| | ഈ സൈക്കലു ഒള്ളെയദാ? | ഈ സൈക്കിൾ നല്ലതാണോ? |
| 2.5 | മനെ ജയനഗറദല്ലി ഇദെ. | വീട് ജയനഗരത്തിലാണ്. |
| | നായി മനെയല്ലി ഇദെ. | നായി വീട്ടിലുണ്ട്. |
| | ആനെ കാഡിനല്ലി ഇദെ. | ആന കാട്ടിലുണ്ട്. |
| | ബസ്സിനല്ലി ജാഗ ഇദെ. | ബസ്സിൽ ഇടം ഉണ്ട്. |
| | കർനാടകദല്ലി ചിന്നദ ഗനി ഇദെ. | കർണാടകയിൽ സ്വർണ്ണ ഖനിയുണ്ട്. |
| 2.6 | നിമ്മ കാലേജു എല്ലി ഇദെ. | നിങ്ങളുടെ കോളേജ് എവിടെയാണ്. |
| | അവറ ഹാസ്റ്റൽ എല്ലി ഇദെ. | അവരുടെ ഹോസ്റ്റൽ എവിടെയാണ്. |
| | ഗണേശന അംഗഡി എല്ലി ഇദെ. | ഗണേശന്റെ കട എവിടെയാണ്. |



| | | |
|---|---|---|
| 2.7 | പുസ്തക അല്ലി ഇദെ. | പുസ്തകം അവിടെ ഉണ്ട്. |
| | കിടികി ഇല്ലി ഇദെ. | ജനൽ ഇവിടെ ഉണ്ട്. |
| 2.8 | അവറ ഹത്തിറ ബെംകി പൊട്ടണ ഇദെ. | അവരുടെ കൈയിൽ തീപ്പെട്ടി ഉണ്ട്. |
| | അവറ മനെ മുംദെ ആസ്പത്രെ ഇദെ. | അവരുടെ വീട്ടിന്റെ മുമ്പിൽ ആസ്പത്രി ഉണ്ട് |
| 2.9 | മേജിന മേലെ പുസ്തക ഇദെ. | മേശയുടെ മുകളിൽ പുസ്തകം ഉണ്ട്. |
| | മംചദ കെളഗെ പെട്ടിഗെ ഇദെ. | കട്ടിലിന്റെ അടിയിൽ പെട്ടി ഉണ്ട്. |
| 2.10 | ആ പുസ്തക നന്ന സ്നേഹിതനദു. | ആ പുസ്തകം എന്റെ കൂട്ടുക്കാരന്റെതാണ്. |
| | ഈ സീറെ സീതെയദു. | ഈ സാരി സീതയുടെതാണ്. |
| | ഈ ഹൊസ ശർട്ട് റാമനദു. | ഈ പുതിയ ഷർട്ട് രാമന്റെതാണ്. |
| 2.11 | അല്ലി യാവുദാദരൂ ബാഡിഗെ മനെ ഇദെയാ? | അവിടെ ഏതെങ്കിലും വാടക വീട് ഉണ്ടോ? |
| | നിമ്മ ഹത്തിറ യാവുദാദരൂ കഥെ പുസ്തക ഇദെയാ? | നിങ്ങളുടെ അടുത്ത് ഏതെങ്കിലും കഥ പുസ്തകം ഉണ്ടോ? |
| | ഇല്ലി എല്ലിയാദരൂ അംഗഡി ഇദെയാ? | ഇവിടെ എവിടെയെങ്കിലും പീടിക ഉണ്ടോ? |
| 2.12 | കന്നഡ അധ്യാപകി എംതവരു? | കന്നഡ അധ്യാപിക എങ്ങനെയുള്ളവരാണ്? |
| | ആ ഹുഡുഗ എംതവനു? | ആ ചെറുക്കൻ എങ്ങനെയുള്ളവനാണ്? |
| | നിന്ന സ്നേഹിതെ കമല എംതവളു? | നിന്റെ സ്നേഹിത കമല എങ്ങനെയുള്ളവളാണ്? |
| 2.13 | കന്നഡ അധ്യാപകി ഒള്ളെയവറു. | കന്നഡ അധ്യാപിക നല്ലവരാണ്. |
| | ആ ഹുഡുഗ കെട്ടവനു. | ആ ചെറുക്കൻ ചീത്തയാണ്. |

| | |
|---|---|
| നന്ന സ്നേഹിതെ കമല ഒള്ളെയവളു. | എന്റെ സ്നേഹിത കമല നല്ലവളാണ്. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 കന്നഡയിലെ ആഖ്യാത രൂപങ്ങളുടെ പ്രധാന സവിശേഷത ശ്രദ്ധിക്കുക.

കർത്താവന്റെ ലിംഗവചന പരുഷ ഭേദങ്ങൾ അനുസരിച്ച് ആഖ്യാത രൂപത്തിനും വ്യത്യാസമുണ്ട്. മലയാളത്തിൽ ഇതില്ല.

3.1.1 പ്രഥമപുരുഷ നപുംസക സർവ്വനാമം 'അദു' (ഏകവചനം) 'അവു' (ബഹുവചനം) എന്നീ സംബന്ധസൂചക നാമത്തോട് ചേർത്ത് നാമ ആഖ്യാത രൂപങ്ങൾ ഉണ്ടാക്കുന്നു.

| | |
|---|---|
| റാമനു + അദു = റാമനദു | 'രാമന്റേത്' |
| റാമന + അവു = റാമനവു | 'രാമന്റേവ' |

'അ'കാരം ലോപിച്ചത് ശ്രദ്ധിക്കുക.

3.1.2 പ്രഥമ പുരുഷ സർവ്വനാമം സംബന്ധസൂചക സർവ്വ നാമത്തോട് ചേർത്ത് സർവ്വനാമ ആഖ്യാത രൂപം ഉണ്ടാക്കുന്നു.

'അ'കാരം ലോപിക്കുന്നത് ശ്രദ്ധിക്കുക.

| | | |
|---|---|---|
| നന്ന + അവനു | = നന്നവനു | എന്റെവൻ (എന്റെഭർത്താവ്) |
| നന്ന + അവളു | = നന്നവളു | എന്റെവൾ (എന്റെ ഭാര്യ) |
| നന്ന + അവറു | = നന്നവറു | എന്റെവർ (എന്റെ ഭർത്താവ്) |
| നന്ന + അദു | = നന്നദു | എന്റെത് |
| നന്ന + അവു | = നന്നവു | എന്റെവ |
| അദറ + അദു | = അദറദു | അതിന്റേത് |
| ഇദറ + അദു | = ഇദറദു | ഇതിന്റേത്. |

3.1.3 വിശേഷണാർത്ഥത്തിലുള്ള ആഖ്യാതം. വിശേഷണ പദത്തോട് പ്രഥമ പുരുഷസർവ്വനാമം ചേർത്ത് ഉണ്ടാക്കുന്നു.

| | | |
|---|---|---|
| ദൊഡ്ഡ + അവനു | = ദൊഡ്ഡവനു | വലിയവൻ, മൂത്തവൻ. |
| ചിക്ക + അവനു | = ചിക്കവനു | ചെറിയവൻ, ഇളയവൻ |
| ഒള്ളെയ + അവറു | = ഒള്ളെയവറു | നല്ലവർ |
| കെട്ട + അദു | = കെട്ടദു | ചീത്തയായത് |
| കെട്ട + അവു | = കെട്ടവു | ചീത്തയായവ |



ഈ ആഖ്യാതരൂപങ്ങൾ ഒരിക്കലും നാമപദങ്ങളുടെ മുമ്പിൽ വരില്ല. (എങ്കിലും 'നന്നദു ഹളെയ മനെ' - എന്റെത് പഴയ വീട് എന്ന രീതിയിൽ വാക്യങ്ങളുടെ കർത്തൃ പദമായി പ്രയോഗിക്കാവുന്നതാണ്.)

പുരുഷാർത്ഥക നാമങ്ങളുടെ സംബന്ധികാ രൂപങ്ങൾ അപൂർവ്വ സന്ദർഭങ്ങളിൽ ഉപയോഗിക്കാറുണ്ട്.

എവിടെയെല്ലാം നപുംസക നാമം ഉപയോഗിക്കുന്നുവോ അവിടെ സംബന്ധാർത്ഥം സൂചിപ്പിക്കുന്നു. എപ്പോഴെല്ലാം ആഖ്യാത രൂപം ഉപയോഗിക്കുന്നുവോ, അപ്പോഴെല്ലാം നിർദ്ദേശക വിശേഷണങ്ങൾ ഉപയോഗിക്കുന്നു.

| | |
|---|---|
| ഇവളു നന്ന മഗളു | ഇവൾ എന്റെ മകളാണ്. |
| ഈ മഗു നന്നദു | ഈ കുഞ്ഞ് എന്റെതാണ്. |
| ഇദു നന്ന മനെ | ഇത് എന്റെ വീടാണ്. |
| ഈ മനെ നന്നദു | ഈ വീട് എന്റെതാണ്. |

3.2 ചോദ്യസൂചക പ്രത്യയമായ 'ആ' ചേരുമ്പോൾ ആഖ്യാത രൂപത്തിലെ അന്ത്യ 'ഉ'കാരം ലോപിക്കുന്നു.

| | |
|---|---|
| ഹൊസദു + അ = ഹൊസദാ? | പുതിയതാണോ? |

3.3 'അല്ലി' എന്നത് അധികരണാർത്ഥ സൂചക പ്രത്യയമാണ്.

| | | |
|---|---|---|
| മനെ + അല്ലി | = മനെയല്ലി. | വീട്ടിൽ. |
| ബെംഗളൂറു + അല്ലി | = ബെംഗളൂറിനല്ലി | ബെംഗളൂരിൽ |

വ്യത്യസ്തരൂപത്തിലുള്ള സമപദങ്ങളോട് സംബന്ധികാ രൂപങ്ങൾ ചേരുമ്പോൾ ഇതേ രൂപത്തിലുള്ള വ്യത്യാസങ്ങളാണ് ഉണ്ടാകുന്നത്. (പാഠം മൂന്ന് നോക്കുക)

3.4 സ്ഥാന നിർദ്ദേശം താഴെ കാണിച്ച രീതിയിലാണ്.

| | |
|---|---|
| മുംദെ | 'മുമ്പിൽ' |

| | |
|---|---|
| ഹിംദെ | 'പിന്നിൽ' |
| ബലപക്ക | 'വലത്വശം' |
| എടപക്ക | 'ഇടത്വശം' |
| മേലെ | 'മീതെ' |
| കെളഗെ | 'താഴെ' |

ഇവ സ്ഥാനനിർദ്ദേശം കൂടിയാണ്. ഈ സ്ഥാനനിർദ്ദേശം എല്ലായ്പ്പോഴും നാമത്തിനു ശേഷം വരുന്നു. മലയാളത്തിലും ഇതേ രീതിയിലാണ്.

| | |
|---|---|
| മനെയ മുംദെ | 'വീടിന്റെ മുമ്പിൽ' |
| മേജിന മേലെ | 'മേശമേൽ' |

3.5

| | |
|---|---|
| എല്ലി | 'എവിടെ' |
| യാറു | 'ആരാണ്' 'ആര്?' |
| ഏനു | 'എന്താ' |
| യാകെ | 'എന്തിനാണ്' |
| ഹേഗെ | 'എങ്ങനെ' |

ഈ പദങ്ങളോട് 'ആദറു' എന്ന് ചേർന്നാൽ കിട്ടുന്ന രൂപങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| എല്ലിയാദ്രൂ | എവിടെയാണെങ്കിലും |
| യാരാദ്രൂ | ആരെങ്കിലും |
| ഏനാദ്രൂ | എന്തെങ്കിലും |
| യാകാദ്രൂ | എന്തിനെങ്കിലും |
| ഹേഗാദ്രൂ | എങ്ങനെയെങ്കിലും |

മലയാളത്തിൽ 'എങ്കിലും' എന്ന് ചേരുമ്പോൾ ഉണ്ടാകുന്ന ആർത്ഥം കിട്ടും.

3.6 'ഇദെ' (ഉണ്ട്) നപുംസകനാമപദത്തിന്റെ അസ്തിത്വം പ്രകാശിപ്പിക്കാൻ 'ഉണ്ട്' എന്ന അരർത്ഥത്തിൽ 'ഇദെ' എന്ന്

'ഇല്ല' (ഇല്ല) എന്നാണ് ഇതിന്റെ നിഷേധ രൂപം.



## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 ആ കിടികി ..........................

4.1.2 നിമ്മ മനെ .......................... ഇദെ.

4.1.3 നിമ്മ ശാലെയ .......................... ഏനു?

4.1.4 നിന്ന .......................... കന്നഡി ഇദെ.

**4.2 ആവരണത്തിൽ കൊടുത്തിരിക്കുന്ന മലയാള പദങ്ങൾക്ക് തുല്യമായ കന്നഡ പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.2.1 അവറ മനെയ .......................... ചിത്രമന്ദിറ ഇദെ. (പിന്നിൽ)

4.2.2 ഇദു .......................... മനെ. (വാടക)

4.2.3 ഇവളു നന്ന .......................... മഗളു. (സ്വന്തം)

4.2.4 മനെ .......................... ഇദെ. (കുറച്ച് ദൂരം)

4.2.5 അധ്യാപകി തുംബാ .......................... (നല്ലവ്യക്തി)

**4.3 ആവരണത്തിൽ കൊടുത്തിരിക്കുന്ന പദങ്ങളുടെ ശരിയായ രൂപംക്കൊണ്ട് പൂരിപ്പിക്കുക.**

4.3.1 അവറ മനെ .......................... ഇദെ. (സരസ്വതിപുറ)

4.3.2 നിമ്മ ഊറു .......................... (ദൊഡ്ഡ)

4.3.3 ഈ ശർട്ടു നന്ന .......................... (സ്നേഹിത)

4.3.4 നമ്മ മനെ .......................... അംഗഡി ഇദെ. (പക്ക)

**4.4 മാതൃക അനുസരിച്ച് മാറ്റിയെഴുതുക.**

4.4.1 മാതൃക

| | | |
|---|---|---|
| ചിക്ക | – | ചിക്കദു |
| ഒള്ളെയ | – | |
| കെട്ട | – | |
| ഹൊസ | – | |
| ഹളെയ | – | |
| യാവ | – | |

4.4.2 മാതൃക : നീവു – നിമ്മദു

നാനു –

അവനു –

അവളു –

അവറു –

അദു

4.4.3 മാതൃക : സ്നേഹിത – സ്നേഹിതനദു

കമല –

റാമ –

അണ്ണ –

അക്ക –

4.4.4 മാതൃക : റവി – റവിയദു

തായി –

മനെ –

നായി

റജനി –

4.4.5 മാതൃക : ജയനഗറ – ജയനഗറദല്ലി

പുസ്തക –

മനെ –

ജാലഹള്ളി –

ഊറു –

4.4.6 മാതൃക : റാമു – റാമുവിനദ്ദു

പെന്നു –

ഹസു –

മഗു –

ഗുറു –



**4.5 മാതൃക അനുസരിച്ച് മാറ്റുക**

മാതൃക : അധ്യാപക : അദു ദൊഡ്ഡ മനെ.

വിദ്യാർത്ഥി : ആ മനെ ദൊഡ്ഡദു.

4.5.1 അദു ചിക്ക പുസ്തക.

4.5.2 ഇദു ഹൊസ സ്ഥള.

4.5.3 അവളു കെട്ട ഹുഡുഗി.

4.5.4 അദു നന്ന തംഗിയ മനെ.

4.5.5 അവനു ഒള്ളെയ ഹുഡുഗ.

4.5.6 അദു എന്ത മനെ?

**4.6 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.6.1 മൈസൂറു വലിയൊരു സിറ്റിയാണ്.

4.6.2 എന്റെ വീടിന്റെ പിൻവശത്തു ഒരു കടയുണ്ട്.

4.6.3 ആ പുസ്തകം കമലയുടെതാണ്.

4.6.4 എന്റെ അച്ഛൻ എന്റെ നാട്ടിലുണ്ട്.

4.6.5 നിന്റെ നായ എവിടെയുണ്ട്?

**4.7 ഉത്തരം പറയുക.**

4.7.1 നിമ്മ മനെ എല്ലി ഇദെ?

4.7.2 നിമ്മദു സ്വംത മനേനാ, ബാഡിഗെയ മനേനാ?

4.7.3 നിമ്മ മനെ ഗുറുതു ഏനു?

## 5. പദസഞ്ചയം

| | |
|---|---|
| എഡപക്ക | ഇടത് വശം |
| എല്ലി | എവിടെ |
| ഗുറുതു | അടയാളം |
| തെംഗിന മറ | തെങ്ങ് |

| | |
|---|---|
| ದೂര | ദൂരം |
| ಬಲಕ್ಕೆ | വലത് വശം |
| ಬಾಡಿಗೆ | വാടക |
| ಮನೆ | വീട് |
| ಮುಂದೆ | മുമ്പിൽ |
| ಸ್ವಂತ | സ്വന്തം |
| ಸ್ವಲ್ಪ | അല്പം |
| ಹತ್ತಿರ | അടുത്ത് |
| ಹಿಂದೆ | പിന്നിൽ |

ദൂറ | ദൂരം
ബലക്കെ | വലത് വശം
ബാഡിഗെ | വാടക
മനെ | വീട്
മുംദെ | മുമ്പിൽ
സ്വംത | സ്വന്തം
സ്വല്പ | അല്പം
ഹത്തിറ | അടുത്ത്
ഹിംദെ | പിന്നിൽ

**5.1 അനുബന്ധ പദസഞ്ചയം**

| | |
|---|---|
| ആനെ | ആന |
| കാഡു | കാട് |
| കാലേജു | കോളേജ് |
| ഗനി | ഖനി |
| ചപ്പലി | ചെരുപ്പ് |
| ചിന്ന | സ്വർണ്ണം |
| ജാഗ | സ്ഥലം |
| പെട്ടിഗെ | പെട്ടി |
| ബെംകിപൊട്ടണ | തീപ്പെട്ടി |
| കോണെ | മുറി |
| സൈകല്ലു | സൈക്കിൾ |
| സീറെ | സാരി |
| ശർട്ട് | ഷർട്ട് |

# പാഠം – 6

## ഉദ്ദേശികാ വിഭക്തി, സംഖ്യാ വാചകങ്ങൾ

### 1. സംഭാഷണങ്ങൾ

| | കന്നഡ | മലയാളം |
|---|---|---|
| ശിവ | : ഒംദു കെജി ബദനെകായിഗെ എഷ്ടു ബെലെ? | ഒരു കിലൊ വഴുതിനയ്ക് വിലെയെന്താണ്? |
| വെജിടേബൽ വെൻഡർ | : ഒംദു കെജി ബദനെകായിഗെ എംടുവരെ റൂപായി. | ഒരു കിലൊ വഴുതിനയ്ക് എട്ടരരൂപയാണ്. |
| ശിവ | : നിമ്മ അംഗഡിയല്ലി ബെലെ ജാസ്തി. | നിങ്ങളുടെ കടയിൽ വില അധികമാണ്. |
| വെ.വെ. | : ഇല്ല സാർ ഈഗ ഹബ്ബദ സീസനു. എല്ലാ തറകാറി ബെലെനു ജാസ്തി. | ഇല്ല, സാർ, ഇപ്പോൾ ഉത്സവ കാലമാണ്. എല്ലാ പച്ചക്കറികൾക്കും വില കൂടുതലാണ്. |
| ശിവ | : അർധ കെജി ടൊമേടോ ഹണ്ണിഗെ എഷ്ടു? | അരകിലോ തക്കാളിപ്പഴത്തിന് വില എത്രയാണ്. |
| വെ.വെ. | : ആറൂവറെ റൂപായി. | ആറര രൂപ. |
| ശിവ | : ടൊമേടോ ബെലെ അഷ്ടു ജാസ്തിനാ? | തക്കാളിവില അത്ര അധികമാണോ? |
| വെ.വെ. | : ഹൗദു സാർ, മാർക്കട്ടിനല്ലി ടൊമേടോ ഹണ്ണില്ല. | അതെ സാർ, മാർക്കറ്റിൽ തക്കാളിപഴമില്ല. |

| | | |
|---|---|---|
| ശിവ | : ആ കുംബളകായിഗെ എഷ്ടു? | ആ കുമ്പളങ്ങയ്ക്ക് എത്രയാണ്? |
| വെ.വെ. | : ദൊഡ്ഡദക്കോ? ചിക്കദക്കോ? | ചെറുതിനോ, വലുതിനോ |
| ശിവ | : ദൊഡ്ഡദക്കെ എഷ്ടു? ചിക്കദക്കെ എഷ്ടു? | വലുതിനെത്ര? ചെറുതിനെത്ര? |
| വെ.വെ. | : ദൊഡ്ഡദക്കെ ഒമ്പത്തു റൂപായി. ചിക്കദക്കെ ഐദു റൂപായി. | വലുതിന് ഒമ്പത് രൂപ. ചെറുതിന് അഞ്ച് രൂപ. |
| ശിവ | : ദൊഡ്ഡദു കഡിമെ ഇല്ലവ? | വലുതിന് വില കുറവില്ലേ? |
| വെ.വെ. | : ഇല്ലാ സാർ. എല്ല താജാമാലു. ഒംദേ ബെലെ. | ഇല്ല സാർ, എല്ലാം പുതിയതാണ്. ഒരേവില. |
| ശിവ | : കോളി മൊട്ടെഗെ എഷ്ടു? | കോഴിമുട്ടയ്ക്ക് എത്രയാണ്? |
| വെ.വെ. | : കോളിമൊട്ടെഗെ ഒന്തു റൂപായി എപ്പത്തു പൈസെ. | കോഴിമുട്ടയ്ക്ക് ഒരു രൂപ എഴുപത് പൈസ. |
| ശിവ | : കൊത്തംബരി സൊപ്പു? | മല്ലിച്ചപ്പിന്? |
| വെ.വെ. | : ഒംദു കംതെഗെ ഐവത്തു പൈസെ. | ഒരു കെട്ടിന് അമ്പത് പൈസ. |

## 1.1 സംഭാഷണം

| | | |
|---|---|---|
| പോസ്റ്റ്മാസ്റ്റർ | : നിമഗെ ഏനു ബേകു സാർ? | സാർ, നിങ്ങൾക്ക് എന്തു വേണം? |
| ശംകറ | : നനഗെ ഐദു ഇൻലാൻഡ് ലെട്ടർ ബേകു. ഒംദു ഇൻലാൻഡ് ലെറ്ററിഗെ എഷ്ടു | എനിക്ക അഞ്ച് ഇൻലാൻഡ് ലെറ്റർ വേണം. ഒരു ഇൻലാൻഡ് ലെറ്ററിന് എത്ര? |



| | | |
|---|---|---|
| പോസ്റ്റ്മാസ്റ്റർ | : ഒംദക്കെ എറഡു വറെ റൂപായി. ആമേലെ ഏനു ബേകു, സാർ? | ഒന്നിന് രണ്ട്രൂപ. പിന്നെ എന്തുവേണം സാർ? |
| ശംകറ | : എൻവലപ് ഇദെയാ? | എൻവലപ്പ് ഉണ്ടോ? |
| പോസ്റ്റ്മാസ്റ്റർ | : ഇല്ല സാർ എൻവലപ് സ്ടാക്ക് ഇല്ല. സ്ടാംപ് ഇദെ. | ഇല്ല സാർ, എൻവലൊപ്പ് സ്റ്റോക്കില്ല. സ്റ്റാമ്പ് ഉണ്ട്. |
| ശംകറ | : നാല്കു റൂപായിയദു ആറു സ്ടാംപ് ബേകു. ഹത്തു പൈസെയദു ഏളു സ്ടാംപ് സഹ ബേകു. | നാല് രൂപയുടെ ആറ് സ്റ്റാമ്പ് വേണം. പത്തു പൈസയുടെ ഏഴ് സ്റ്റാമ്പുകൂടി വേണം. |
| പോസ്റ്റ്മാസ്റ്റർ | : ഇന്നേനു ബേകു സാർ? | ഇനിയെന്ത് വേണം സാർ? |
| ശംകറ | : ഹന്നെറഡു കാർഡു ബേകു. | പന്ത്രണ്ട് കാർഡ് വേണം. |
| പോസ്റ്റ്മാസ്റ്റർ | : ഇന്നേനൂ ബേഡവാ? | ഇനിയെന്തെങ്കിലും വേണോ? |
| ശംകറ | : ബേഡ. | വേണ്ട. |
| പോസ്റ്റ്മാസ്റ്റർ | : യാറിഗെ സാർ ഇഷ്ടൊംദു കാർഡു. | ആർക്കാണ് സാർ ഇത്രയധികം കാർഡ്. |
| ശംകറ | : ആറു നന്ന സ്നേഹിതനിഗെ, എറഡു നന്ന തംഗി കമലനിഗെ. നാല്കു നനഗെ. | ആറെണ്ണം എന്റെ സ്നേഹിതന് വേണ്ടിയാണ്, രണ്ടെണ്ണം എന്റെ അനുജത്തി കമലയ്ക്ക്, പിന്നെ നാല് എനിക്കും. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | നിമ്മ മനെഗെ ബാഡിഗെ എഷ്ടു? | നിങ്ങളുടെ വീടിന് വാടക എത്ര? |
| | ബെംഗളൂറിഗെ ബസ്ചാർജു എഷ്ടു? | ബെംഗളൂറിലേക്കുള്ള ബസ് ചാർജ്ജ് എത്ര? |

| | | |
|---|---|---|
| 2.2 | ഒംദു കിലോ ഹുറുളികായിഗെ എംടു രൂപായി. | ഒരു കിലോ ബീൻസിന് എട്ട് രൂപ. |
| | ആ പുസ്തകക്കെ ഏളു റൂപായി. | ആ പുസ്തകത്തിന് ഏഴ് രൂപ. |
| | തെംഗിനകായി എറഡക്കെ ഹന്നെറഡു രൂപായി. | തേങ്ങ രണ്ടിന് പന്ത്രണ്ട് രൂപ. |
| 2.3 | അവനിഗെ ഏനു ബേകു? | അവന് എന്ത് വേണം? |
| | നനഗെ ഒംദു ചപാതി ബേകു. | എനിക്ക് ഒരു ചപ്പാത്തി വേണം. |
| | നിനഗെ എഷ്ടു ദോസെ ബേകു? | നിനക്ക് എത്ര ദോശ വേണം? |
| | അവറിഗെ ഹന്നൊംദു രൂപായി ബേകു. | അവർക്ക് പതിനൊന്ന് രൂപ വേണം. |
| | അവളിഗെ ഏനൂ ബേഡ. | അവൾക്ക് ഒന്നും വേണ്ട. |
| 2.4 | സീതെഗെ ആ സീറെ ബേഡവാ? | സീതയ്ക്ക് ആ സാരി വേണ്ടായോ? |
| | റാജനിഗെ ഹത്തു റൂപായി ബേകാ? | രാജന് പത്ത് രൂപ വേണോ? |
| | റാമനിഗെ ഇപ്പത്തു റൂപായി ബേകു. | രാമന് ഇരുപത് രൂപ വേണം. |
| | ആ കോലേജിഗെ ഒള്ളെയ ഹെസറു ഇദെ. | ആ കോളെജിന് നല്ല പേരുണ്ട്. |
| | നിമ്മ ഊറിഗെ എഷ്ടു കിലോ മീറ്റർ? | നിങ്ങളുടെ നാട്ടിലേക്ക് എത്ര കിലോമീറ്ററുണ്ട്? |

## 3. പഠിതാക്കൾക്കുള്ള സൂചന :

- (ഇ)ഗെ, - അഗെ, - അക്കെ ഇവ ഉദ്ദേശികാർത്ഥ സൂചക പ്രത്യയങ്ങളാണ്. (യ്ക്ക്, ന്-ഈ അർത്ഥങ്ങൾ സൂചിപ്പിക്കുന്നു.)



ദിശ, ഫലഭോക്താവ്, സ്വീകർത്താവ്, അഥവാ വസ്തുവിന്റെയോ, ഗുണത്തിന്റെയോ ഉടമസ്ഥൻ - ഈ അർത്ഥങ്ങൾ സൂചിപ്പിക്കാൻ വേണ്ടി പ്രയോഗിക്കുന്നു.

3.1 ഉദ്ദേശികാ വിഭക്തിയുടെ പ്രയോഗം താഴെ പറയുന്നതുപോലെയാണ്.

3.1.1 - (ഇ)ഗെ.

3.1.1.1 -'ഉ'കാരാന്ത നപുംസകനാമം, -'അ'കാരാന്ത വ്യക്തിനാമങ്ങൾ പ്രഥമ പുരുഷ സർവ്വനാമങ്ങൾ ഇവയോട് ഉദ്ദേശികാ വിഭക്തി രൂപമായി - 'ഇഗെ' ചേരുന്നു.

| | | |
|---|---|---|
| കാലേജു + ഇഗെ | = കാലേജിഗെ | (കോളേജിലേക്ക്) |
| ഊറു + ഇഗെ | = ഊറിഗെ | (നാട്ടിലേക്ക്) |
| ബസ്സു + ഇഗെ | = ബസ്സിഗെ | (ബസ്സിന്) |
| റാമ + ഇഗെ | = റാമനിഗെ | (രാമന്) |
| സറസ + ഇഗെ | = സറസനിഗെ | (സരസയ്ക്ക്) |
| അവനു + ഇഗെ | = അവനിഗെ | (അവന്) |
| അവളു + ഇഗെ | = അവളിഗെ | (അവൾക്ക്) |
| അവറു + ഇഗെ | = അവറിഗെ | (അവർക്ക്) |

3.1.1.2 'ഇ'കാരാന്ത, 'എ'കാരാന്തങ്ങളായ എല്ലാ നാമങ്ങളുടെയും ഉദ്ദേശികാ രൂപം ഉണ്ടാക്കാൻ 'ഗെ'പ്രത്യയം ഉപയോഗിക്കുന്നു.

| | | |
|---|---|---|
| സുമതി + ഗെ | = സുമതിഗെ | (സുമതിക്ക്) |
| റാധെ + ഗെ | = റാധെഗെ | (രാധയ്ക്ക്) |
| മനെ + ഗെ | = മനെഗെ | (വീട്ടിലേക്ക്) |
| നായി + ഗെ | = നായിഗെ | (നായ്ക്ക്) |
| തറകാറി + ഗെ | = തറകാറിഗെ | (പച്ചക്കറിക്ക്) |

3.1.2 ഉത്തമ പുരുഷ, മധ്യമ പുരുഷ സർവനാമങ്ങളുടെ ഉദ്ദേശികാ രൂപമുണ്ടാക്കാൻ 'അഗെ' പ്രത്യയം ചേർക്കുന്നു. (ഉകാരം ലോപിക്കും)

| | | |
|---|---|---|
| നാനു + അഗെ | = നനഗെ | (എനിക്ക്) |

| | | |
|---|---|---|
| നാവു + അഗെ | = നമഗെ | (ഞങ്ങൾക്ക്) |
| നീനു + അഗെ | = നിനഗെ | (നിനക്ക്) |
| നീവു + അഗെ | = നിമഗെ | (നിങ്ങൾക്ക്) |

3.1.3 അകാരാന്ത നപുംസകനാമം, പ്രഥമ പുരുഷ നപുംസക നാമം, സംഖ്യാപദങ്ങൾ – ഇവയുടെ ഉദ്ദേശികാ രൂപങ്ങൾ ഉണ്ടാക്കാൻ 'അക്കെ' പ്രത്യയം ഉപയോഗിക്കുന്നു.

| | | |
|---|---|---|
| മറ + അക്കെ | = മറക്കെ | (മരത്തിന്) |
| കാഗദ + അക്കെ | = കാഗദക്കെ | (കടലാസിന്) |
| അദു + അക്കെ | = അദക്കെ | (അതിന്) |
| ഒംദു + അക്കെ | = ഒംദക്കെ | (ഒന്നിന്) |
| നൂറു + അക്കെ | = നൂറക്കെ | (നൂറിന്) |

3.2 സംഖ്യാപദങ്ങൾ പരിചയപ്പെടുത്തുന്നു.

| | |
|---|---|
| ഒംദു | (ഒന്ന്) |
| എറഡു | (രണ്ട്) |
| മൂറു | (മൂന്ന്) |
| നാല്ക്കു | (നാല്) |
| ഐദു | (അഞ്ച്) |
| ആറു | (ആറ്) |
| ഏളു | (ഏഴ്) |
| എംടു | (എട്ട്) |
| ഒംബത്തു | (ഒമ്പത്) |
| ഹത്തു | (പത്ത്) |

ഈ സംഖ്യാപദങ്ങളെ കൂട്ടിയും പെരുപ്പിച്ചും വികസിപ്പിക്കാം.

| | | |
|---|---|---|
| ഹത്തു + ഒംദു | = ഹന്നൊംദു | (പതിനൊന്ന്) |
| ഹത്തു + എറഡു | = ഹന്നെറഡു | (പന്ത്രണ്ട്) |



| | | |
|---|---|---|
| ഹത്തു + മൂറു | = ഹദിമൂറു | (പതിമൂന്ന്) |
| ഹത്തു + നാല്ക്കു | = ഹദിനാല്ക്കു | (പതിനാല്) |
| ഹത്തു + ഐദു | = ഹദിനൈദു | (പതിനഞ്ച്) |
| ഹത്തു + ആറു | = ഹദിനാറു | (പതിനാറ്) |
| ഹത്തു + ഏളു | = ഹദിനേളു | (പതിനേഴ്) |
| ഹത്തു + എംടു | = ഹദിനെംടു | (പതിനെട്ട്) |
| ഹത്തു + ഒംബത്തു | = ഹത്തൊംബത്തു | (പത്തൊമ്പത്) |
| ഹത്തു + ഹത്തു | = ഇപ്പത്തു | (ഇരുപത്) |

പതിനൊന്ന് മുതൽ പത്തൊമ്പത്‌വരെയുള്ള സംഖ്യാപദങ്ങൾക്ക് ചെറിയ വ്യത്യാസം കാണാം. (മലയാളത്തിൽ ഈ പ്രത്യേകതയില്ല)

ഇരുപതിനു ശേഷമുള്ള സംഖ്യാപദങ്ങൾ, മലയാളത്തിലേതു പോലെ, പത്തിന്റെ പെരുക്കങ്ങളോട് അടിസ്ഥാനസംഖ്യ കൂടിയ രൂപത്തിലാണ്.

| | | |
|---|---|---|
| ഇപ്പത്തു + ഒംദു | = ഇപ്പത്തൊംദു | (ഇരുപത്തി ഒന്ന്) |
| ഇപ്പത്തു + എറഡു | = ഇപ്പത്തെറഡു | (ഇരുപത്തി രണ്ട്) |

അടിസ്ഥാന സംഖ്യയോട് പത്തിനെ സൂചിപ്പിക്കുന്ന പദം ചേർത്തിട്ടാണ് പത്തിന്റെ പെരുക്കങ്ങൾ ഉണ്ടാക്കുന്നത്.

| | | |
|---|---|---|
| മൂറു + ഹത്തു | = മൂവത്തു | (മുപ്പത്) |
| നാല്ക്കു + ഹത്തു | = നലവത്തു | (നാൽപ്പത്) |
| ഐദു + ഹത്തു | = ഐവത്തു | (അമ്പത്) |
| ആറു + ഹത്തു | = അർവത്തു | (അറുപത്) |
| ഏളു + ഹത്തു | = എപ്പത്തു | (എഴുപത്) |
| എംടു + ഹത്തു | = എംബത്തു | (എൺപത്) |
| ഒംബത്തു + ഹത്തു | = തൊംബത്തു | (തൊണ്ണൂറ്) |
| ഹത്തു + ഹത്തു | = നൂറു | (നൂറ്) |

നൂറിനു ശേഷമുള്ള സംഖ്യാവാചക പദങ്ങളും അതുപോലെ തന്നെ.

നൂറഒംദു (നൂറ്റിഒന്ന്)

നൂറഹത്തു (നൂറ്റിപത്ത്)

ആദ്യത്തെ സംഖ്യാപദത്തോട് 'അ' എന്ന സംബന്ധസൂചക പ്രത്യയം ചേർത്തിട്ടാണ് പ്രയോഗിക്കുന്നത്.

ഐനൂറ ഹത്തു (അഞ്ഞൂറ്റിപത്ത്)

ഒംദു സാവിറദ എറഡു (ഒരായിരത്തി രണ്ട്)

3.3 'വേണം' എന്ന അർത്ഥത്തിൽ 'ബേകു' എന്നും, 'വേണ്ട' എന്ന അർത്ഥത്തിൽ 'ബേഡ' എന്നും പ്രയോഗിക്കുന്നു. ഇവ രണ്ടും എല്ലായ്പോഴും ഉദ്ദേശികാവിഭക്തി രൂപത്തോട് മാത്രമേ ചേരുകയുള്ളു.

നനഗെ കാഫി ബേകു. (എനിക്ക് കാപ്പി വേണം)

റാജനിഗെ നീറു ബേഡവാ? (രാജന് വെള്ളം വേണ്ടേ?)

3.4 എഷ്ടു – എത്ര. ഇത് പരിമാണ സൂചകമായ ചോദ്യരൂപമാണ്. (വിശേഷണത്തിലും സർവ്വനാമത്തിലും ചേരും)

ആ പുസ്തകക്കെ എഷ്ടു റൂപായി? (ആ പുസ്തകത്തിന് എത്ര രൂപ?)

അവനു എഷ്ടനെയ തറഗതി? (അവൻ എത്രാം ക്ലാസ്സിലാണ്?)

## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 നിമ്മ അംഗഡിയല്ലി സൗതെക്കായി ..............................?

4.1.2 അവളിഗെ ഇന്നേനു ..............................?

4.1.3 സരോജന വയസ്സു ..............................

4.1.4 .............................. ഒംദു കംതെഗെ ഐവത്തു പൈസ.



**4.2 ആവരണത്തിൽ കൊടുത്തിരിക്കുന്ന മലയാളം വാക്കുകൾക്ക് തുല്യമായ കന്നഡ വാക്കുകളെകൊണ്ട് പൂരിപ്പിക്കുക.**

4.2.1 നനഗെ ഒംദു കിലോ .............................. ബേകു. (വഴുതിനങ്ങ)

4.2.2 എല്ലാ സാമാനിഗെ .............................. ജാസ്തി. (വില)

4.2.3 .................. ഒംദക്കെ ഒംദു റുപായി ഐവത്തു പൈസെ. (മുട്ട)

4.2.4 അവനിഗെ ഇഡ്‌ലി സാംബാർ .............................. (വേണ്ട)

**4.3 ആവരണത്തിൽ കൊടുത്തിരിക്കുന്ന വാക്കുകളുടെ ശരിയായ രൂപങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.3.1 .............................. ഏനു ബേകു (നീവു)

4.3.2 ദൊഡ്ഡ .............................. എഷ്ടു? (കുംബളക്കായി)

4.3.3 .............................. ആറു സ്ടാംപു ബേകു. (എറഡു റൂപായി)

4.3.4 സൗതെകായി .............................. ? (ഇല്ല)

**4.4 മാതൃക അനുസരിച്ച് മാറ്റിയെഴുതുക.**

4.4.1 മാതൃക : ബെംഡെകായി – ബെംഡെക്കായിഗെ

മാലിനി –

റവി –

നാദിനി –

സീതെ –

മനെ –

അത്തെ –

സൗതെകായി –

4.4.2 ബാളെഹണ്ണു – ബാളെഹണ്ണിഗെ

കൊത്തംബരി സൊപ്പു –

കാളു –

മഗളു –

അവനു –

| | | |
|---|---|---|
| | അവളു | – |
| | അവറു | – |
| 4.4.3 | ചിക്കദു | – ചിക്കദക്കെ |
| | ദൊഡ്ഡദു | – |
| | ഒംദു | – |
| | എറഡു | – |
| | ആറു | – |
| | അദു | – |
| 4.4.4 | നാനു | – നനഗെ |
| | നീനു | – |
| | നീവു | – |
| 4.4.5 | റാജു | – രാജുവിഗെ |
| | റാമു | – |
| | ഹസു | – |
| | ഗുറു | – |
| | സറയു | – |
| | കറു | – |
| 4.4.6 | കമല | – കമലനിഗെ |
| | അശോക | – |
| | വിനുത | – |
| | മഗ | – |
| | ഭാവ | – |

**4.5 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

എനിക്കു ഒരു കപ്പ് കോഫി വേണം.

നിങ്ങളുടെ വീട്ടിന് വാടക എത്ര.

അനിതയ്ക്ക് വഴുതിനങ്ങ വേണ്ട.



നിനക്കു എന്തെങ്കിലും വേണോ?

വലിയ കുംബളങ്ങയ്ക്ക് വില എത്ര?

**4.6 സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.**

ഐദു.

കഡിമെ.

ജാസ്തി.

ആമേലെ.

**4.7 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

നിമഗെ ഏനു ബേകു?

സവിതന സീറെഗെ എഷ്ടു റൂപായി?

നിമ്മ മഗളിഗെ ഹബ്ബക്കെ ഹൊസ ലംഗ ബേഡവാ?

നിമഗെ സംബള എഷ്ടു?

## 5. പദസഞ്ചയം

| | |
|---|---|
| ആമേലെ | പിന്നെ |
| ഇന്നേനു | ഇനി എന്ത് |
| എഷ്ടു | എത്ര |
| കഡിമെ | കുറവ് |
| കംതെ | കെട്ട് |
| കൊത്തംബരി സൊപ്പു | മല്ലിച്ചപ്പ് |
| കോളിമൊട്ടെ | കോഴിമുട്ട |
| കുംബളക്കായി | കുമ്പളങ്ങ |
| ജാസ്തി | അധികം |
| ടൊമാടോ | തക്കാളി |
| തറകാറി | പച്ചക്കറി |

| | |
|---|---|
| താജാമാലു | പുതിയ സാധനം |
| ബദനെക്കായി | വഴുതിനങ്ങ |
| ബെലെ | വില |
| ഹബ്ബ | ഉത്സവം, ആഘോഷം |

**5.1 അനുബന്ധ പദസഞ്ചയം**

| | |
|---|---|
| കാലു | കാൽ |
| ബാളെഹണ്ണു | വാഴപ്പഴം |
| ബെണ്ടെക്കായി | ബെണ്ടയ്ക്ക |
| വയസ്സു | വയസ്സ് |
| സാമാനു | സാധനം |
| സൗതെകായി | വെള്ളരിക്ക |
| ഹുരുളിക്കായി | ബീൻസ് |

# പാഠം – 7

## സംഖ്യാ വിശേഷണം, ബഹുവചനം, പുരുഷാർത്ഥങ്ങളുടെ സംഖ്യാരൂപങ്ങൾ

### 1. സംഭാഷണങ്ങൾ

| | | കന്നഡ | മലയാളം |
|---|---|---|---|
| കമല | : | ഇവത്തു എഷ്ടനെ താരീകു? | ഇന്ന് എത്രാം തീയ്യതിയാണ്? |
| ശീല | : | ഇവത്തു ഹന്നൊംദനേ താരീകു. | ഇന്ന് പതിനൊന്നാം തീയ്യതിയാണ്. |
| കമല | : | നാളെ ഹന്നെരഡനെ താരീകു. മംഗളവാറ നമഗെ റജ. | നാളെ പന്ത്രണ്ടാം തീയ്യതി, ചൊവ്വാഴ്ച ഞങ്ങൾക്ക് അവധിയാണ്. |
| ശീല | : | യാകെ? | എന്തിന്? |
| കമല | : | നാളെ നമ്മ കാലേജിന വാർഷികോത്സവ. | നാളെ ഞങ്ങളുടെ കോളേജിന്റെ വാർഷികോത്സവമാണ്. |
| ശീല | : | മുഖ്യ അതിഥി യാറു? | ആരാണ് മുഖ്യ അതിഥി? |
| കമല | : | മുഖ്യ അതിഥി ഡാ. സർവജ്ഞ. | മുഖ്യ അതിഥി ഡോ. സർവജ്ഞ. |
| ശീല | : | നിമ്മ കാലേജു ദൊഡ്ഡ കാലേജാ? | നിങ്ങളുടെ കോളേജ് വലിയ കോളേജാണോ? |
| കമല | : | ഹൗദു തുംബാ ദൊഡ്ഡ കാലേജു. | അതെ, വളരെ വലിയ കോളേജാണ്. |

| | | | |
|---|---|---|---|
| ശീല | : | വിദ്യാർത്ഥിഗള സംഖ്യെ എഷ്ടു? | വിദ്യാർത്ഥികളുടെ എണ്ണം എത്രയാണ്? |
| കമല | : | വിദ്യാർത്ഥികള സംഖ്യെ ഒംദു സാവിറദ ഇന്നൂറു. | വിദ്യാർത്ഥികളുടെ എണ്ണം ഒരായിരത്തി ഇരുന്നൂറ്. |
| ശീല | : | വിദ്യാർത്ഥികളു എഷ്ടു ജന? വിദ്യാർത്ഥിനിയറു എഷ്ടു ജന? | വിദ്യാർത്ഥികളെത്ര? വിദ്യാർത്ഥിനികളെത്ര? |
| കമല | : | വിദ്യാർത്ഥിഗളു എംടുനൂറു, വിദ്യാർത്ഥിനിയറു നാന്നൂറു. | എണ്ണൂറ് വിദ്യാർത്ഥികളും, നാന്നൂറ് വിദ്യാർത്ഥിനികളും. |
| ശീല | : | അധ്യാപകുറു എഷ്ടു ജന? | അധ്യാപകർ എത്രയുണ്ട്? |
| കമല | : | നാവു അധ്യാപകറു ആറുവത്തു ജന. | ഞങ്ങൾ അധ്യാപകന്മാർ അറുപത് പേര്. |
| ശീല | : | അധ്യാപകിയറു എഷ്ടു ജന? | അധ്യാപികമാർ എത്രപേരുണ്ട്? |
| കമല | : | അവറു ഹത്തു ജന. | അവർ പത്ത് പേർ ഉണ്ട്. |
| ശീല | : | നിമ്മ കാലേജിനല്ലി എഷ്ടു കോണെഗളു ഇവെ? | നിങ്ങളുടെ കോളേജിൽ എത്ര മുറികളുണ്ട്. |
| കമല | : | ഇപ്പത്ത ഐദു കോണെളു ഇവെ. | ഇരുത്തിയഞ്ച് മുറികളുണ്ട്. |

## 1.1 സംഭാഷണം

| | | | |
|---|---|---|---|
| രവി | : | നിമഗെ എഷ്ടു ജന മക്കളു? | നിങ്ങൾക്ക് എത്ര കുട്ടികളുണ്ട്? |
| രംഗ | : | നാല്കു ജന. | നാല് പേർ. |
| രവി | : | ഹെണ്ണു മക്കളു എഷ്ടു ജന? ഗംഡു മക്കളു എഷ്ടു ജന? | പെൺമക്കൾ എത്രയുണ്ട്? ആൺ മക്കൾ എത്രപോരുണ്ട്? |
| രംഗ | : | ഗംഡു മക്കളു മുവറു, ഹെണ്ണു ഒബ്ബളു. | മൂന്ന് ആൺ കുട്ടികളും, ഒരു പെൺ കുട്ടിയും. |



| | | | |
|---|---|---|---|
| രവി | : | ഗംഡുമക്കളു എഷ്ടനെ ക്ലാസ്സു? | ആൺകുട്ടികൾ ഏത് ക്ലാസ്സുകളിലാണ്? |
| രംഗ | : | മൊദലനെയവനു ബി.എ. മൊദലനെ വർഷ, ഇബ്ബറു ഹൈസ്കൂലു, മഗളു ഹൈസ്കൂലു കൊനേയ വർഷ. | മൂത്തവൻ ബി.എ. ആദ്യവർഷം, രണ്ട് പേർ ഹൈസ്കൂളിൽ, മകൾ ഹൈസ്കൂൾ അവസാന വർഷം. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ഇവത്തു സോമവാറ. | ഇന്ന് തിങ്കളാഴ്ചയാണ്. |
| | ഇപ്പത്തൊംദനെയ താറീകു. | ഇരുപത്തിഒന്നാം തീയ്യതി. |
| | നാളെ മംഗളവാറ. | നാളെ ചൊവ്വാഴ്ചയാണ്. |
| | നാളെ ഇപ്പത്തെറഡനേയ താറീകു. | നാളെ ഇരുപത്തി രണ്ടാം തീയ്യതിയാണ്. |
| | നിന്നെ ഭാനുവാറ. | ഇന്നലെ ഞായറാഴ്ച. |
| | നിന്നെ ഇപ്പത്തനെയ താറീകു. | ഇന്നലെ ഇരുപതാം തീയ്യതി. |
| | നാഡിദു ബുധവാറ. | മറ്റെന്നാൾ ബുധനാഴ്ചയാണ്. |
| | നാഡിദു ഇപ്പത്തമൂറനെയ താറീകു. | മറ്റെന്നാൾ ഇരുപത്തിമൂന്നാം തീയ്യതിയാണ്. |
| | മൊന്നെ ശനിവാറ. | മിനിഞ്ഞാന്ന് ശനിയാഴ്ച. |
| | മൊന്നെ ഹത്തൊംഭത്തനെയ താറീകു. | മിനിഞ്ഞാന്ന് പത്തൊമ്പതാം തീയ്യതി. |
| | ആചെ നാഡിദു ഗുറുവാറ. | രണ്ടുനാൾ കഴിഞ്ഞ് വ്യാഴ്യാഴ്ചയാണ്. |
| | ആചെ നാഡിദു ഇപ്പത്തനാല്കനെയ താറീകു. | രണ്ടുനാൾ കഴിഞ്ഞ് ഇരുപത്തിനാലാം തീയ്യതിയാണ്. |

സൂചന : ആചെമൊന്നെ, ആചെ നാഡിദ്ദു എന്നീ വാക്കുകൾക്ക് തുല്യമായ പദപ്രയോഗം മലയാളത്തിൽ പതിവില്ല.

| | | |
|---|---|---|
| | ആചെ മൊന്നെ ശുക്രവാറ. | രണ്ടു നാളിന് മുമ്പ് വെള്ളിയാഴ്ചയായിരുന്നു. |
| | ആചെമൊന്നെ ഹദിനേളനെയ താറീകു. | രണ്ടു നാളിന് മുമ്പ് പതിനേഴാം തീയ്യതിയായിരുന്നു. |
| 2.2 | ശ്രീറാമ ദശറഥന മൊദലനെയ മഗ. | ശ്രീരാമൻ ദശരഥന്റെ ആദ്യത്തെ പുത്രനാണ്. |
| | ലക്ഷ്മണ മൂറനെ മഗ | ലക്ഷ്മണൻ മൂന്നാമത്തെ മകനാണ്. |
| | ഭറത എറഡനെയ മഗ | ഭരതൻ രണ്ടാമത്തെ മകനാണ്. |
| 2.3 | ഇവത്തു എഷ്ടനെയ താരീകു? | ഇന്ന് എത്രാം തീയ്യതിയാണ്? |
| | നിമ്മ മഗളു എഷ്ടനെയ ക്ലാസ്സു? | നിങ്ങളുടെ മകൾ എത്രാം ക്ലസ്സിലാണ്? |
| | റാജീവഗാന്ധി ഇന്ദിറാഗാന്ധിയ എഷ്ടനെയ മഗ? | രാജീവ്ഗാന്ധി ഇന്ദിരാഗാന്ധിയുടെ എത്രാമത്തെ മകനാണ്? |
| 2.4 | അദു ഒംദു പുസ്തക. | അത് ഒരു പുസ്തകമാണ്. |
| | അവു എറഡു പുസ്തകഗളു. | അവ രണ്ട് പുസ്തകങ്ങളാണ്.* |
| | ഇവു നാല്ക്കു പെന്നുഗളു. | ഇവ നാല് പേനകളാണ്. |
| | ഈ ഐദു നായിഗളു നമ്മവു. | ഈ അഞ്ച് നായ്ക്കളും ഞങ്ങളുടേതാണ്. |
| 2.5 | അവനു ഒബ്ബ ഹുഡുഗ. | അവൻ ഒരു പയ്യൻ. |
| | നാവു ഇബ്ബറു വിദ്യാർത്ഥിഗളു. | ഞങ്ങൾ രണ്ട് പേരും വിദ്യാർത്ഥികളാണ്. |
| | നമ്മ മനെയല്ലി എറഡു ബെക്കുഗളു ഇവെ. | ഞങ്ങളുടെ വീട്ടിൽ രണ്ട് പൂച്ചകളുണ്ട്. |
| | അവറു മൂവറു കന്നഡ വിദ്യാർത്ഥിനിയറു. | അവർ മൂന്നുപേർ കന്നഡ വിദ്യാർത്ഥിനികളാണ്. |

* മലയാളത്തിൽ സംഖ്യാവാചകം വരുമ്പോൾ നപുംസക പദങ്ങൾക്ക് ബഹുവചന പ്രത്യയം ഉപയോഗിക്കാറില്ല.



| | | |
|---|---|---|
| | ഇവറു നാല്ക്കു ജന നന്ന തമ്മംദിറു. | ഇവർ നാലു പേർ എന്റെ അനുജന്മാർ. |
| | പാംഡവറു ഐവറു. | പാണ്ഡവർ അഞ്ചുപേരാണ്. |
| | ദ്രൗപദിയ ഗംഡംദിറു ഐദു ജന. | ദ്രൗപതിയ്ക്ക് ഭർത്താക്കന്മാർ അഞ്ചുപേർ. |
| | അവറു ഇബ്ബറു നമ്മ ആളുഗളു. | അവർ രണ്ട് പേർ ഞങ്ങളുടെ വേലക്കാരാണ്. |
| 2.6 | ഈഗ ഹത്തു ഗംടെ. | ഇപ്പോൾ പത്ത് മണി. |
| | ഹന്നെറഡു ഗംടെഗെ ഹദിനൈദു നിമിഷ ഇദെ. | പന്ത്രണ്ട് മണിക്ക് പതിനഞ്ച് മിനുട്ടുണ്ട്. |
| | ഈഗ എറഡൂവറെ ഗംടെ. | ഇപ്പോൾ രണ്ടര മണി. |
| | ഹന്നൊംദൂ മുക്കാലു ഗംടെഗെ ക്ലാസു ഇദെ. | പതിനൊന്നേമുക്കാൽ മണിക്ക് ക്ലാസ് ഉണ്ട്. |
| | നിനഗെ ഒംബത്തൂ മുക്കാലു ഗംടെഗെ കാഫി ബേകാ? | നിനക്ക് ഒമ്പതേമുക്കാൽ മണിക്ക് കോഫി വേണോ? |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 അടിസ്ഥാന സംഖ്യയോട് 'അനെയ' – എന്നു ചേർത്താൽ സംഖ്യാവിശേഷണ രൂപം കിട്ടും. 'അനേ' എന്ന് സംസാര ഭാഷയിൽ ഉപയോഗിക്കാറുണ്ട്.

| | | |
|---|---|---|
| ഒംദു + അനെയ | = ഒംദനെയ | (ഒന്നാമത്തെ) |
| ഹത്തു + അനെയ | = ഹത്തനെയ | (പത്താമത്തെ) |
| നൂറു + അനെയ | = നൂറനെയ | (നൂറാമത്തെ) |

3.2 ബഹുവചന പ്രത്യയങ്ങളെ ശ്രദ്ധിക്കുക. '– അംദിറു', '– അറു', പിന്നെ '–ഗളു' ഇവ മൂന്നും ബഹുവചന പ്രത്യയങ്ങളാണ്.

3.2.1 'അ'കൊണ്ട് അവസാനിക്കുന്ന സംബന്ധവാചങ്ങൾക്ക് '– അംദിറു' വരും. മലയാളത്തിൽ ഈ അർത്ഥം കാണിക്കാൻ '– മാർ' എന്ന ബഹുവചന പ്രത്യയമാണ് ഉപയോഗിക്കുന്നത്.

| | | |
|---|---|---|
| അണ്ണ + അംദിറു | = അണ്ണംദിറു | (ജ്യേഷ്ഠൻമാർ) |

ബാവ + അംദിറു = ബാവംദിറു (അളിയൻമാർ)

അക്ക + അംദിറു = അക്കംദിറു (ചേച്ചിമാർ)

3.2.2 -വ്യക്തി നാമപദങ്ങൽക്ക്-'അറു' വരുന്നതാണ്. (മലയാളത്തിൽ യുക്തം പോലെ 'മാർ' എന്നും 'കൾ' എന്നും വരും.)

അധ്യാപക + അറു = അദ്ധ്യാപകറു (അധ്യാപകൻമാർ)

വിദ്യാർത്ഥിനി + അറു= വിദ്യാർത്ഥിനിയറു (വിദ്യാർത്ഥിനികൾ)

സൊസെ + അറു = സൊസെയന്തിറു (മരുമക്കൾ - പുത്ര ഭാര്യ മാരും, സഹദരിയുടെ പെൺമക്കളും)

3.2.3 നപുംസക നാമപദങ്ങളുടെ ബഹുത്വം കാണിക്കാൻ 'ഗളു' എന്നും ചേർക്കുന്നു. (മലയാളത്തിൽ 'കൾ')

| | | |
|---|---|---|
| മറ + ഗളു | = മറഗളു | (മരങ്ങൾ) |
| കുർചി + ഗളു | = കുർചിഗളു | (കസേരകൾ) |
| ദിന + ഗളു | = ദിനഗളു | (ദിനങ്ങൾ) |
| ഹസു + ഗളു | = ഹസുഗളു | (പശുക്കൾ) |
| വർഷ + ഗളു | = വർഷഗളു | (വർഷങ്ങൾ) |

അപവാദം : ചില വ്യക്തിനാമങ്ങൾക്കും 'ഗളു' എന്ന ബഹുവചന പ്രത്യയം ചേർക്കുന്നു.

| | | |
|---|---|---|
| മംത്രി + ഗളു | = മംത്രിഗളു | (മന്ത്രിമാർ) |
| ഗുറു + ഗളു | = ഗുറുഗളു | (ഗുരുക്കൻമാർ) |
| വിദ്യാർത്ഥി + ഗളു | = വിദ്യാർത്ഥിഗളു | (വിദ്യാർത്ഥികൾ) |

3.3 നാവു- (ഞങ്ങൾ) പ്രഥമപുരുഷ ബഹുവചന സർവ്വനാമമാണ്.

3.4 വ്യക്തി നാമങ്ങളുടെ മുമ്പിൽ വരുന്ന അടിസ്ഥാന സംഖ്യാപദങ്ങൾ വ്യക്തി സംഖ്യാപദങ്ങളായി മാറുന്നത് ശ്രദ്ധിക്കുക.



| | |
|---|---|
| അദു ഒംദു മറ | (അതൊരു മരമാണ്) |
| അവനു ഒബ്ബ ഹുഡുഗ | (അവൻ ഒരു ചെറുക്കനാണ്) |

അതു പോലെ

| | | |
|---|---|---|
| എറഡു | - ഇബ്ബറു | (രണ്ട്പേർ) |
| മൂറു | - മൂവറു | (മൂന്നുപേർ) |
| നാൽകു | - നാൽവറു | (നാൽപേർ) |
| ഐദു | - ഐവറു | (അഞ്ചുപേർ) |

ആറിന് ഷേശം 'അറു ചേർക്കുന്നതല്ല - എന്നാൽ മൂന്നിന് ശേഷം 'ജന (മംദി)' (ആൾ) എന്ന് സാധാരണയായി ചേർക്കാറുണ്ട്. അവയുടെ രൂപങ്ങൾ (മലയാളത്തിൽ ഒരു മരം, ഒരു മനുഷ്യൻ - ഇങ്ങനെ വ്യക്തി നാമമെന്നോ, നപുംസകമെന്നോ വ്യത്യാസം കൂടാതെ 'ഒന്ന്' എന്നത് 'ഒരു' എന്നായി മാറും. രണ്ടു മുതലുള്ള സംഖ്യാവിശേഷണത്തിന് മാറ്റമില്ല.

| | |
|---|---|
| മൂറു ജന | മൂന്നാൾ |
| ഹത്തു ജന | പത്താൾ |
| നൂറു ജന | നൂറാൾ |

എഷ്ടു (എത്ര) എന്നതിന്റെ കൂടെയും 'ജന' ചേർക്കാറുണ്ട്.

3.5 ആയിരത്തിന് മുകളിലുള്ള സംഖ്യകളെ ശ്രദ്ധിക്കുക.

ഒംദു സാവിറദ നൂറഹത്തു ഒരായിരത്തി നൂറ്റിപത്ത്.

'അ' എന്ന സംബന്ധ സൂചകം 'സാവിറ' (ആയിരം) എന്ന സംഖ്യാ പദത്തോട് ചേർക്കുന്നു. സംഖ്യാപദത്തിന്റെ മുമ്പിൽ 'നൂറു' എന്ന രൂപം 'നൂറ' എന്നാകും.

| | |
|---|---|
| നൂറ എംടു | നൂറ്റിഎട്ട് |
| സാവിറദ ഒംബൈനൂറ നലവത്ത ഏളു. | ആയിരത്തി തൊള്ളായിരത്തി നാല്പത്തി ഏഴ്. |

3.6 ശ്രീറാമനു എഷ്ടനെയ മഗ? ശ്രീരാമൻ എത്രാമത്തെ മകനാണ്?

## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെകൊണ്ട് പൂരിപ്പിക്കുക.**

4.1.1 ഇവത്തു ..................... താറീകു?

4.1.2 ഭാനുവാറ നമഗെ .....................

4.1.3 റവിഗെ ..................... മക്കളു?

4.1.4 സമാറംഭദ ..................... ഡാ. മനോഹർ.

4.1.5 അവനിഗെ ..................... എഷ്ടു ജന?

**4.2 ആവരണത്തിൽ കൊടുത്തിരിക്കുന്ന മലയാള പദങ്ങൾക്ക് സമാനമായ കന്നഡ പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.2.1 നനഗെ ..................... മഗളു. (ഒന്ന്)

4.2.2 മാധവിയ ..................... മഗ യാവ ക്ലാസു. (ആദ്യത്തെ)

4.2.3 സുരേശന മനെയല്ലി ..................... കോണെഗളു ഇവെ. (പതിനഞ്ച്)

4.2.4 ശാലിനിഗെ ..................... തംഗിയറു. (രണ്ട്)

4.2.5 ഇദു ..................... മനെ. (ഞങ്ങളുടെ)

**4.3 മാതൃക അനുസരിച്ച് മാറ്റുക.**

4.3.1 മാതൃക : ഒംദു – ഒംദനെയ

എറഡു –

എഷ്ടു –

മൊദലു –

4.3.2 മാതൃക : വിദ്യാർത്ഥി – വിദ്യാർത്ഥിഗളു

മംത്രി –

ആളു –

അസ്പത്രെ –

മറ –



4.3.3 മാതൃക : വിദ്യാർത്ഥിനി – വിദ്യാർത്ഥിനിയരു

ഹുഡുഗി –

ഗുമാസ്ത –

വൈദ്യ –

വിധ്വാംസ –

**4.4 അടിയിൽ വരയിട്ട പദങ്ങളുടെ ചോദ്യമുണ്ടാക്കുക.**

4.4.1 ഇവത്തു <u>ഗുറുവാറ</u>.

4.4.2 നാളെ <u>ഹത്തനെ</u> താറീകു.

4.4.3 നനഗെ <u>നാല്കു</u> ജന മക്കളു.

4.4.4 റവിഗെ <u>ഐദു</u> റൂപായി ബേകു.

4.4.5 <u>അവള</u> ഹെസറു ലീല.

4.4.6 അദു <u>മാലതിയ</u> മനെ.

4.4.7 അവറ മാതൃഭാഷെ തെലുഗു <u>അല്ല</u>.

**4.5 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.5.1 ഇന്ന് ഏത് ആഴ്ചയാണ്?

4.5.2 എന്റെ മകളുടെ പിറന്നാൾ ഒക്ടോബർ പത്തിനാണ്.

4.5.3 ഞങ്ങൾക്ക് ബെംഗളൂറിൽ രണ്ട് വീടുണ്ട്.

4.5.4 നിങ്ങളുടെ ക്ലാസ്സിൽ എത്രപേർ ഉണ്ട്?

4.5.5 നിങ്ങൾക്ക് പെൺ മക്കൾ എത്രപേർ ഉണ്ട്?

**4.6 ഉത്തരം പറയുക**

4.6.1 നിമ്മ മഗന/മഗള പരീക്ഷെ യാവാഗ?

4.6.2 നിമഗെ എഷ്ടു ജന തംഗിയറു/തമ്മംദിറു?

4.6.3 നാളെ നിമഗെ റജാനാ?

4.6.4 നീവു ഒബ്ബനേ/ഒബ്ബളേ മഗനാ/മഗളാ?

## 5. പദസഞ്ചയം

| | |
|---|---|
| ഇവത്തു | – ഇന്ന് |
| ഗംഡുമക്കളു | – ആൺകുട്ടികൾ |
| ജന്മദിന | – പിറന്നാൾ |
| താരീകു | – തീയ്യതി |
| നാളെ | – നാളെ |
| മംഗളവാറ | – ചൊവ്വാഴ്ച |
| മുഖ്യ അതിഥി | – മുഖ്യ അതിഥി |
| റജ | – അവധി |
| വാർഷികോത്സവ | – വാർഷികോൽസവം |
| സംഖ്യെ | – സംഖ്യ |
| ഹെണ്ണു മക്കളു | – പെൺ മക്കൾ |

### 5.1 അനുബന്ധ പദസഞ്ചയം

| | |
|---|---|
| ആളു | – വേലക്കാരൻ |
| ഗംടെ | – മണി (സമയം) |
| ഗുറുവാറ | – വ്യാഴാഴ്ച |
| നിമിഷ | – നിമിഷം |
| ബെക്കു | – പൂച്ച |
| ബുധവാറ | – ബുധനാഴ്ച |
| ഭാനുവാറ | – ഞായറാഴ്ച |
| സോമവാറ | – തിങ്കളാഴ്ച |
| ശുക്രവാറ | – വെള്ളിയാഴ്ച |

# പാഠം – 8

## വരണ സൂചക വിശേഷണങ്ങൾ, മാതൃകാ ക്രിയാരൂപങ്ങൾ, ഇല്ല എന്ന ക്രിയാ നിഷേധം

### 1. സംഭാഷണങ്ങൾ

| | കന്നഡ | മലയാളം |
|---|---|---|
| തുണിക്കടക്കാരൻ : | ഏനു ബേകു സാർ? | എന്തു വേണം സാർ? |
| റമേശ് : | നനഗെ ശർട്ടിഗെ പ്യാൻടിഗെ ബട്ടെ ബേകു. | എനിക്ക് ഷർട്ടിനും പാന്റിനും തുണി വേണം. |
| തു.ക. : | യാവ ബട്ടെ ബേകു സാർ? | ഏത് തുണി വേണം, സാർ? |
| റമേശ് : | ശർട്ടിഗെ പാലിയെസ്ടർ പ്യാംടിഗെ ടെറിവുൽ ബേകു. | ഷർട്ടിന് പോളിസ്റ്റർ, പാന്റിന് ടെരിവുൾ വേണം. |
| തു.ക. : | ശർട്ടു ബട്ടെഗെ യാവ ബണ്ണ ബേകു സാർ? | ഷർട്ടിന് എത് നിറം വേണം സാർ? |
| റമേശ് : | യാവ യാവ ബണ്ണ ഇദെ? | ഏതേത് നിറങ്ങൾ ഉണ്ട്? |
| തു.ക. : | കെംപു, ബിളി, നീലി, ഹളദി എല്ലാ ഇദെ. | ചുവപ്പ്, വെള്ള, നീല, മഞ്ഞ എല്ലാം ഉണ്ട്. |
| റമേശ് : | കെംപു ബേഡ. അദു നനഗെ ഇഷ്ട ഇല്ല. നീലി നനഗെ ഇഷ്ട. | ചുവപ്പ് വേണ്ട. അത് എനിക്ക് ഇഷ്ടമില്ല. നീലയാണ് എനിക്ക് ഇഷ്ടം. |

| | | | |
|---|---|---|---|
| തു.ക. | : | എഷ്ടു ബേകു സാർ? | എത്ര വേണം സാർ? |
| റമേശ് | : | എറഡു മീറ്റർ ബേകു. | രണ്ട് മീറ്റർ വേണം. |
| തു.ക | : | ഷർട്ടിഗെ എറഡു മീട്ടർ സാലല്ല സാർ. | ഷർട്ടിന് രണ്ട് മീറ്റർ തികയില്ല സാർ. |
| റമേശ് | : | നനഗെ എറഡു മീട്ടർ സാകു. | എനിക്ക് രണ്ട് മീറ്റർ മതി. |
| തു.ക. | : | പ്യാംടിഗെ യാവ ബണ്ണ ബേകു, സാർ? | പാന്റിന് ഏത് നിറമാണ് വേണ്ടത് സാർ? |
| റമേശ് | : | പ്യാംടിഗെ കപ്പു ബേകു. | പാന്റിന് കറുപ്പ് വേണം. |
| തു.ക. | : | ബിളിദു ബേഡവാ സാർ? റേമംഡ്സ് ഇദെ. | വെളുത്തത് വേണ്ടെയോ സാർ. റേമോണ്ട്സ് ഉണ്ട്. |
| റമേശ് | : | ബേഡ. കരീദെ സാകു. | വേണ്ടാ കറുത്തത് മതി |
| തു.ക. | : | സറി സർ. | ശരി സാർ |
| റമേശ് | : | നിമ്മല്ലി സ്വെടർ ഇൽവാ? | നിങ്ങളുടെ അടുത്ത് സ്വെറ്റർ ഇല്ലെയോ? |
| തു.ക. | : | ഇല്ല സാർ നമ്ദെ ഇന്നൊംദു അംഗഡി ഇദെ. അല്ലി സ്വെട്ടർ ഇദെ. | ഇല്ലാ സാർ. ഞങ്ങളുടെതന്നെ വേറൊരു കട ഉണ്ട്. ഇവിടെ സ്വെറ്റർ ഉണ്ട്. |
| റമേശ് | : | നിമ്മ ഇന്നൊംദു അംഗഡി എല്ലി ഇദെ? | നിങ്ങളുടെ വോറൊരു കട എവിടെയാണ്? |
| തു.ക. | : | നിമഗെ വാസവി ക്ലോത്ത് സെംടർ ഗൊത്താ, സാർ? | നിങ്ങൾക്ക് വാസവി ക്ലോത്ത് സെന്റർ അറിയാമോ സാർ? |
| റമേശ് | : | ഇല്ല. ഗൊത്തില്ല. | ഇല്ല. അറിഞ്ഞു കൂടാ. |
| തു.ക. | : | സംഗമ് ഥിയേട്ടർ ഗൊത്താ? | സംഗം തിയേറ്റർ അറിയാമോ? |
| റമേശ് | : | ഹൗദു. ഗൊത്തു | അതെ. അറിയാം |
| തു.ക. | : | അദറ പക്കദല്ലി ഇദെ. | അതിന്റെ അടുത്ത് തന്നെയാണ്. |



## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ആ ബിളി ശർട്ടു യാറദു? | ആ വെള്ള ഷർട്ട് ആരുടെതാണ്? |
| | ഈ ഹസിറു ലംഗ നന്നദു. | ഈ പച്ച പാവട എന്റെതാണ്. |
| | ഈ കെംപു പെന്നിന ബെലെ എഷ്ടു? | ഈ ചുവപ്പ് പേനയുടെ വില എന്താണ്? |
| | നനഗെ കപ്പു കർചീഫ് ബേഡ. | എനിക്ക് കറുത്ത കർചീഫ് വേണ്ട. |
| | റാമനിഗെ നീലി ബണ്ണ ബേകു. | രാമന് നീല നിറം വേണം. |
| | രജനിഗെ ഹളദി സീറെ ബേകു. | രജനിക്ക് മഞ്ഞസാരി വേണം. |
| | ആ ഗോഡെയ ബണ്ണ ബിളി. | ആ മതിലിന്റെ നിറം വെളുത്തതാണ്. |
| | അവറ കാറിന ബണ്ണ തെളു നീലി. | അവരുടെ കാറിന്റെ നിറം ഇളം നീലയാണ്. |
| | അവന സൈക്കല്ലു കഡു നീലിദു. | അവന്റെ സൈക്കൾ കടും നീലയാണ്. |
| 2.2 | റവിഗെ കഥെ പുസ്തക ഇഷ്ട. | രവിക്ക് കഥാ പുസ്തകം ഇഷ്ടമാണ്. |
| | രജനിഗെ കഥെ പുസ്തക ഇഷ്ട ഇല്ല. | രജനിക്ക് കഥാ പുസ്തകം ഇഷ്ടമല്ല. |
| | അവളിഗെ ചപാതി ഇഷ്ട ഇല്ല. | അവൾക്ക് ചപ്പാത്തി ഇഷ്ടമല്ല. |
| | നനഗെ ഉപ്പിനകായി ഇഷ്ട. | എനിക്ക് അച്ചാർ ഇഷ്ടമാണ്. |
| 2.3 | നിമഗെ വിധാനസൗധ ഗൊത്താ? | നിങ്ങൾക്ക് വിധാനസൗധ (സെക്രട്ടറിയേറ്റ്) അറിയാമോ? |
| | റാമനിഗെ റാവണ ഗൊത്താ? | രാമന് രാവണനെ അറിയാമോ? |

| | |
|---|---|
| ലലിതനിഗെ ഹിംദി സിനിമാ ഇഷ്ടാനാ? | ലലിതയ്ക്ക് ഹിന്ദി സിനിമാ ഇഷ്ടമാണോ? |
| ഇവറിഗെ കന്നഡ സിനിമാ ഇഷ്ട ഇൽവാ? | ഇവർക്ക് കന്നഡ സിനിമാ ഇഷ്ടമില്ലേ? |
| അവളിഗെ ഹത്തു റൂപായി ബേകാ? | അവൾക്ക് പത്തു രൂപ വേണോ? |
| നിമഗെ കാഫി ബേഡവാ? | നിങ്ങൾക്ക് കാഫി വേണ്ടായോ? |
| ഇവറിഗെ അർദ്ധ കപ് കാഫി സാകാ? | ഇവർക്ക് അര കപ്പ് കാപ്പി മതിയോ? |
| നായിഗെ ഒംദു കപ് ഹാലു സാലദാ? | നായ്ക്ക് ഒരു കപ്പ് പാൽ പോരെ? |
| നനഗെ മാലിനി ഗൊത്തു. | എനിക്ക് മാലിനിയെ അറിയാം. |
| അവറിഗെ രവീൻദ്ര കലാക്ഷേത്ര ഗൊത്തു. | അവർക്ക് രവീന്ദ്ര കലാക്ഷേത്രം അറിയാം. |
| ഹുഡുഗറിഗെ വിധാന സൗധദ ദാറി ഗൊത്തു. | കുട്ടികൾക്ക് വിധാനസൗധത്തിലേക്കുള്ള വഴി അറിയാം |
| ഇവറിഗെ ഹിംദി ഗൊത്തു. | ഇവർക്ക് ഹിന്ദി അറിയാം |
| മനോഹർഗെ കന്നഡ ഗൊത്തില്ല. | മനോഹറിന് കന്നഡ അറിയില്ല. |
| നനഗെ പ്രജാവാണി സംപാദകറു ഗൊത്തില്ല. | എനിക്ക് പ്രജാവാണി പത്രാധിപരെ അറിയില്ല. |

| | | |
|---|---|---|
| 2.5 | ബീമനിഗെ ഐദു ദോസെ സാകു. | ഭീമന് അഞ്ചു ദോശ മതി. |
| | കുബേരപ്പനിഗെ തിംഗളിഗെ ഹത്തു റൂപായി സാകു. | കുബേരപ്പന് മാസത്തേക്ക് പത്ത് രൂപ മതി. |
| | നനഗെ ദിനക്കെ ഇപ്പത്ത നാലക്കു ഗംടെ സാലല്ല. | എനിക്ക് ഒരു നാളിന് ഇരുപത്തിനാല് മണിക്കൂർ പോരാ. |
| | അവനിഗെ തിംഗളിഗെ ഐനൂറു റൂപായി സംബള സാലല്ല. | അവന് മാസത്തേക്ക് അഞ്ഞൂറു രൂപ ശംബളം മതിയാവുന്നില്ല. |



| | | |
|---|---|---|
| 2.6 | ആ അംഗഡിയല്ലി അക്കി ഇദെ. | ആ കടയിൽ അരി ഉണ്ട്. |
| | ഈ അംഗഡിയല്ലി പുസ്തക ഇല്ല. | ഈ കടയിൽ പുസ്തകം ഇല്ല. |
| | നന്ന ഹത്തിറ ഒള്ളെയ പെന്നു ഇദെ. | എന്റെടുത്ത് നല്ല പേന ഉണ്ട്. |
| | അവറ മനെയല്ലി ഗഡിയാറ ഇല്ല. | അവരുടെ വീട്ടിൽ ഘടികാരം ഇല്ല. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 അടിസ്ഥാന വർണ്ണ വിശേഷണങ്ങൾ

| | | |
|---|---|---|
| ബിളി | – | വെള്ള/വെളുത്ത |
| കപ്പു/കറി | – | കറുപ്പ്/കരുത്ത |
| കെംപു | – | ചുവപ്പ്/ചുവന്ന |
| ഹസിറു/ഹസുറു | – | പച്ച |
| ഹളദി | – | മഞ്ഞ |
| നീലി | – | നീല |

അടിസ്ഥാനവർണ വിശേഷത്തെ സൂചിപ്പിക്കുന്ന പദത്തോട് 'അദു' എന്നുചേർത്താൽ ആ വർണ്ണത്തിന്റെ ആഖ്യാത രൂപം കിട്ടും.

| | | |
|---|---|---|
| ബിളി + അദു | = ബിളിയദു | 'വെളുത്തത്' |
| കെംപു + അദു | = കെംപുദു | 'ചുവന്നത്' |

3.2

| | |
|---|---|
| ബേകു | – വേണം |
| ഇഷ്ട | – ഇഷ്ടം |
| സാകു | – മതി |
| ഗൊത്തു | – അറിയാം |

ഈ പദങ്ങൾ 'ഖിലം' പോലെയാണ്. ഇവ എല്ലാ കാലങ്ങളിലും പ്രയോഗിക്കാൻ സാധ്യമല്ല. ഇവ സാധാരണ ക്രിയാപദങ്ങളെപ്പോലെ വചനങ്ങളോ, പ്രത്യങ്ങളോ ചേർത്ത് പ്രയോഗിക്കാറില്ല.

| | | |
|---|---|---|
| ബേഡ | - | വേണ്ട |
| ഇഷ്ട ഇല്ല | - | ഇഷ്ടമില്ല |
| സാലല്ല | - | മതിയാവുകയില്ല |
| ഗൊത്തില്ല | - | അറിഞ്ഞ്കൂടാ |

മുകളിൽ കാണിച്ചുള്ള പദങ്ങളുടെ നിഷേധ രൂപങ്ങളാണ് ഇവിടെ കൊടുത്തിട്ടുള്ളത്. ഈ ക്രിയാരൂപങ്ങളെല്ലാം കർത്താവിന്റെ ഉദ്ദേശികാ വിഭക്തിയിലെ രൂപത്തോട് ചേരുന്നു.

| | | |
|---|---|---|
| നനഗെ തിംഡി ബേകു | - | എനിക്ക് പലഹാരം വേണം. |
| അവളിഗെ ഹത്തു റൂപായി സാലല്ല | - | അവൾക്ക് പത്തു രൂപ തികയില്ല. |

3.3 'ഇല്ല' എന്നത് ക്രിയയുടെ നിഷേധ രൂപം കാണിക്കുന്നു. 'അല്ല' എന്നത് നാമത്തിന്റെ നിഷേധ രൂപവും. ഇവയെ താരതമ്യപ്പെടുത്തുക.

നിന്ന ഹത്തിറ പെന്നു ഇദെയാ? (നിന്റെ അടുത്ത പേന ഉണ്ടോ?)

ഇല്ല. നന്ന ഹത്തിറ പെന്നു ഇല്ല. (ഇല്ല, എന്റെ അടുത്ത് പേന ഇല്ല)

അദു നിന്ന പെന്നാ? (അത് നിന്റെ പേനയാണോ?)

അല്ല. അദു നന്ന പെന്നു അല്ല. (അല്ല, അത് എന്റെ പേന അല്ല)

അദു നന്ന തമ്മന പെന്നു. (അത് എന്റെ അനുജന്റെ പേനയാണ്)

## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 നനഗെ ...................... ബണ്ണ ഇഷ്ട.

4.1.2 നിമഗെ നന്ന തംദെ ......................?

4.1.3 അവളിഗെ സംഗീത തുംബാ ......................



4.1.4 നനഗെ നിന്ന സഹവാസ ഖംഡിതാ ......................

4.1.5 രാജുവിഗെ ഈഗ കഥെപുസ്തക ......................

**4.2 മലയാള പദങ്ങൾക്ക് സമാനമായ കന്നഡ പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.2.1 അദു ...................... സീറെ. (പച്ച)

4.2.2 നനഗെ മൂറു സാവിറ രൂപായി സംബള ...................... (തികയുന്നില്ല)

4.2.3 ശാലിനിയ മനെ സംഗമ ടാകീസ് ...................... ഇദെ. (അടുത്ത്)

4.2.4 സുമനിഗെ ഊട്ടക്കെ എറഡു ചപ്പാതി ...................... (വേണ്ട)

4.2.5 അവളിഗെ നന്ന തമ്മ ...................... (അറിഞ്ഞൂടാ)

**4.3 മാതൃക അനുസരിച്ച് പൂരിപ്പിക്കുക.**

| | | | |
|---|---|---|---|
| മാതൃക : | കപ്പു | - | കപ്പുദു |
| | ഹസിറു | - | |
| | കെംപു | - | |
| | നീലി | - | |
| | ബിളി | - | |

**4.4 ആവരണത്തിൽ കൊടുത്തിരിക്കുന്ന പദങ്ങളുടെ ശരിയായ രൂപംക്കൊണ്ട് പൂരിപ്പിക്കുക.**

4.4.1 ആ ലംഗ ......................? (നീലി)

4.2.2 റവിഗെ നമ്മ ഡിറക്ടർ ......................? (ഗൊത്തില്ല)

4.4.3 റവിഗെ എറഡേ എറഡു ഷർട്ട് ......................? (സാകു)

4.4.4 നിമഗെ സീറെ ......................? (ബേഡ)

**4.5 സ്വന്ത വാക്യത്തിൽ പ്രയോഗിക്കുക.**

1. യാറ
2. അവറദേ
3. ഹളദി

4. ബട്ടെ

5. അംഗഡി

**4.6 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.6.1 എനിക്ക് നീല പേന വേണ്ട.

4.6.2 നിനക്ക് പ്രഭാത ഭക്ഷണത്തിന് ചപ്പാത്തി ഇഷ്ടമാണോ?

4.6.3 എനിക്ക് കടും ചുവപ്പു ഇഷ്ടമില്ല.

4.6.4 നിങ്ങൾക്ക് മി. കാമത്തിനെ അറിയാമോ?

4.6.5 എനിക്ക് രണ്ട് പാക്കറ്റ് ബിസ്ക്കറ്റ് വേണം.

**4.7 ഉത്തരം എഴുതുക.**

4.7.1 നിമഗെ യാവ ബണ്ണദ ബട്ടെ ഇഷ്ട?

4.7.2 നിമഗെ തിംഡിഗെ ചപ്പാതി ഇഷ്ടാനാ?

4.7.3 നിമഗെ ഊട്ടക്കെ എഷ്ടു ചപ്പാതി ബേകു?

4.7.4 നിമഗെ കർനാടകദ മുഖ്യമന്ത്രി ഗൊത്താ?

4.7.5 നിമഗെ കന്നഡ സിനിമാ ഇഷ്ടാനോ?, ഹിന്ദി സിനിമാ ഇഷ്ടാനോ?

## 5. പദസഞ്ചയം

| | | |
|---|---|---|
| കപ്പു/കറി | - | കറുപ്പു |
| കെംപു | - | ചുവപ്പ് |
| നീലി | - | നീല |
| ബട്ടെ | - | തുണി |
| ബണ്ണ | - | നിറം |
| ബിളി | - | വെള്ള |
| ഹളദി | - | മഞ്ഞ |



**5.1 അനുബന്ധ പദസഞ്ചയം**

| | | |
|---|---|---|
| അക്കി | - | അരി |
| ഉപ്പിനകായി | - | അച്ചാർ |
| ഊട്ട | - | ഊണ് |
| കഡുനീലി | - | കടും നീലം |
| ഗഡിയാറ | - | ഘടികാരം |
| ഗോഡെ | - | മതിൽ, ചുമർ |
| തെളു നീലി | - | ഇളം നീലം |
| ദാറി | - | വഴി |
| ലംഗ | - | പാവട |
| സംപാദക | - | പത്രാധിപർ |
| സംബള | - | ശമ്പളം |
| സഹവാസ | - | കൂട്ടുകെട്ട് |
| ഹാലു | - | പാൽ |

# പാഠം – 9

## 'ഇറു' എന്ന അഭൂതക്രിയാ രൂപങ്ങളും നിഷേധ രൂപങ്ങളും

### 1. സംഭാഷണങ്ങൾ

| | കന്നഡ | മലയാളം |
|---|---|---|
| വിജയ : | സുമ ലേഡീസ് റൂമിനല്ലി ഇദ്ദാളാ? | സുമ ലേഡീസ് മുറിയിലുണ്ടോ? |
| ശശി : | ഇല്ല, അവളു റൂമിനല്ലി ഇല്ല. അവളിഗെ ഈഗ ക്ലാസ് ഇദെ. അവളു ക്ലാസിനല്ലി ഇദ്ദാളെ. | ഇല്ല, അവൾ മുറിയിലില്ല. അവൾക്ക് ഇപ്പോൾ ക്ലാസുണ്ട്. അവൾ ഇപ്പോൾ ക്ലാസിലുണ്ട്. |
| വിജയ : | നിനഗെ ഈഗ ക്ലാസ് ഇൽവാ? | നിനക്ക് ഇപ്പോൾ ക്ലാസില്ലേ? |
| ശശി : | ഇല്ല നനഗെ ക്ലാസ് ഇല്ല. നനഗെ മൂറു ഗംടെഗെ ക്ലാസ് ഇദെ. | ഇല്ല, എനിക്ക് ക്ലാസില്ല. എനിക്ക് മൂന്ന് മണിക്ക് ക്ലാസുണ്ട്. |
| വിജയ : | നിമ്മ പ്രൊഫെസർ ഊറിനല്ലി ഇദ്ദാറാ? | നിങ്ങളുടെ പ്രൊഫസർ നാട്ടിലുണ്ടോ? |
| ശശി : | ഇല്ല. അവറു ഊറിനല്ലി ഇല്ല. | ഇല്ല. അവർ നാട്ടിലില്ല. |
| വിജയ : | സുമ നാൽകു ഗംടെഗെ റൂമിനല്ലി ഇർതാളാ? | സുമ നാല് മണിക്ക് മുറിയിലുണ്ടാകുമോ? |



| | | |
|---|---|---|
| ശശി : | ഇറല്ല. അവളു നാൽകു ഗംടെഗെ ലൈബ്രറിലി ഇറുത്താളെ. | ഇല്ല അവൾ നാല് മണിക്ക് ലൈബ്രറിയിൽ ഉണ്ടാകും. |
| വിജയ : | നീനു നാൽക്കു ഗംടെഗെ ലൈബ്രറിലി ഇർത്തീയാ? | നീ നാല് മണിക്ക് ലൈബ്രറിയിൽ ഉണ്ടാകുമോ? |
| ശശി : | ഹൗദു. ഇർതീനി. | അതെ. ഉണ്ടാകും. |

### 1.1. സംഭാഷണം

| | | |
|---|---|---|
| റാഘവ: | നമസ്കാറ, ചെന്നാഗി ഇദ്ദീറാ? | നമസ്കാരം. സുഖംതന്നെയല്ലേ? |
| റാവ് : | ചെന്നാഗി ഇദ്ദീവി. നിമ്മ തംദെ ഇദ്ദാറാ? | സുഖംതന്നെ. നിങ്ങളുടെ അച്ഛനുണ്ടോ? |
| റാഘവ: | അവറു മനെയല്ലി ഇല്ല. അംഗഡീലി ഇദ്ദാറെ. | അദ്ദേഹം വീട്ടിലില്ല. കടയിലുണ്ട്. |
| റാവ് : | യാകെ? നിമ്മ അണ്ണ ഊറിനല്ലി ഇൽവാ? | അതെന്താ? നിങ്ങളുടെ ജ്യേഷ്ഠൻ നാട്ടിലില്ലേ? |
| റാഘവ: | ഇബ്ബറൂ അല്ലേ ഇദ്ദാറെ. | രണ്ടുപേരും അവിടെത്തന്നെ ഉണ്ട്. |
| റാവ് : | നിമ്മ തംദെ മനെയല്ലി യാവാഗ ഇറുത്താറെ? സായംകാല ഇറുത്താറാ? | നിങ്ങളുടെ അച്ഛൻ വീട്ടിൽ എപ്പോൾ ഉണ്ടാവും? വൈകുന്നേരം ഉണ്ടാകുമോ? |
| റാഘവ: | ഇറല്ല. സായംകാല തോട്ടദല്ലി ഇറുത്താറെ. രാത്രി മനെയല്ലി ഇറുത്താറെ. | ഉണ്ടാവില്ല. വൈകുന്നേരം തോട്ടത്തിൽ ഉണ്ടാവും. രാത്രി വീട്ടിലുണ്ടാവും. |

### 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | നാനു മൈസൂറിനല്ലി ഇദ്ദീനി | ഞാൻ മൈസൂറിൽ ഉണ്ട്. |
| | നാനു ഈ ഹോട്ടേലിനല്ലി ഇദ്ദീനി. | ഞാൻ ഇപ്പോൾ ഹോട്ടലിൽ ഉണ്ട്. |
| | നാവു ആഫീസിനല്ലി ഇദ്ദീവി. | ഞങ്ങൾ ഓഫീസിൽ ഉണ്ട്. |

| | | |
|---|---|---|
| | നാവു ബെംഗളൂരിനല്ലി വാസ ഇദ്ദീവി. | ഞങ്ങൾ ബെംഗളൂരിൽ താമസിക്കുന്നു. |
| | നീനു എല്ലി ഇദ്ദീയ? | നീ എവിടെ ഉണ്ട്? |
| | നീനു യാവ ഊറിനല്ലി ഇദ്ദീയ? | നീ ഏത് നാട്ടിലാണ് ഉള്ളത്? |
| | നീവു എല്ലി ഇദ്ദീരി? | നിങ്ങൾ എവിടെ ഉണ്ട്? |
| | നീവു യാവ ബീദിയല്ലി ഇദ്ദീരി? | നിങ്ങൾ ഏത് തെരുവിലാണ് ഉള്ളത്? |
| | അവനു ഹത്തനെയ ക്ലാസിനല്ലി ഇദ്ദാനെ. | അവൻ പത്താം ക്ലാസിൽ ഉണ്ട്. |
| | മല്ലികാർജുന മനെയ ഒളഗെ ഇദ്ദാനെ. | മല്ലികാർജ്ജുനൻ വീട്ടിനകത്ത് ഉണ്ട്. |
| | അവളു ഹോസ്ടലിനല്ലി ഇദ്ദാളെ. | അവൾ ഹോസ്റ്റലിലുണ്ട്. |
| | പദ്മ ബ്യാംകിനല്ലി ഇദ്ദാളെ. | പത്മ ബാങ്കിലുണ്ട്. |
| | അവറു പക്കദ മനെയല്ലി ഇദ്ദാറെ. | അവർ അയൽപക്കത്ത് ഉണ്ട്. |
| | നന്ന തംദെ തായി ഊറിനല്ലി ഇദ്ദാറെ. | എന്റെ അച്ഛനും അമ്മയും നാട്ടിലുണ്ട്. |
| | പുസ്തക മേജിന മേലെ ഇദെ. | പുസ്തകം മേശ മേൽ ഉണ്ട്. |
| | ഹണ്ണുഗളു മറദല്ലി ഇവെ. | പഴങ്ങൾ മരത്തിൽ ഉണ്ട്. |
| 2.2 | നാനു സായംകാല സിട്ടിയല്ലി ഇർതീനി. | ഞാൻ വൈകുന്നേരം സിറ്റിയിൽ ഉണ്ടാകും. |
| | നാവു നാളെ ബെംഗളൂറിനല്ലി ഇർതീവി. | ഞങ്ങൾ നാളെ ബെംഗളൂരിൽ ഉണ്ടാവും. |
| | നീനു ഇവത്തു മധ്യാഹ്ന എല്ലി ഇർതീയ? | നീ ഇന്ന് ഉച്ചയ്ക്ക് എവിടെ ഉണ്ടാവും. |
| | നീവു ബെളിഗ്ഗെ എംടു ഗംടെഗെ എല്ലി ഇർതീരി? | നിങ്ങൾ രാവിലെ എട്ടു മണിക്ക് എവിടെ ഉണ്ടാകും? |



| | | |
|---|---|---|
| | അവനു ദിനാ സംജെ ഐദു ഗംടെഗെ ആട്ടദ മൈദാനദല്ലി ഇർതാനെ. | അവൻ ദിവസവും വൈകുന്നേരം ആഞ്ച് മണിക്ക് മൈദാനത്തിൽ ഉണ്ടാകും. |
| | അവളു ഹത്തു ഗംടെഗെ കാലേജിനല്ലി ഇർത്താളെ. | അവൾ പത്ത് മണിക്ക് കോളേജിൽ ഉണ്ടാവും. |
| | ഹസു മധ്യാഹ്ന തോട്ടദല്ലി ഇറത്തെ. | പശു ഉച്ചയ്ക്ക് തോട്ടത്തിൽ ഉണ്ടാകും. |
| | കറുഗളു മനെയല്ലി ഇറുത്തവെ. | പശുക്കുട്ടികൾ വീട്ടിൽ ഉണ്ടാകും. |
| 2.3 | അവനു ഊറിനല്ലി ഇല്ല. | അവൻ നാട്ടിൽ ഇല്ല. |
| | ആ കാദംബരി ലൈബ്രെറിയല്ലി ഇല്ല. | ആ നോവൽ ലൈബ്രറിയിൽ ഇല്ല. |
| 2.4 | നാനു നാളെ മനെയല്ലി ഇറല്ല. | ഞാൻ നാളെ വീട്ടിൽ ഉണ്ടാവില്ലി. |
| | അവറു ഈ ഹൊത്തല്ലി അംഗഡിയല്ലി ഇറല്ല. | അവർ ഈ നേരത്ത് കടയിൽ ഉണ്ടാവില്ല. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 'ഇറു' എന്ന ക്രിയയെ ഈ പാഠത്തിൽ പരിചയപ്പെടുത്തിയിരിക്കുന്നു. 'ഇറു' എന്നത് പ്രധാന ക്രിയയായും സഹായ ക്രിയയായും പ്രയോഗിക്കാറുണ്ട്. 'ഇദെ' എന്നത് നിശ്ചിതാർത്ഥത്തിൽ പ്രയോഗിക്കുന്നു (ഉണ്ട്). 'ഇറ' എന്നത് അനിശ്ചിതാർത്ഥത്തിലും പ്രയോഗിക്കുന്നു.

നന്ന സ്നേഹിത മനെയല്ലി ഇദ്ദാനെ.

(എന്റെ സ്നേഹിതൻ വീട്ടിൽ ഉണ്ട്)

ഇവിടെ 'സ്നേഹിതൻ വീട്ടിൽ ഉണ്ട്' എന്നത് ഉറപ്പാണ്.

നന്ന സ്നേഹിതെ മധ്യാഹ്ന മനെയല്ലി ഇർതാളെ.

(എന്റെ സ്നേഹിത ഉച്ചയ്ക്ക് വീട്ടിൽ ഉണ്ടാകും)

ഇവിടെ 'ഇർതാളെ' എന്നത് അനിശ്ചിതാർത്ഥത്തിന്റെ ഭാവികാല രൂപത്തിലാണ് പ്രയോഗിച്ചത്. ഇതിനെ സന്ദിഗ്ധാർത്ഥത്തിലും പ്രയോഗിക്കും. ഉദാ: അവളു ദിനാ നാൽക്കു ഗംടെഗെ ലൈബ്രേറിയല്ലി ഇർത്താളെ.

(അവൾ എല്ലാ ദിവസവും നാല് മണിക്ക് ലൈബ്രേറിയിൽ ഉണ്ടാകാം)

3.1.1 'ഇദെ' എന്ന നിശ്ചിത രൂപം പ്രയോഗിക്കുമ്പോൾ കാല പ്രത്യയം ഉപയോഗിക്കണം. ഇത് വ്യക്തി സൂചക പ്രത്യയത്തോട് നേരിട്ട് ചേർക്കുന്നു. (മലയാളത്തിൽ കർത്താവിന്റെ ലിംഗ വചന വ്യത്യാസമനുസരിച്ച് ക്രിയാരൂപം മാറുന്നില്ല)

| | | | |
|---|---|---|---|
| നാനു | ഇദ് + ഈനി | - ഇദ്ദീനി | (ഞാൻ ഉണ്ട്) |
| നാവു | ഇദ് + ഈവി | - ഇദ്ദീവി | (ഞങ്ങൾ ഉണ്ട്) |
| നീനു | ഇദ് + ഈയെ | - ഇദ്ദീയ | (നീ ഉണ്ട്) |
| നീവു | ഇദ് + ഈരി | - ഇദ്ദീരി | (നിങ്ങൾ ഉണ്ട്) |
| അവനു | ഇദ് + ആനെ | - ഇദ്ദാനെ | (അവൻ ഉണ്ട്) |
| അവളു | ഇദ് + ആളെ | - ഇദ്ദാളെ | (അവൾ ഉണ്ട്) |
| അവറു | ഇദ് + ആറെ | - ഇദ്ദാറെ | (അവർ ഉണ്ട്) |
| അദു | ഇദ് + എ | - ഇദെ | (അത് ഉണ്ട്) |
| അവു | ഇവ് + എ | - ഇവെ | (അവ ഉണ്ട്) |

3.1.1 'ഇർ'എന്നത് ആദ്യം 'ത'കാരത്തോട് ചേർക്കണം. (ഇത് ഭൂതകാല പ്രത്യയമല്ല) പിന്നെ വ്യക്തി സൂചക പ്രത്യയത്തോട് ചേർക്കുക. അപ്പോൾ താഴെ കാണുന്ന രൂപങ്ങൾ കിട്ടും.

| | | | |
|---|---|---|---|
| നാനു | ഇർ - ത് - ഈനി | - ഇർത്തീനി | (ഞാൻ ഉണ്ട്) |
| നാവു | ഇർ - ത് - ഈവി | - ഇർത്തീവി | (ഞങ്ങൾ ഉണ്ടാകും) |
| നീനു | ഇർ - ത് - ഈയെ | - ഇർത്തീയെ | |
| നീവു | ഇർ - ത് - ഈറി | - ഇർത്തീരി | |
| അവനു | ഇർ - ത് - ആനെ | - ഇർത്താനെ | |
| അവളു | ഇർ - ത് - ആളെ | - ഇർത്താളെ | |
| അവറു | ഇർ - ത് - ആറെ | - ഇർത്താറെ | |
| അദു | ഇർ - ത്ത് - എ | - ഇർത്തദെ | |
| അവു | ഇർ+ത് - വെ/ആവെ | - ഇർത്വെ/ഇർത്താവെ | |



3.1.1 തൃതീയ പുരുഷ നപുംസക ഏകവചനത്തിൽ 'ത'കാരം ഇരട്ടിച്ച് 'ത്ത'കാരമാകുന്നത് ശ്രദ്ധിക്കുക.

'ഇല്ല', 'ഇറല്ല' - ഇവ യഥാക്രമം 'ഇറു', 'ഇര്' ഇവയുടെ നിഷേധരൂപങ്ങളാണ്. ഇവയ്ക്ക് ലിംഗ, വചന, വ്യത്യാസങ്ങളില്ല.

3.2 'അല്ലി' എന്നത് അധികരണ സൂചക പ്രത്യയമാണ്. (ആധാരികാ വിഭക്തി. 'ഇൽ' പ്രത്യയം ചേർത്താലുള്ള അർത്ഥം) സംബന്ധികാവിഭക്തി പ്രത്യയം നാമത്തോട് ചേരുമ്പോൾ ഉണ്ടാകുന്ന മാറ്റം തന്നെയാണ് ഇവിടെ കാണുന്നത്.

## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 ...................... അവനു അംഗഡിയല്ലി ഇദ്ദാനെ.

4.1.2 ...................... നമ്മ തംദെ മനെയല്ലി ഇർതാറെ.

4.1.3 ...................... ഇഷ്ടു ഹൊത്തിനല്ലി അംഗഡിയല്ലി ഇർത്താനെ.

4.1.4 നനഗെ ഹത്തു ഗംടെഗെ ക്ലാസു ......................

4.1.5 ഈഗ അവറു ബേങ്കിനല്ലി ......................

**4.2 ആവരണത്തിൽ കൊടുത്തിരിക്കുന്ന പദങ്ങളുടെ ശരിയായ രൂപംകൊണ്ട പൂരിപ്പിക്കുക.**

4.2.1 നമ്മ അക്ക മനെയല്ലി ...................... (ഇറു)

4.2.2 കമലന തമ്മ ഊറിനല്ലി ...................... (ഇറു)

4.2.3 നിമ്മ നായി സദാ തൊട്ടദല്ലി ...................... (ഇല്ല)

4.2.4 ആസ്പത്രെയല്ലി ഡാക്ടർ ...................... (ഇല്ല)

**4.3 ചേരുംപടി ചേർക്കുക**

| | |
|---|---|
| 1. നീനു യാവാഗ മനെയല്ലി | ഇദ്ദാറെ |
| 2. സുമതി ഈഗ ആസ്പത്രെയല്ലി | ഇദ്ദാനെ |
| 3. ഇവറു ഹീഗെ | ഇർതീയെ |
| 4. പുസ്തക മേജിന മേലെ | ഇർതീറി |
| 5. നീവു സായംകാല അംഗഡിയല്ലി | ഇദെ |
| 6. അറവിംദന തമ്മ മദറാസിനല്ലി | ഇദ്ദാളെ |

**4.4 നിഷേധ രൂപത്തിലേക്ക് മാറ്റുക.**

4.4.1 കമല അമേറികദല്ലി ഇദ്ദാളെ.

4.4.2 നിമ്മ അണ്ണ ഊറിനല്ലി ഇദ്ദാറാ?

4.4.3 നിന്ന പുസ്തക നന്ന ഹത്തിറ ഇദെ.

4.4.4 റാമറായറു ഇഷ്ടു ഹൊത്തിനല്ലി ക്ലബ്ബിനല്ലി ഇർത്താറാ?

**4.5 സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.**

1. ബെളിഗ്ഗെ
2. സായംകാല
3. തോട്ട
4. കെളഗെ
5. ഊറു
6. ആട്ടദ മൈദാന

**4.6 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.6.1 നിങ്ങൾ ഏത് നേരത്ത് വീട്ടിൽ ഉണ്ടാവും?

4.6.2 സുമ ഇപ്പോൾ അവിടെ ഉണ്ടാവില്ല.

4.6.3 ഇരുപത്തിനാല് മണിക്കൂറും അവൻ ക്ലബ്ബിൽതന്നെ ഉണ്ടാവും.

4.6.4 അവൻ അവിടെ ഇല്ല.

4.6.5 അവൻ പത്ത് മണിക്ക് അവിടെ ഉണ്ടാവുമോ?



**4.7 ഉത്തരം എഴുതുക**

4.7.1 നീവു എല്ലി ഇദ്ദീറി?

4.7.2 നീവു ദിനാ സായംകാല മനെയല്ലി ഇർതീറാ?

4.7.3 നിമഗെ സ്വന്ത മനെ ഇദെയാ?

4.7.4 നിമ്മ മനെയല്ലി എഷ്ടു ജന ഇദ്ദാറെ?

4.7.5 നിമ്മ ഊറു യാവ റാജ്യദ യാവ ജില്ലെയല്ലി ഇദെ?

## 5. പദസഞ്ചയം

| | |
|---|---|
| തോട്ട | തോട്ടം |
| റാത്രി | രാത്രി |
| സായംകാല | വൈകുന്നേരം |

**5.1 അനുബന്ധ പദസഞ്ചയം**

| | |
|---|---|
| ഒളഗെ | അകത്ത് |
| കറു | പശുക്കുട്ടി |
| കെളഗെ | താഴെ |
| ഗംടെ | മണി |
| ബീദി | തെരുവ് |
| ബെളിഗ്ഗെ | രാവിലെ |
| മധ്യാഹ്ന | ഉച്ച |
| മേലെ | മേലെ |
| വാസ | താമസം |
| ഹണ്ണു | പഴം |
| ഹൊറഗെ | പുറത്ത് |

# പാഠം – 10

## വിധായകം, അനുജ്ഞായകം, നിയോജകം, പ്രധാന ക്രിയയുടെ അഭൂതകാല രൂപം – 'അന്നു' എന്ന പ്രതിഗ്രാഹികാ വിഭക്തി രൂപം

### 1. സംഭാഷണങ്ങൾ

| | കന്നഡ | മലയാളം |
|---|---|---|
| റാജു : | ബാ റവി. ഏനു സമാചാറ? | വരൂ രവി, എന്തെല്ലാമാണ് വർത്തമാനം? |
| റവി : | ഏനു ഇല്ല റാജു. നാവെല്ലാ മുംദിന വാറ പിക്നിക് ഹോഗോണവാ? | ഒന്നുമില്ല രാജു. നമുക്ക് അടുത്താഴ്ച പിക്നിക്ക്ന് പോകാമോ? |
| റാജു : | ആഗലി. എല്ലിഗെ ഹോഗോണ? | ആയ്ക്കോട്ടെ. എവിടേക്ക് പോകാം? |
| റവി : | നന്ദി ബെട്ടക്കെ ഹോഗോണ. | നന്ദികുന്നിലേക്ക് പോകാം. |
| റാജു : | യാറു യാറു ബർത്താറെ? | ആരൊക്കെ വരുന്നുണ്ട്? |
| റവി : | മോഹന, ഗോപാല ബർത്താറെ. | മോഹനൻ, ഗോപാലൻ എന്നിവർ പരുന്നുണ്ട്. |
| റാജു : | സുറേശ് ബറല്ലവാ? | സുരേഷ് വരുന്നില്ലെ? |
| റവി : | ബറല്ല. അവനിഗെ ധാറവാഡദല്ലി കെലസ ഇദെ. | വരില്ല അവന് ധാർവാഡയിൽ പണി ഉണ്ട്. നാളെ പോകും. |



| | | |
|---|---|---|
| | നാളെ ഹോഗ്താനെ. ഹദിനൈദു ദിനദ മേലെ ബർത്താനെ. | പതിനഞ്ച് ദിവസത്തിനു ശേഷം വരും. |
| റാജു : | മനോഹറ? | മനോഹരനോ? |
| റവി : | അവനന്ന കേളലാ? | അവനോട് ചോദിക്കട്ടെ? |
| റാജു : | കേളു. അവനൂ ബറലി. പിക്നിക്ക്ഗെ ഒള്ളെ കംപനി ഇറലി. | ചോദിക്കു. അവനും വരട്ടെ. പിക്നിക്കിന് നല്ല കൂട്ടുകെട്ട് ആകട്ടെ. |
| റവി : | കേള്തീനി. അവനു ബർത്താനെ. | ചോദിക്കാം അവൻ വരും. |
| റാജു : | മുംദിന ഭാനുവാറ ഹോഗോണ? | അടുത്ത ഞായറാഴ്ച പോയ്ക്കൂടെ? |
| റവി : | എഷ്ടു ഗംടെഗെ ഹോറഡോണ? | എത്ര മണിക്ക് പുറപ്പെടാം? |
| റാജു : | ബെളഗ്ഗെ എംടു ഗംടെഗെ ഹോറഡോണ. | രാവിലെ എട്ട് മണിക്ക് പുറപ്പെടാം. |
| റവി : | തിണ്ടി ഏനു തഗൊംഡു ഹോഗോണ? | തിന്നാണെന്ത് കൊണ്ടു പോകണം? |
| റാജു : | ഏനാദ്രൂ സറി. നീനു സിഹി തിണ്ടി തഗൊണ്ടുബാ, മോഹന, ഗോപാല പുളിയോഗറെ തറലി, നാനു ഹണ്ണു തർത്തീനി. | എന്തായാലും ശരി. നീ മധുര പലഹാരം കൊണ്ടുവാ. മോഹനനും, ഗോപാലനും പുളിയോഗരെ കൊണ്ടുവരട്ടെ, ഞാൻ പഴങ്ങൾ കൊണ്ടുവരാം. |
| റവി : | ഹേഗെ ഹോഗോണാ? | എങ്ങനെ പോകാം? |
| റാജു : | ബസ്സിനല്ലി ഹോഗോണാ. ബസ്സു തുംബാ സിഗുത്തവെ. | ബസ്സിൽ പോകാം. ബസ്സ് ധാരാളം കിട്ടും. |
| റവി : | നാവു എല്ലിഗെ ബറലി? ബസ്സ് സ്റ്റാംഡ് ഹത്തിറ ബറോണവാ? | ഞങ്ങൾ എവിടേക്ക് വരണം? ബസ്റ്റാന്റിനടുത്ത് വരണോ? |

| | | |
|---|---|---|
| രാജു : | ബസ്സ് സ്റ്റാംഡ്ന ഹത്തിറ ബന്നി. നാനു അല്ലിഗെ ബർത്തീനി. | ബസ്റ്റാന്റിനടുത്ത് വരൂ. ഞാൻ അവിടേക്ക് വരാം. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | നീനു നാളെ നമ്മ മനെഗെ ബാ. | നീ നാളെ ഞങ്ങളുടെ വീട്ടിലേക്ക് വാ. |
| | നീനു കാഫി കുഡി. | നീ കാപ്പി കുടിക്ക്. |
| | നീനു ഈഗ കാലേജിഗെ ഹോഗു. | നീ ഇപ്പോൾ കോളേജിലേക്ക് പോകുക. |
| 2.2 | നീവു നാളെ നമ്മ മനെഗെ ബന്നി. | നിങ്ങൾ നാളെ ഞങ്ങളുടെ വീട്ടിലേക്ക് വരൂ. |
| | നീവു കാഫി കുഡിയിരി. | നിങ്ങൾ കാപ്പി കുടിക്കൂ. |
| | നീവു ഈ ബാളെ ഹണ്ണു തിന്നി. | നിങ്ങൾ ഈ വാഴപ്പഴം തിന്നൂ. |
| | നീവു ഈഗ കാലേജിഗെ ഹോഗി. | നിങ്ങൾ ഇപ്പോൾ കോളേജിലേക്ക് പോകൂ. |
| 2.3 | നാനു നിമ്മ മനെഗെ നാളെ ബറലാ? | ഞാൻ നിങ്ങളുടെ വീട്ടിലേക്ക് നാളെ വരട്ടേ? |
| | നാനു കാഫി കുടിയലാ? | ഞാൻ കാപ്പി കുടിക്കട്ടേ? |
| 2.4 | നാവു നിമ്മ മനെഗെ ബരോണവാ? | ഞങ്ങൾ നിങ്ങളുടെ വീട്ടിലേക്ക് വരട്ടെയോ? |
| | നാവു ഊറിഗെ ഹോഗോണവാ? | ഞങ്ങൾ നാട്ടിലേക്ക് പോകട്ടെയോ? |
| 2.5 | നാവു നാളെ ബെളിഗ്ഗെ ചാമുംഡി ബെട്ടക്കെ ഹോഗോണ. | നമുക്ക് നാളെ വെളുപ്പിന് ചാമുണ്ഡി കുന്നിലേക്ക് പോകാം. |
| | നാവു ഈഗ കാഫി കുഡിയോണ. | നമുക്ക ഇപ്പോൾ കാപ്പി കുടിക്കാം. |
| 2.6 | അവനു മദ്രാസിഗെ ഹോഗലി. | അവൻ മദ്രാസിലേക്ക് പോകട്ടെ. |



| | | |
|---|---|---|
| | റമേശ ഒളഗെ ബറലി. | രമേശ് അകത്ത് വരട്ടെ. |
| | കമല ഹാലു കുഡിയലി. | കമല പാൽ കുടിക്കട്ടെ. |
| | ഹസു ഹുല്ലു തിന്നലി. | പശു പുല്ല് തിന്നട്ടെ. |
| 2.7 | നാനു സിനിമാക്കെ ബർതീനി. | ഞാൻ സിനിമായ്ക്ക് വരുന്നു. |
| | നാവു ദിനാ ജിലേബി തിംതീവി. | ഞങ്ങൾ ദിവസവും ജിലേബി തിന്നുന്നു. |
| | നീനു ബെളിഗ്ഗെ കാഫി കുഡിയുതീയാ? | നീ രാവിലെ കാപ്പി കുടിക്കുന്നോ? |
| | നീവു സംജെ തിണ്ഡി തിംതീറാ? | നിങ്ങൾ വൈകുന്നേരം പലഹാരം തിന്നുന്നുവോ? |
| | മോഹന ഈഗ ബർത്താനെ. | മോഹൻ ഇപ്പോൾ വരുന്നു. |
| | നന്ന ഹെംഡതി അവള തായി മനെഗെ ഹോഗ്താളെ. | എന്റെ ഭാര്യ അവളുടെ അമ്മയുടെ വീട്ടിൽ പോകുന്നു. |
| | നന്ന മാവ നാളെ ബർത്താറെ. | എന്റെ അമ്മാവൻ നാളെ വരും. |
| | മഗു ഹാലു കുടിയുത്തെ. | കുഞ്ഞ് പാൽ കുടിക്കുന്നു. |
| | മക്കളു ഹാലു കുഡിയുത്തവെ. | കുട്ടികൾ പാൽ കുടിക്കുന്നു. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 പ്രധാന ക്രിയകളെ ഈ പാഠത്തിൽ പരിചയപ്പെടുത്തി. ക്രിയാ ധാതുവിന്റെ വിധായക രൂപത്തിലാണ് ഉപയോഗിക്കുന്നത്. ഇത് എപ്പോഴും മധ്യമ പുരുഷ ഏകവചനത്തിന്റെ രൂപത്തിലാണ് കാണുന്നത് എന്ന് ശ്രദ്ധിക്കുക.

| | |
|---|---|
| നീനു ബാ | നീ വാ |
| നീനു ഹോഗു | നീ പോകൂ |

വിധായക രൂപത്തിന്റെ ഏകവചന രൂപങ്ങളോട് 'ഇറി' അഥവാ 'ഇ' 'ഇവ' ചേർത്താണ് വിധായകത്തിന്റെ ബഹുവചന രൂപം ഉണ്ടാക്കുന്നത്. 'ഇറി' എന്നത് 'ഇ'കാര അഥവാ എകാരാന്ത ക്രിയകളോടാണ് ചേരുക.

കുഡി + ഇറി = കുഡിയിറി നിങ്ങൾ കുടിക്കുവിൻ

ബറെ + ഇരി = ബറെയിരി നിങ്ങൾ എഴുതുവിൻ

(ബഹുവചനം / പൂജക ബഹുവചനം)

'യ'കാരാഗമം ശ്രദ്ധിക്കുക.

മറ്റുള്ള എല്ലാ നാമപദങ്ങൾക്കും 'ഇ' ചേർക്കുന്നു.

| | | | |
|---|---|---|---|
| തിന്നു + ഇ | = തിന്നി | നിങ്ങൾ തിന്നു. | (ബഹുവചനം, പൂജക ബഹുവചനം) |
| | | നിങ്ങൾ തിന്നുവിൻ | |
| ഹോഗു + ഇ | = ഹോഗി | നിങ്ങൾ പോകൂ. | |
| | | നിങ്ങൽ പോകുവിൻ. | |
| ബാ + ഇ | = ബന്നി | നിങ്ങൾ വരൂ. | |
| | | നിങ്ങൾ വരുവിൻ | |

അവസാനത്തെ 'ഉ'കാരം ലോപിക്കുന്നത് ശ്രദ്ധിക്കുക. വിധായക ബുഹുവചന രൂപത്തിൽ 'ബ' എന്നത് 'ബൻ' എന്നും മാറും. 'താ' (കൊണ്ടു വാ) എന്നതും ഇതുപോലെ തന്നെ. ഈ രണ്ട് ക്രിയകൾക്കും രണ്ട് അടിസ്ഥാന രൂപങ്ങളുണ്ട്. ബർ, ബൻ, തർ, തൻ എന്നിങ്ങനെ. ഇവയെ അടുത്ത പാഠത്തിൽ ശ്രദ്ധിക്കുക. ഇവയെ ഏകവചനത്തിൽ പൂജകാർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്.

3.2 ക്രിയാധാതുവിനോട് 'അലി' എന്നു ചേർത്താൽ നിയോജക പ്രകാര രൂപം കിട്ടും. ഈ രൂപങ്ങൾ തൃതീയ പുരുഷ കർത്താ രൂപത്തോട് മാത്രമേ പ്രയോഗിക്കുകയുള്ളു. ചോദ്യ സൂചകമായ വാക്യ ഘടനയിൽ മാത്രമേ പ്രഥമ പുരുഷ ഏകവചന കർത്തൃപദത്തോട് ചേരുകയുള്ളു.

| | |
|---|---|
| ഹോഗു + അലി = ഹോഗലി | (പോകട്ടെ) |
| കുഡി + അലി = കുടിയലി | (കുടിക്കട്ടെ) |
| അവനു ഹോഗലി | (അവൻ പോകട്ടെ) |
| അവളു ഹോഗലി | (അവൾ പോകട്ടെ) |
| അവറു ഹോഗലി | (അവർ പോകട്ടെ) |



| | |
|---|---|
| അദു ഹോഗലി | (അത് പോകട്ടെ) |
| അവു ഹോഗലി | (അവ പോകട്ടെ) |
| നാനു എല്ലിഗെ ഹോഗലി? | (ഞാൻ എലിടെക്ക് പോകണം?) |
| നാനു ഏനു കുഡിയലി? | (ഞാൻ എന്ത് കുടിക്കണം?) |

സുചന : 'അലി' എന്ന് ചേർത്താൽ മലയാളത്തിൽ ക്രിയാധാതുവിനോട് 'അട്ടെ' എന്ന നിയോജക പ്രത്യയം ചേർന്ന അർത്ഥം കിട്ടും.

മുകളിലുള്ള വാക്യങ്ങളിലെ പ്രഥമപുരുഷ ഏകവചന കർത്ത്യ പദങ്ങൾ ചോദ്യ സർവ്വനാമങ്ങൾ ഉപയോഗിച്ചുള്ള ചോദ്യ രൂപങ്ങളാണ്. 'അ' എന്ന് ചേർത്തും ചോദ്യവാക്യങ്ങളാക്കാം. അപ്പോൾ ആ ചോദ്യ പ്രത്യയം 'ഞാൻ ചേർക്കട്ടെയോ?' എന്ന രൂപത്തിലുള്ള അർത്ഥം നൽകുന്നു. ക്രിയാധാനുവിനോട് അപൂർണതാ സുചകമായി 'അൽ' എന്ന് ചേർത്ത ശേഷം 'ആ' എന്ന് ചേർക്കുന്നു.

നാനു ഊറിഗെ ഹോഗലാ? ഞാൻ നാട്ടിലേക്ക് പോകട്ടയോ?

നാനു കാഫി കുഡിയലോ? ഞാൻ കാപ്പി കുടിക്കട്ടെയോ?

ഈ വാക്യത്തിൽ 'ഹോഗലാ' എന്ന പദം 'ഹോഗു + അൽ + ആ എന്ന ക്രമത്തിൽ രൂപം കൊണ്ടതാണ്.

കുഡിയലാ? - കുഡി + അൽ + ആ

3.3 പ്രഥമ പുരുഷ ബഹുവചനം കർത്താവാകുമ്പോൾ ക്രിയാ ധാതുവിനോട് 'ഓണ' എന്ന് ചേർത്താൽ 'നമുക്ക് പോകാം' എന്ന രീതിയിലുള്ള അനുജ്ഞായക രൂപം കിട്ടും.

| | | |
|---|---|---|
| ഹോഗു + ഓണ | = ഹോഗോണ | (പോകാം) |
| തിന്നു + ഓണ | = തിന്നോണ | (തിന്നാം) |
| കുഡി + ഓണ | = കുഡിയോണ | (കുടിക്കാം) |
| തർ + ഓണ | = തറോണ | (കൊണ്ടുവരാം) |

ചോദ്യസൂചകമായ 'അ' ചോരുമ്പോൾ 'വ'കാരം ആഗമിക്കും.

ഹോഗോണ + ആ = ഹോഗോണവാ (പോകാമോ?)

ബറോണ + ആ = ബറോണവാ (വരാമോ?)

ക്രിയാപദത്തിന്റെ അഭൂതകാലസൂചക പ്രത്യയമായ 'ത'യുടെ പ്രയോഗം പരിചയപ്പെടുത്തുന്നു. കൃത്യമായി പറഞ്ഞാൽ കന്നഡയിൽ വർത്തമാന കാല പ്രത്യയം ഇല്ല. 'ത' എന്നത് വർത്തമാനകാല പ്രത്യയമെന്നും 'വ'കാരം ഭാവി കാല പ്രത്യയമെന്നും പരമ്പരാഗതമായ കന്നഡ വ്യാകരണത്തിൽ കാണാം. പക്ഷെ, ആധുനിക കന്നഡയുടെ സംസാരഭാഷാ രൂപത്തിൽ, ഈ വ്യത്യാസം നിലവിലില്ല. 'ത' ഭൂതകാല സൂചക പ്രത്യയമാണ്. അഭൂതകാലരൂപത്തോട് സമയബന്ധം ചേർത്തിട്ടാണ് ഭാവികാല സൂചന നൽകുന്നത്.

നാനു കാഫി കുഡിതീനി.

ഞാൻ കാപ്പി കുടിക്കുന്നു.

(വർത്തമാന കാലം)

നാനു നാളെ ഊറിഗെ ഹോഗുതീനി.

ഞാൻ നാളെ നാട്ടിലേക്ക് പോകും.

(ഭാവി കാലം. സമയബന്ധം സൂചിപ്പിച്ചതിനാൽ)

അഭൂത കാല ക്രിയയുടെ ഘടനാ ക്രമം താഴെ കൊടുക്കുന്നു.

ക്രിയാധാതു + അഭൂതകാല ക്രിയ + സർവ്വനാമ രൂപം.

ഹോഗു + ത + ഈനി = ഹോഗുതീനി.

കന്നഡയിൽ ആഖ്യ, ആഖ്യാതങ്ങളുടെ പൊരുത്തം ക്രിയാരൂപീകരണത്തിൽ കൃത്യമായി പാലിക്കുന്നു.

താഴെ കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

| | |
|---|---|
| നാനു ഹോഗ് – ത – ഈനി | നാവു ഹോഗ് + ത + ഈവി |
| (ഹോഗുത്തീനി/ത്തേനെ) | (ഹോഗുത്തീവി/ത്തേവെ) |
| നീവു ഹോഗ – ത – ഈയ | നീവു ഹോഗ് + ത + ഈറി |
| (ഹോഗുത്തീയെ) | (ഹോഗുത്തീറി) |



അദു ഹോഗു – ത്ത – എ/ഹോഗ് – ത – അദെ

(ഹോഗുത്തെ/ത്തദെ)

അവു ഹോഗു – ത – അവെ/ഹോഗ – ത – വെ

(ഹോഗുത്തവെ)

ഈ രൂപമാതൃകകൾ മാനക ലിഖിത രൂപങ്ങളാണ്.

ക്രിയാധാതുവിനോട് 'അല്ല' എന്ന് ചേർത്ത് അഭൂതകാലത്തിന്റെ നിഷേധ രൂപം ഉണ്ടാക്കുന്നു.

3.5 തിന്നു + അല്ല = തിന്നല്ല (തിന്നുന്നില്ല)

കുഡി + അല്ല = കുഡിയല്ല (കുടിക്കുന്നില്ല)

ഇവിടെ നിഷേധരൂപങ്ങളിൽ ലിംഗവചന വ്യത്യാസമില്ല.

3.6 പ്രതിഗ്രാഹികാ വിഭക്തിയുടെ (കർമ്മ രൂപം) പ്രത്യയം 'അന്നു', 'അന്ന' – ഇവ പരിചയപ്പെടുത്തിയിരിക്കുന്നു. പ്രതിഗ്രാഹികാ പ്രത്യയം നപുംസക ലിംഗത്തിൽ മിക്കവാറും ഐച്ഛികമാണ്. വ്യക്തിനാമത്തോടും, ബഹുവചനങ്ങളോടും മാത്രമേ നിർബന്ധമായും ചേർക്കേണ്ടതുള്ളു. (മലയാളത്തിലും ഇതേ രീതിയാണ്)

ഉദാ: അവനു കാഫി കുഡിദ – ഇവിടെ 'കാഫിയന്നു' എന്നു വേണ്ട. 'കാപ്പി കുടിച്ചു' എന്ന് മതി. 'കാപ്പിയെ കുടിച്ചു' എന്നു വേണ്ട.

## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 ................................. ഭാനുവാറ ബെംഗളൂറിഗെ ഹോഗോണ.

4.1.2 നാനു ................................. തറലി?

4.1.3 ................................. ബസ്സ് സ്റ്റാന്റ് ഹത്തിറ ബന്നി.

4.1.4 ................................. ബെളിഗ്ഗെ കാഫി കുഡിതാനെ.

4.1.5 സീതെ നാളെ ഊറിഗെ .................................

**4.2 ആവരണത്തിൽ കൊടുത്തിരിക്കുന്ന പദങ്ങളുടെ ശരിയായ രൂപംക്കൊണ്ട് പൂരിപ്പിക്കുക.**

4.2.1 ആയ്യോ നാനു ഏനു ..................................? (മാഡു)

4.2.2 പാപ അവനു മനെഗെ ..................................  (ഹോഗു)

4.2.3 നാവു ഊറിഗെ എഷ്ടു ഗംടെഗെ ............................? (ഹൊറഡു)

4.2.4 സന്ധ്യ യാവാഗ അമേരികക്കെ ..................................? (ഹോഗു)

4.2.5 നീവു നാളെ നമ്മ മനെഗെ .................................. (ബാ)

**4.3 ചോദ്യം ഉണ്ടാക്കുക.**

4.3.1 ഹൗദു ഇദു പുസ്തക.

4.3.2 ആഗലി, ഹോഗോണ.

4.3.3 ഇല്ല, റാജു ബറല്ല.

4.3.4 ഹൗദു, ബസ്സു എംടു ഗംടെഗെ ഹൊറഡുത്തെ.

**4.4 മാതൃക അനുസരിച്ച് മാറ്റം വരുത്തുക.**

| | | | |
|---|---|---|---|
| 4.4.1 മാതൃക : | അവനു + അന്നു | = | അവനന്നു |
| | ഇവനു | = | |
| | അവളു | = | |
| | അദു | = | |
| | കാഡു | = | |
| | ബസ്സു | = | |
| 4.4.2 മാതൃക : | മറ + അന്നു | = | മറവന്നു |
| | പുസ്തക | = | |
| | ഹണ | = | |
| | ദിന | = | |
| 4.4.3 മാതൃക : | മനെ + അന്നു | = | മനെയന്നു. |
| | നായി | = | |
| | കഥെ | = | |
| | സീതെ | = | |
| | റവി | = | |



**4.5 പുരുഷസർവ്വനാമങ്ങളോട് ചേർത്ത് അഭൂതകാലത്തിൽ പ്രയോഗിക്കുക.**

1. ബറു.
2. ഹൊറഡു.
3. തിന്നു.
4. കേളു.
5. കുഡി.

**4.6 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.6.1 ഞാൻ റേഡിയോവിൽ സംഗീതം കേൾക്കുന്നു.

4.6.2 നിന്റെ കൂടെ വന്നതാരാണ്?

4.6.3 ഞാൻ നിനക്ക് എന്ത് കൊണ്ടുവരണം?

4.6.4 അയാൾ പടം കാണാൻ പോകട്ടെ.

4.6.5 ദയവ് ചെയ്ത് ഈ കാപ്പി കുടിക്കൂ.

4.6.6 ഞങ്ങൾ ഇന്ന് മംഗളൂറിലേക്ക് പോകട്ടെ?

**4.7 ഉത്തരം പറയുക**

4.7.1 നീവു ഇവത്തു സായംകാല എല്ലിഗെ ഹോഗ്ത്തീറി?

4.7.2 നീവു യാവ കെലസ മാഡുത്തീറി?

4.7.3 നീവു ഇവത്തു സംജെ സിനിമാക്കെ ഹോഗുത്തീറാ?

4.7.4 റജാ ദിനദല്ലി നിമ്മ മനെഗെ സ്നേഹിതറു ബറുത്താറാ?

4.7.5 നീവു ബെളിഗ്ഗെ എഷ്ടു ഗംടെഗെ തിംഡി തിന്നുത്തീറി?

## 5. പദസഞ്ചയം

| | |
|---|---|
| കേളു | കേൾക്കുക / ചോദിക്കുക |
| തഗൊംഡുഹോഗു | കൊണ്ടുപോകൂ |
| തിംഡി | പലഹാരം |
| താ | കൊണ്ടുവാ |
| നംദിബെട്ട | നന്ദി ഹിൽസ് |
| പുളിയോഗരെ | പുളിയോഗരെ (പുളിസ്സാദം) |
| ബാ | വാ |
| മുംദിന വാറ | അടുത്ത ആഴ്ച |
| സിഗു | കിട്ടുക (കാണുക) |
| സിഹിതിണ്ടി | മധുര പലഹാരം |
| ഹൊറഡു | പുറപ്പെടുക |
| ഹോഗു | പോകൂ |

### 5.1 അനുബന്ധ പദസഞ്ചയം

| | |
|---|---|
| ഈഗ | ഇപ്പോൾ |
| കറെ | വിളിക്കുക |
| കുഡി | കുടിക്കുക |
| തിന്നു | തിന്നുക |
| ഹുല്ലു | പുല്ല് |

# പാഠം – 11

## 'ഇംത' എന്ന തുലനാത്മക പ്രത്യയം, ഇംത കരണാർത്ഥത്തിലും അധികരണാർത്ഥത്തിലും

### 1. സംഭാഷണങ്ങൾ

| | | |
|---|---|---|
| ಮನೋಹರ್ : | ನಾನು ಧಾರವಾಡಕ್ಕೆ ಹೋಗಬೇಕು. ಬಸ್ ಪ್ರಯಾಣ ಒಳ್ಳೆಯದೋ ರೈಲ್ ಪ್ರಯಾಣ ಒಳ್ಳೆಯದೋ? | എനിക്ക് ധാരവാഡയിൽ പോകണം. ബസ്സ് യാത്രയോ ട്രെയിൻ യാത്രയോ നല്ലത്? |
| ಮೂರ್ತಿ : | ಬಸ್ ಪ್ರಯಾಣಕ್ಕಿಂತ ರೈಲ್ ಪ್ರಯಾಣ ಒಳ್ಳೆಯದು. ಬಸ್ಸಿಗಿಂತ ರೈಲಿಗೆ ಚಾರ್ಜ್ ಕಡಿಮೆ. ಬಸ್ಸಿನಲ್ಲಿ ಹೋಗಬೇಡಿ. | ബസ്സ് യാത്രയെക്കാൾ ട്രെയിൻ യാത്രയാണ് നല്ലത്. ബസ്സിനെക്കാൾ ട്രെയിൻ ചാർജ് കുറവാണ്. ബസ്സിൽ പോകേണ്ട. |
| ಮನೋಹರ್ : | ರೈಲು ಯಾವ ಮಾರ್ಗ ಹೋಗುತ್ತೆ. | ട്രെയിൻ ഏത് വഴി പോകും? |
| ಮೂರ್ತಿ : | ಅರಸೀಕೆರೆ ಮಾರ್ಗ ಹೋಗುತ್ತೆ. | അർസികെരെ വഴി പോകും. |
| ಮನೋಹರ್ : | ಅದು ಒಂದೇ ಮಾರ್ಗಾನಾ? | അത് ഒരു വഴിയെ ഉള്ളോ? |
| ಮೂರ್ತಿ : | ಗುಂತಕಲ್ ಮಾರ್ಗಾನೂ ಹೋಗಬಹುದು. | ഗുന്തക്കൽ വഴിയും പോകാം. |

| | | |
|---|---|---|
| ಮನೋಹರ್ : | ಯಾವುದು ಹತ್ತಿರ? | ഏതാണ് അടുത്ത്? |
| ಮೂರ್ತಿ : | ಗುಂತಕಲ್‌ಗಿಂತ ಅರಸೀಕೆರೆ ಮಾರ್ಗಾನೇ ಹತ್ತಿರ. | ഗുന്തകല്ലിനെക്കാൾ അർസീകെരെ വഴിയാണ് അടുത്ത്. |
| ಮನೋಹರ್ : | ಹುಬ್ಬಳ್ಳಿ ಧಾರವಾಡ ಎರಡೂ ಹತ್ತಿರ ಇವೆಯಾ? | ഹുബ്ലി, ധാർവാഡ് രണ്ടും അടുത്തടുത്താണോ? |
| ಮೂರ್ತಿ : | ಹೌದು. ಅವೆರಡೂ ಅವಳಿ ನಗರಗಳು | അതെ. അവ രണ്ടും ഇരട്ട നഗരങ്ങളാണ്. |
| ಮನೋಹರ್ : | ಹುಬ್ಬಳ್ಳಿ ದೊಡ್ಡದೋ ಧಾರವಾಡ ದೊಡ್ಡದೋ? | ഹുബ്ലിയോ വലുത് അതോ ധാർവാഡോ? |
| ಮೂರ್ತಿ : | ಧಾರವಾಡಕ್ಕಿಂತ ಹುಬ್ಬಳ್ಳಿ ದೊಡ್ಡದು. | ധാർവാഡിനെക്കാൽ ഹുബ്ലി വലുതാണ്. |
| ಮನೋಹರ್ : | ಯಾವುದು ಮೊದಲು ಸಿಗುತ್ತೆ? | ഏതാണ് ആദ്യം കിട്ടുക? |
| ಮೂರ್ತಿ : | ಹುಬ್ಬಳ್ಳಿ ಮೊದಲು ಸಿಗುತ್ತೆ. | ഹുബ്ലി ആദ്യം കിട്ടും. |
| ಮನೋಹರ್ : | ಇಂಟರ್‌ಸಿಟಿ ಎಕ್ಸ್‌ಪ್ರೆಸ್ಸಿನಲ್ಲಿ ಬೇಗ ಹೋಗಬಹುದಾ? | ഇന്റർസിറ്റി എക്സ്പ്രസ്സിൽ വേഗം എത്തുമോ? |
| ಮೂರ್ತಿ : | ಹೋಗಬಹುದು. ಅಲ್ಲಿ ಎಲ್ಲಿಗೆ ಹೋಗಬೇಕು? | എത്തും. അവിടെ എവിടേക്ക് പോകണം? |
| ಮನೋಹರ್ : | ಯುನಿವರ್ಸಿಟಿಗೆ ಹೋಗಬೇಕು. ರೈಲ್ವೇ ಸ್ಟೇಶನ್‌ನಲ್ಲಿ ಆಟೋ ಸಿಗುತ್ತಾ? | സർവകലാശാലയിലേക്ക് പോകണം. റെയിൽവെ സ്റ്റേഷനിൽ ഓട്ടോ കിട്ടുമോ? |
| ಮೂರ್ತಿ : | ಸಿಗುತ್ತೆ. ಆದರೆ ಆಟೋದಲ್ಲಿ ಹೋಗಬೇಡಿ. ಬೇಕಾದಷ್ಟು ಬಸ್ ಸಿಗುತ್ತೆ. ಬಸ್ಸಿನಲ್ಲಿ ಹೋಗಿ. | കിട്ടും. പക്ഷെ ഓട്ടോയിൽ പോകണ്ട. വേണ്ടത്ര ബസ്സ് കിട്ടും. ബസ്സിൽ പോയ്ക്കൊള്ളൂ. |
| ಮನೋಹರ್ : | ಮುಂದಿನ ಸೋಮವಾರಕ್ಕೆ ರೈಲಿನಲ್ಲಿ ಸೀಟು ಸಿಗಬಹುದಾ? | അടുത്ത തിങ്കളാഴ്ചത്തേക്ക് ട്രെയിനിൽ സീറ്റ് കിട്ടുമോ? |
| ಮೂರ್ತಿ : | ಕಷ್ಟ. ಒಂದು ವಾರ ಮೊದಲೇ | പ്രയാസമാണ്. ഒരാഴ്ച മുമ്പ് |



| | |
|---|---|
| ರಿಸರ್ವ್ ಮಾಡಬೇಕು. ಇಷ್ಟು ತಡಮಾಡಬಾರದು. | തന്നെ റിസർവ്വ് ചെയ്യണം. ഇത്രയും വൈകാൻ പാടില്ല. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ಬೆಂಗಳೂರಿಗಿಂತ ಮೈಸೂರು ಚಿಕ್ಕದು. | ബെംഗളൂരിനെക്കാൾ മൈസൂർ ചെറുതാണ്. |
| | ರಾಮನಿಗಿಂತ ರಾವಣ ಧೈರ್ಯಶಾಲಿ. | രാമനെക്കാൾ രാവണൻ ധൈര്യശാലിയാണ്. |
| | ಶಾಲಿನಿಗಿಂತ ಮಾಲಿನಿ ಚಿಕ್ಕವಳು. | ശാലനിയെക്കാൾ മാലിനിക്ക് ചെറുപ്പമാണ്. |
| | ಅವಳು ನನಗಿಂತ ಎತ್ತರ. | അവൾക്ക് എന്നെക്കാൾ ഉയരമുണ്ട്. |
| | ಆ ಪಕ್ಷಕ್ಕಿಂತ ಈ ಪಕ್ಷ ಒಳ್ಳೆಯದು. | ആ പാർട്ടിയെക്കാൾ ഈ പാർട്ടി നല്ലതാണ്. |
| | ಸೇವಂತಿಗೆ ಹೂವಿಗಿಂತ ಗುಲಾಬಿ ಹೂ ಸುಂದರ. | ജമന്തി പൂവിനെക്കാൾ റോസാ പൂവ് സുന്ദരമാണ്. |
| | ರಂಭೆಗಿಂತ ಮೇನಕೆ ಸುಂದರಿ. | രംഭയെക്കാൾ മേനക സുന്ദരിയാണ്. |
| | ಬೆಂಗಳೂರಿಗಿಂತ ಮೈಸೂರು ಸುಂದರವಾದ ನಗರ. | ബെംഗളൂരിനെക്കാൾ മൈസൂർ സുന്ദരമാണ്. |
| 2.2 | ನಾನು ಊರಿಗೆ ಹೋಗಬೇಕು. | എനിക്ക് നാട്ടിലേക്ക് പോകണം. |
| | ನೀವು ನನಗೆ ಹತ್ತು ರೂಪಾಯಿ ಕೊಡಬೇಕು. | നിങ്ങൾ എനിക്ക് പത്ത് രൂപ തരണം. |
| | ಪ್ರತೀದಿನ ಬೆಳಿಗ್ಗೆ ಪೇಪರ್ ಓದಬೇಕು. | എന്നും രാവിലെ പത്രം വായിക്കണം. |
| | ಕರ್ನಾಟಕದಲ್ಲಿ ಎಲ್ಲರೂ ಕನ್ನಡ ಕಲಿಯಬೇಕು. | കർണാടകയിൽ എല്ലാവരും കന്നട പഠിക്കണം. |

| | | |
|---|---|---|
| 2.3 | ನೀನು ಆ ಕೆಲಸ ಮಾಡಬೇಡ. | നീ ആ പണി ചെയ്യേണ്ട. |
| | ನೀವು ಹೆಚ್ಚು ಕಾಫಿ ಕುಡಿಯಬೇಡಿ. | നിങ്ങൾ അധികം കാപ്പി കുടിക്കണ്ട. |
| 2.4 | ನೀವು ಒಳಗೆ ಬರಬಹುದು. | നിങ്ങൾക്ക് അകത്ത് വരാം. |
| | ಅವರು ನಾಳೆ ಮದ್ರಾಸಿಗೆ ಹೋಗಬಹುದು. | അവർ നാളെ മദ്രാസിലേക്ക് പോയേക്കാം. |
| 2.5 | ಧೂಮಪಾನ ಮಾಡಬಾರದು. | പുകവലി പാടില്ല. |
| | ನೀನು ಅವನನ್ನು ಬೈಯಕೂಡದು. | നീ അവനെ ശകാരിക്കരുത്. |
| | ಮಕ್ಕಳು ದಿನಾ ಸಿನಿಮಾ ನೋಡಬಾರದು. | കുട്ടികൾ എല്ലാ ദിവസവും സിനിമ കാണരുത്. |
| | ನೀನು ಆ ಹುಡುಗಿಯನ್ನು ನೋಡಕೂಡದು. | നീ ആ പെണ്ണിനെ നോക്കരുത്. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 'ഇംത' എന്നത് താരതമ്യസൂചക പ്രത്യയമാണ്. രണ്ട് വസ്തുക്കളെ താരതമ്യപ്പെടുത്താൻ വേണ്ടി പ്രയോഗിക്കുന്നു. കന്നഡയിൽ ഇംഗ്ലീഷിലുള്ളതു പോലെ താരതമ്യത്തിന്റെ മാത്രാഭേദം സൂചിപ്പിക്കുന്ന പ്രത്യേക പ്രത്യയങ്ങൾ ഇല്ല. ബഹള, തുംബ, തീര - ഇവ ആത്യന്തികാവസ്ഥ സൂചിപ്പിക്കുന്ന പദങ്ങളാണ്. 'ഇംത' എന്നത് എല്ലായ്പോഴും ഉദ്ദേശികാവിഭക്തിയുടെ അർത്ഥത്തിലാണ് കർത്തൃപദത്തോട് ചേർക്കുന്നത്. (മലയാളത്തിൽ '-യെക്കാൾ' എന്ന അർത്ഥമാണ് കിട്ടുക. പക്ഷെ മലയാളത്തിൽ പ്രതിഗ്രാഹികാ രൂപത്തോടാണ് 'കാൾ' എന്നു ചേർക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക)

നനഗെ കന്നഡ സിനമക്കിംത ഹിന്ദി സിനിമ ഇഷ്ട.
(എനിക്ക് കന്നഡ സിനിമയെക്കാൾ ഹിന്ദി സിനിമയാണ് ഇഷ്ടം)

ബെംഗളൂറിഗിംത കൽക്കത്ത ദൊഡ്ഡ നഗറ.
(ബെംഗളൂറിനെക്കാൾ കൽക്കത്ത വലിയ നഗരമാണ്)



3.2 നിശ്ചിതാർത്ഥം, അനുവാദാർത്ഥം, നിഷേധാർത്ഥം - ഇവ സൂചിപ്പിക്കുന്ന ക്രിയാരൂപങ്ങൾ പരിചയപ്പെടുത്തിയിരിക്കുന്നു. 'ബേഡ' എന്നത് എപ്പെഴും മധ്യമ പുരുഷനിൽ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. പക്ഷെ 'ബേകു' എന്നത് ഉത്തമ, മധ്യമ, പ്രഥമ പുരുഷനിലും ചേർക്കുന്നതാണ്.

നീനു ഇവത്തു ഊറിഗെ ഹോഗബേഡ.
(നീ ഇന്ന് നാട്ടിലേക്കു പോകേണ്ട)

നീവു നമ്മ മനെഗെ ബറബേഡി.
(നിങ്ങൾ ഞങ്ങളുടെ വീട്ടിലേക്ക് വരേണ്ട)

നാനു ബഹള ബേഗ ഹോഗബേകു.
(ഞാൻ വളരെ വേഗം പോകണം)

നീനു ആ പുസ്തക ഓദബേകു.
(നീ ആ പുസ്തകം വായിക്കണം)

അവനു ഹത്തു രൂപായി കൊഡബേകു.
(അവൻ പത്ത് രൂപ കൊടുക്കണം. - എനിക്ക്)

പ്രധാന ക്രിയയോട് 'ബഹുദു' എന്നു ചേർത്താൽ അനുവാദ രൂപം കിട്ടും. അനുവാദ രൂപം 'അനുജ്ഞായകം' എന്നാണ് പറയുന്നതെങ്കിലും 'സാധ്യത' എന്ന അർത്ഥത്തിലും പ്രയോഗിക്കാം.

'നീനു നന്ന ജൊതെ ബറബഹുദു'
(നിനക്ക് എന്റെ കൂടെ വരാം)

'നാനു സംജെ നിനഗെ സിഗബഹുദു'
(ഞാൻ സന്ധ്യയ്ക്ക് നിന്നെ കാണാം)

'അവനു നാളെ ബറബഹുദു'
(അവൻ നാളെ വന്നേക്കാം)

കന്നഡയിൽ രണ്ട് നിഷേധ രൂപങ്ങളുണ്ട്. ബാറദു, കൂഡദു. കടുത്ത നിഷേധാർത്ഥം കാണിക്കാനാണ് 'കൂടദു' എന്ന് പ്രയോഗിക്കുന്നത്.

അധികാരിഗളു ലംച തെഗെദുകൊള്ളബാരദു.
(അധികാരികൾ കൈകൂലി വാങ്ങരുത്)

മക്കളു സിഗറേറ്റ് സേദ കൂഡദു.
(കുട്ടികൾ സിഗററ്റ് വലിക്കാൻ പാടില്ല)

(മലയാളത്തിൽ 'അരുത്', 'പാടില്ല' എന്നിങ്ങനെ രണ്ടുരൂപങ്ങളു ണ്ടെലും അർത്ഥത്തിൽ വ്യത്യാസമില്ല)

## 4. അഭ്യാസം

**4.1 ആവരണത്തിൽ കൊടുത്തിരിക്കുന്ന മലയാള പദങ്ങൾക്ക് തുല്യമായ കന്നഡ പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 ಹೈದರಾಬಾದ್ ಸಿಕಂದರಾಬಾದ್ ಎರಡೂ .................... ನಗರಗಳು. (ഇരട്ട)

4.1.2 ರೈಲು ಮದ್ರಾಸು .................. ಹೋಗುತ್ತೆ. (വഴി)

4.1.3 .................... ಭಾನುವಾರ ನಾನು ಬೆಂಗಳೂರಿಗೆ ಹೋಗಬೇಕು. (നാളെ)

4.1.4 ಎಕ್ಸ್‌ಪ್ರೆಸ್ ಬಸ್ಸಿನಲ್ಲಿ ....................... ಹೋಗಬಹುದು. (വേഗത്തിൽ)

**4.2 താരതമ്യ സൂചക പ്രത്യയം ചേർത്ത് വാക്യങ്ങളെ യോജിപ്പിക്കുക.**

4.2.1 ಬೆಂಗಳೂರು ದೊಡ್ಡ ಪಟ್ಟಣ.

ಮೈಸೂರು ಚಿಕ್ಕ ಪಟ್ಟಣ.

4.2.2 ರಾಮನಿಗೆ ಹತ್ತು ವರ್ಷ.

ಲಕ್ಷ್ಮಣನಿಗೆ ಹನ್ನೆರಡು ವರ್ಷ.

4.2.3 ಈ ಪುಸ್ತಕ ಒಳ್ಳೆಯದು.

ಆ ಪುಸ್ತಕ ಕೆಟ್ಟದು.

4.2.4 ಕಮಲ ಸುಂದರಿ.

ವಿಮಲ ತುಂಬಾ ಸುಂದರಿ.

**4.3 സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.**

ಬೇಕಾದಷ್ಟು

ಬೇಗ

ಪ್ರಯಾಣ

ಮಾರ್ಗ



ಮೊದಲು

ಕಡಿಮೆ

**4.4 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.4.1 മൈസൂർ ബെംഗളൂരിനേക്കാൾ ചെറുതാണ്.

4.4.2 ബസ്സ് യാത്രയെക്കാൾ ട്രെയിൻ യാത്രയാണ് സുഖകരം.

4.4.3 ആവൾ എന്നെക്കാൾ ഉയരം കൂടിയവളാണ്.

4.4.4 നീ ഇപ്പോൾ പോകൂ.

4.4.5 ദയവായി എന്നോട് സംസാരിക്കരുത്.

4.4.6 ഞാൻ അടുത്താഴ്ച ഡൽഹിക്ക് പോകും.

4.4.7 നീ പുകവലിക്കരുത്.

4.4.8 അവൻ ആ പണിചെയ്യരുത്.

**4.5 ഉത്തരമെഴുതുക.**

4.5.1 ನೀವು ದಿನಾ ಹತ್ತು ಗಂಟೆಗೆ ಕೆಲಸಕ್ಕೆ ಹೋಗಬೇಕಾ?

4.5.2 ನಿಮ್ಮ ಮನೆಗಿಂತ ನಿಮ್ಮ ಪಕ್ಕದ ಮನೆ ಚೆನ್ನಾಗಿದೆಯಾ?

4.5.3 ನಿಮಗಿಂತ ನಿಮ್ಮ ತಮ್ಮ/ತಂಗೀನೇ ಎತ್ತರಾನಾ?

4.5.4 ನಿಮ್ಮ ಮನೆಯಲ್ಲಿ ಸಿಗರೇಟ್ ಸೇದಕೂಡದಾ?

## 5. പദസഞ്ചയം

| | |
|---|---|
| ಅವಳಿ ನಗರಗಳು | ഇരട്ട നഗരങ്ങൾ |
| ಚಾರ್ಜು | കൂലി, ചാർജ്ജ് |
| ತಡ | കാലതാമസം |
| ಪ್ರಯಾಣ | യാത്ര |
| ಬೇಗ | വേഗം |
| ಮಾರ್ಗ | വഴി |

**5.2 അനുബന്ധ പദസഞ്ചയം**

| | |
|---|---|
| ಎತ್ತರ | ഉയരം |
| ಕಲಿ | പഠിക്കൂ |
| ಗುಲಾಬಿ | റോസ്, പനിനീർ |
| ಧೂಮಪಾನ | പുകവലി |
| ಧೈರ್ಯಶಾಲಿ | ധൈര്യശാലി |
| ಪಕ್ಷ | പാർട്ടി, പക്ഷം |
| ಬೈಯ್ಯು | ശകാരിക്കുക, ചീത്തപറയുക |
| ಸುಂದರ | സുന്ദരൻ |
| ಸುಂದರಿ | സുന്ദരി |
| ಸೇವಂತಿಗೆ | ജമയന്തി |
| ಹೂ/ಹೂವು | പൂ/പൂവ് |

# പാഠം – 12

## ക്രിയാനാമം, സംഭാവ്യതാ സൂചകം, ഇംദ – കരണാർത്ഥത്തിലും അധികരണാർത്ഥത്തിലും

### 1. സംഭാഷണങ്ങൾ

| | | |
|---|---|---|
| ಸುರೇಶ್ : | ಮನೋಹರನಿಗೂ ಕಣ್ಣನಿಗೂ ಕನ್ನಡ ಪರೀಕ್ಷೆ ಯಾವಾಗ? | മനോഹരനും കണ്ണനും കന്നഡ പരീക്ഷ എപ്പോഴാണ്? |
| ರಮೇಶ್ : | ಮುಂದಿನ ತಿಂಗಳು. | അടുത്തമാസം. |
| ಸುರೇಶ್ : | ಈ ಸಾರಿನಾದ್ರೂ ಪಾಸ್ ಮಾಡ್ತಾರಾ? | ഇപ്രാവശ്യമെങ്കിലും പാസാകുമോ? |
| ರಮೇಶ್ : | ಏನ್ ಮಾಡ್ತಾರೋ ಏನೋ ಗೊತ್ತಿಲ್ಲ. | എന്ത് ചെയ്യുമോ എന്തോ. അറിയില്ല. |
| ಸುರೇಶ್ : | ಅವರಿಗೆ ಮಾತಾಡೋದು, ಬರೆಯೋದು ಚೆನ್ನಾಗಿ ಬರುತ್ತಾ? | അവർക്ക് സംസാരിക്കാനും എഴുതാനും നന്നായി അറിയാമോ? |
| ರಮೇಶ್ : | ಮನೋಹರ್‌ಗೆ ಮಾತಾಡೋಕೆ ಚೆನ್ನಾಗಿ ಬರುತ್ತೆ. ಬರೆಯೋದಕ್ಕೆ ಬರಲ್ಲ. | മനോഹരന് നന്നായി സംസാരിക്കാനറിയാം. എഴുതാനറിയില്ല. |
| ಸುರೇಶ್ : | ಅವನು ಕನ್ನಡ ಕಲಿಯೋದಕ್ಕೆ ಟ್ಯೂಷನಿಗೆ ಹೋಗ್ತಾನಾ? | അവൻ കന്നഡ പഠിക്കാൻ ട്യൂഷന് പോകുന്നുണ്ടോ? |

| | | |
|---|---|---|
| ರಮೇಶ್ : | ಹೋಗ್ತಾನಂತೆ. | പോകുന്നത്രെ. |
| ಸುರೇಶ್ : | ಕಣ್ಣನ್? | കണ്ണനോ? |
| ರಮೇಶ್ : | ಅವನು ಬರೆಯಬಲ್ಲ. ಆದರೆ ಮಾತನಾಡಲಾರ. | അവന് എഴുതാൻ പറ്റും. പക്ഷെ സംസാരിക്കാനാവില്ല. |
| ಸುರೇಶ್ : | ಒಬ್ಬ ಬರೆಯೋದನ್ನು ಅಭ್ಯಾಸ ಮಾಡಬೇಕು. ಇನ್ನೊಬ್ಬ ಮಾತಾಡೋದನ್ನು ಅಭ್ಯಾಸ ಮಾಡಬೇಕು. ಅದು ಮಾಡೋದರಿಂದ ಪರೀಕ್ಷೆಯಲ್ಲಿ ಪಾಸಾಗಬಲ್ಲರು. | ഒരാൾ എഴുതുവാൻ പഠിക്കണം. മറ്റൊരാൾ സംസാരിക്കുവാൻ പഠിക്കണം. അങ്ങനെ ചെയ്താൽ പരീക്ഷ പാസാകാം. |
| ರಮೇಶ್ : | ಹೌದು. ಕಣ್ಣನ್ ಪಾಸಾಗೋದರಲ್ಲಿ ಅನುಮಾನ ಇಲ್ಲ. ಮನೋಹರ್‌ದೇ ಅನುಮಾನ. | അതെ, കണ്ണൻ പാസാകും എന്നതിൽ സംശയമില്ല. മനോഹറിന്റെത് സംശയമുണ്ട്. |
| ಸುರೇಶ್ : | ಯಾಕೆ? ಅವನು ಸರಿಯಾಗಿ ಪ್ರಯತ್ನ ಪಡಲ್ಲವಾ? | എന്തിനാ? അവൻ ശരിക്കും ശ്രമിക്കുന്നില്ലെ? |
| ರಮೇಶ್ : | ಪಡಲ್ಲ. ಅದೇ ತೊಂದರೆ. | ഇല്ല. അതാണ് കുഴപ്പം. |
| ಸುರೇಶ್ : | ಅವನಿಗೆ ಹೇಳಬೇಕು. | അവനോട് പറയണം. |
| ರಮೇಶ್ : | ಅದೆಲ್ಲಾ ಹೇಳೋದಲ್ಲ. ಅವನಿಗೆ ಅರ್ಥ ಆಗಬೇಕು. | അതൊക്കെ പറയേണ്ടതല്ല. തനിയെ മനസ്സിലാക്കേണ്ടതാണ്. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ನನಗೆ ಕತೆ ಕೇಳೋದು ಇಷ್ಟ. | എനിക്ക് കഥ കേൾക്കുന്നത് ഇഷ്ടമാണ്. |
| | ಹುಡುಗರಿಗೆ ಬುದ್ಧಿವಾದ ಹೇಳೋದು ಸುಲಭ. | കുട്ടികൾക്ക് ഉപദേശം കൊടുക്കുന്നത് എളുപ്പമാണ്. |
| | ಊಟದ ಮಧ್ಯೆ ನೀರು ಕುಡಿಯುವುದು ಅನಾರೋಗ್ಯ. | ഊണിനിടയിൽ വെള്ളം കുടിക്കുന്നത് അനാരോഗ്യകരം. |
| | ನೀನು ಬರೆಯೋದನ್ನು ನಾನು ನೋಡಬೇಕು. | നീ എഴുതുന്നത് എനിക്ക് കാണണം. |



| | | |
|---|---|---|
| | ಅವಳು ಮಾತಾಡೋದನ್ನು ಯಾರು ಕೇಳ್ತಾರೆ. | അവൾ സംസാരിക്കുന്നത് ആരു കേൾക്കും? |
| | ಕನ್ನಡ ಕಲಿಯೋದರಿಂದ ಲಾಭ ಇದೆ. | കന്നഡ പഠിക്കുന്നതുകൊണ്ട് പ്രയോജനമുണ്ട്. |
| | ಕೆಟ್ಟ ಸಿನಿಮಾ ನೋಡೋದರಿಂದ ತಲೆನೋವು ಬರುತ್ತೆ. | മോശപ്പെട്ട സിനിമ കണ്ടാൽ തലവേദന വരും. |
| | ಅವರು ಊಟ ಮಾಡೋದಕ್ಕೆ ಹೋಟೆಲಿಗೆ ಹೋಗ್ತಾರೆ. | അവർ ഊൺ കഴിക്കാൻ ഹോട്ടലിലേക്ക് പോകുന്നു. |
| | ಅವಳು ಜಗಳ ಆಡುವುದಕ್ಕೆ ತಯಾರಿದ್ದಾಳೆ. | അവൾ ശണ്ഠയ്ക്ക് തയ്യാറാണ്. |
| | ಬ್ಯಾಂಕಿಗೆ ಹೋಗುವುದರಲ್ಲಿ ತಡ ಆಗುತ್ತೆ. | ബാങ്കിലേക്ക് പോകുമ്പോൾ കാലതാമസം വരും. |
| | ಅವನು ದೆಹಲಿಯಿಂದ ಸ್ವೆಟರ್ ತರುವುದರಲ್ಲಿ ಅನುಮಾನ ಇಲ್ಲ. | അവൻ ഡെൽഹിയിൽ നിന്ന് സ്വെറ്റർ കൊണ്ടുവരുമെന്നതിൽ സംശയമില്ല. |
| | ಸುರೇಶ ಕನ್ನಡ ಮಾತಾಡುವುದರ ಮುಂದೆ ಇವನೇನು? | സുരേഷ് കന്നഡ സംസാരിക്കുന്നതിന് മുമ്പിൽ ഇവന്റേത് എന്ത്? |
| 2.2 | ಆ ನೀರು ಕುಡಿಯೋದಲ್ಲ. | ആ വെള്ളം കുടിക്കുന്നതിനുള്ളതല്ല. |
| | ನಿಮ್ಮಂತವರು ಅಂಥ ಪುಸ್ತಕ ಓದೋದಲ್ಲ. | നിങ്ങളെപോലുള്ളവർ അത്തരം പുസ്തകം വായിക്കരുത്. |
| | ಅವರು ಇಂತ ಕೆಲಸ ಮಾಡೋದಲ್ಲ. | അവർ ഇത് പോലുള്ള പണി ചെയ്യരുത്. |
| 2.3 | ನಾನು ಒಂದು ಮೈಲಿ ಓಡಬಲ್ಲೆ. | ഞാൻ ഒരു മൈൽ ഓടും. |

| | | |
|---|---|---|
| 2.4 | ನಾವು ಹಿಂದಿ ಚೆನ್ನಾಗಿ ಬರೆಯಬಲ್ಲೆವು. | ഞങ്ങൾ ഹിന്ദി നന്നായി എഴുതും. |
| | ನೀನು ಹತ್ತು ಇಡ್ಲಿ ತಿನ್ನಬಲ್ಲೆಯಾ? | നിനക്ക് പത്ത് ഇഡ്ഡലി തിന്നാൻ കഴിയുമോ? |
| | ನೀವು ಬೆಳಿಗ್ಗೆ ಆರು ಗಂಟೆಗೆ ಬರಬಲ್ಲಿರಾ? | നിങ്ങൾക്ക് രാവിലെ ആറുമണിക്ക് വരാൻ സാധിക്കുമോ? |
| 2.5 | ರಮೇಶ್ ಚೆನ್ನಾಗಿ ಹಾಡಬಲ್ಲ. | രമേശൻ നന്നായി പാടും. |
| | ಕಮಲ ಪರೀಕ್ಷೆಯಲ್ಲಿ ರ‍್ಯಾಂಕು ಬರಬಲ್ಲಳು. | കമലയ്ക്ക് പരീക്ഷയിൽ റാങ്ക് കിട്ടും. |
| 2.6 | ಅವರು ಚೆನ್ನಾಗಿ ಗಲಾಟೆ ಮಾಡಬಲ್ಲರು. | അവർ നല്ലവണ്ണം ബഹളമുണ്ടാക്കും. |
| | ಈ ಸ್ಕೂಟರ್ ಒಳ್ಳೆ ಸರ್ವೀಸ್ ಕೊಡಬಲ್ಲದು. | ഈ സ്ക്കൂട്ടർ നല്ല സർവ്വീസ് നല്കും. |
| | ಸೀಮೆ ಹಸುಗಳು ಹೆಚ್ಚು ಹಾಲು ಕೊಡಬಲ್ಲುವು. | ഹൈബ്രീഡ് പശുക്കൾ അധികം പാൽ തരും. |
| 2.7 | ನಾನು ಹತ್ತು ಲಾಡು ತಿನ್ನಲಾರೆ. | എനിക്ക്  പത്ത് ലഡ്ഡു തിന്നാൻ കഴിയില്ല. |
| | ನೀನು ಅವರಿಗೆ ಸಾವಿರ ರೂಪಾಯಿ ಕೊಡಲಾರೆಯಾ? | അവർക്ക് ആയിരം രൂപ കൊടുക്കാൻ നിങ്ങൾക്ക് കഴിയില്ലേ? |
| | ಅವನು ಕನ್ನಡ ಮಾತಾಡೋದಕ್ಕೆ ತುಂಬಾ ಕಷ್ಟಪಡುತ್ತಾನೆ. | അവൻ കന്നഡ സംസാരിക്കാൻ വളരെ കഷ്ടപ്പെടുന്നു. |
| | ಬಡವರು ತುಂಬಾ ದುಃಖಪಡುತ್ತಾರೆ. | പാവങ്ങൽ വളരെ ദുഃഖിക്കുന്നു. |
| | ಶ್ರೀಮಂತರು ಬಹಳ ಸುಖಪಡುತ್ತಾರೆ. | പണക്കാർ വളരെ സുഖിക്കുന്നു. |



## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 ക്രിയാപദങ്ങളോട് 'വദു', 'ഊദു' - എന്നിവചേർത്ത് ക്രിയാനാമ രൂപങ്ങൾ ഉണ്ടാക്കുന്നു. ഇത് നാമമായും വിശേഷണമായും പ്രവർത്തിക്കുന്നു.

തിന്നുവുദു/തിന്നുദു - തിന്നൽ.

മാഡുവുദു/മാഡൂദു - ചെയ്യൽ.

'വുദു / ഊദു' എന്ന് ചേർത്ത്. ക്രിയാനാമമായി മാറ്റിയ ശേഷം, വിഭക്തി പ്രത്യയം ചേർക്കാം.

ചെന്നാഗി ഊട്ടമാഡുവുദന്നു കലി.
(നന്നായി ഊണു കഴിക്കാൻ പഠിക്കണം)

ജഗള മാഡുവുദറിംദ കെലസ ആഗത്തെ.
(ലഹള കൂട്ടൽകൊണ്ട് പണി തീരുന്നു)

കാഫി കുഡിയുവുദക്കെ ഹോട്ടലിഗെ ഹോഗി.
(കാപ്പി കുടിക്കാൻ ഹോട്ടലിലേക്ക് പോകൂ)

നൃത്യനോഡുവുദറല്ലി നനഗെ ആസക്തി ഇല്ല.
(ഡാൻസ് കാണുന്നതിൻ എനിക്ക് താൽപര്യം ഇല്ല)

പ്രത്യേക സൂചന : ക്രിയാനാമരൂപം ഉണ്ടാക്കുന്നതിനു ഉദ്ദേശികാ പ്രത്യയത്തിനു പകരമായി 'അലു' എന്നും ചേർക്കാം.

അവനു കാഫി കുഡിയലു ഹോട്ടലിഗെ ഹോഗുത്താനെ.
(അവൻ കാപ്പി കുടിക്കുന്നതിന് ഹോട്ടലിലേക്കു പോകുന്നു'

ക്രിയാനാമത്തോട് 'അല്ല' എന്നു ചേർത്ത് നിഷേധക്രിയാനാമം ഉണ്ടാക്കാം. അത് ആഖ്യാതത്തിന്റെ ഭാഗമായിട്ട് മാത്രമേ ഉപയോഗിക്കാറുള്ളു.

കേളുവുദല്ല - കേൾക്കുന്നതല്ല

മാഡുവുദല്ല - ചെയ്യുന്നതല്ല.

ക്രിയാ നാമത്തോട് തുലനാത്മക പ്രത്യയമായ 'ഇംത' എന്നു ചേർത്താൽ 'പകരമായി/അതിനെക്കാൾ' എന്നർത്ഥം കിട്ടും.

ആ സിനിമ നോഡുവുദക്കിംത സുമ്മനിറുവുദു ഒള്ളെയദു.

(ആ സിനിമാ കാണുന്നതിനെക്കാൾ വെറുതെയിരിക്കുന്നതാണ് നല്ലത്)

3.2 'ബൽ', 'ആർ' - ഇവ സംഭാവ്യസൂചകത്തിന്റെ വിധി നിഷേധങ്ങളാണ്. ഈ പ്രത്യയങ്ങൾ പുരുഷ പ്രത്യയങ്ങളോട് ചേർത്തിട്ട് പ്രധാന ക്രിയയുടെ അപൂർണ രൂപങ്ങളോടൊപ്പം സംയുക്ത രചനകളിൽ ഉപയോഗിക്കുന്നു.

തിന്ന-ബൽ-എ-തിന്നബല്ല - 'എനിക്ക്' തിന്നാൻ കഴിയും.

തിന്നൽ-ആർ-എ-തിന്നലാറ - 'എനിക്ക്' തിന്നാൻ കഴിയില്ല.

എല്ലാ സർവ്വനാമങ്ങളോടും ചേർത്തിട്ടുള്ളത് ശ്രദ്ധിക്കുക.

| | | | | |
|---|---|---|---|---|
| നാനു മാഡബല്ലെ | | - | എനിക്ക് ചെയ്യാൻ കഴിയും. | |
| നാവു മാഡബല്ലെവു | | - | ഞങ്ങൾക്ക് ചെയ്യാൻ കഴിയും. | |
| നീനു മാഡബല്ലെ | | - | നീവു മാഡബല്ലിറി. | |
| നീനു മാഡലാറെ | | - | നീവു മാഡലാറിറി. | |
| അവനു | മാഡബല്ല | - | അവറു | മാഡബല്ലറു. |
| | മാഡലാറെ | - | | മാഡലാററു. |
| അവളു | മാഡബല്ലളു | - | | |
| | മാഡലാറളു | - | | |
| അദു | മാഡബല്ലദു | - | അവു | മാഡബല്ലവു. |
| | മാഡലാറദു | - | | മാഡലാറവു. |

'ബല്ല' എന്ന പദം 'അറിയാം' എന്നർത്ഥത്തിൽ സ്വതന്ത്രമായും ഉപയോഗിക്കുന്നു.

3.3 'ഇംദ' എന്നത് കരണാർത്ഥിലും അതുപോലെ അധികരണാർത്ഥത്തിലും പ്രയോഗിക്കുന്നു. 'ഇംദ' എകവചനമാണെങ്കിലും പ്രയോഗത്തിൽ അതിന്റെ വ്യത്യാസം നിലനിർത്തുന്നത് ശ്രദ്ധിക്കുക.

അവനു പെന്നിനിംദ ബറെയുത്താനെ.

(അവൻ പെന്നുകൊണ്ട് എഴുതുന്നു) (പേനയാൽ)

അവനു ആഫീസിഗെ ഹോസ്റ്റലിനിംദ ബർത്താനെ.



(അവൻ ആപ്പീസിലേക്ക് ഹോസ്റ്റലിൽനിന്ന വരുന്നു)

ഇതിൽ ആദ്യത്തെ വാക്യത്തിൽ കരണാർത്ഥത്തിലും രണ്ടാമത്തേതിൽ ആധാരികാർത്ഥത്തിലും (അധികരണം) ആണ് പ്രയോഗിച്ചിട്ടുള്ളത്. ക്രിയയെ സഹായിക്കുന്ന ഉപകരണമാണ് 'കരണം'. പ്രവൃത്തി എവിടെനിന്ന് തുടങ്ങിയോ ആ പ്രഭവ സ്ഥാനമാണ് 'അധികരണം'

3.4 'പഡു' എന്ന പദം കഷ്ട, സുഖ, ദുഃഖ, സന്തോഷ തുടങ്ങിയ നാമങ്ങളോട് ചേർത്ത് സംയുക്ത ക്രിയകളുണ്ടാക്കാം. വികാരങ്ങൾ പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്ന നാമപദങ്ങളോട് ആണ് ഈ പദം ചേർക്കുക.

| | | |
|---|---|---|
| കഷ്ടപ്പഡു | - കഷ്ടം അനുഭവിക്കുന്നു. | (കഷ്ടപ്പെടുന്നു) |
| സുഖപ്പഡു | - സുഖം അനുഭവിക്കുന്നു. | (സുഖിക്കുന്നു) |
| ദുഃഖപ്പടു | - ദുഃഖം അനുഭവിക്കുന്നു. | (ദുഃഖിക്കുന്നു) |

## 4. അഭ്യാസം

**4.1 യോജിച്ച പദങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.1.1 ಮೈಸೂರಿಗೆ .......................... ಬಸ್ಸು ಸಿಗುತ್ತಾ?

4.1.2 ಅವನು ದಿನಾ .......................... ಮೈಸೂರಿಗೆ ಬರ್ತಾನೆ.

4.1.3 ಅವರ ಮನೆ ಇಲ್ಲಿಗೆ ಬಹಳ ..........................

4.1.4 ಪರೀಕ್ಷೆಯಲ್ಲಿ ರ್‍ಯಾಂಕು ತೆಗೆದುಕೊಳ್ಳುವುದಕ್ಕೆ .......................... ಪಡಬೇಕು.

**4.2 ആവരണത്തിൽ കൊടുത്തരിക്കുന്ന പദങ്ങളുടെ ശരിയായ രൂപങ്ങളെക്കൊണ്ട് പൂരിപ്പിക്കുക.**

4.2.1 ಅವಳು ..........................ಯಾರು ಕೇಳಬಹುದು. (ಹಾಡು)

4.2.2 ಅವನ ಮಾತು .......................... ಕಷ್ಟ. (ಕೇಳು)

4.2.3 ಆ ಸಿನಿಮಾ .......................... ಹೋಗಬೇಕು. (ನೋಡು)

4.2.4. ಅವರ ಮಾತು .......................... (ಕೇಳು)

4.2.5 ಆ ನೀರು .......................... (ಕುಡಿ)

**4.3 നിഷേധ രൂപത്തിലേക്ക് മാറ്റുക.**

4.3.1 ಅವರು ಆ ಕೆಲಸ ಮಾಡಬಲ್ಲರು.

4.3.2 ಆ ಪೆನ್ನು ಇರೋದು ಬರೆಯೋದಕ್ಕೆ.

4.3.3 ಅವಳು ಸಿನಿಮಾ ನೋಡಬಹುದು.

4.3.4 ಮಕ್ಕಳು ಸಿಗರೇಟ್ ಸೇದಬಹುದು.

4.3.5 ಆ ಹಣ್ಣು ತಿನ್ನೋದು.

**4.4 താഴെ പറയുന്നവ കൂട്ടിച്ചേർത്ത് സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.**

4.4.1 ಮರ + ಅನ್ನು = ....................

ಕಾರು + ಅನ್ನು = ....................

ನಾನು + ಅನ್ನು = ....................

ಅಧ್ಯಾಪಕರು + ಅನ್ನು = ....................

4.4.2 ಮನೆ + ಇಂದ = ....................

ಮರ + ಇಂದ = ....................

ಊರು + ಇಂದ = ....................

ಸ್ನೇಹಿತ + ಇಂದ = ....................

4.4.3 താഴെപറയുന്നവയ്ക്ക് ഉദ്ദേശികാ പ്രത്യയം ചേർക്കുക

ಮನೆ = ....................

ಅವನು = ....................

ಪೆನ್ನು = ....................

ಅದು = ....................

ನಾಯಿ = ....................

4.4.4 ചേർത്തെഴുതുക

ಸಿಟಿ + ಅಲ್ಲಿ = ....................

ಕಥೆ+ ಅಲ್ಲಿ = ....................



ಕಾಡು + ಅಲ್ಲಿ = ....................

ಇದು+ ಅಲ್ಲಿ = ....................

**4.5 താഴെകൊടുത്തിട്ടുള്ള ക്രിയകളുടെ ക്രിയാനാമരൂപം എഴുതുക. അവയോട് എല്ലാ വിഭക്തി പ്രത്യയങ്ങളും ചേർത്ത് സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.**

ಮಾಡು

ಕೇಳು

ಸಿಗು

ಬರು

**4.6 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.6.1 സവിതയ്ക്ക് പത്ത് കപ്പ് കാപ്പി കുടിക്കാൻ കഴിയും.

4.6.2 ആര് പറഞ്ഞു നിന്നോട് ഇവിടേക്ക് വരാൻ?

4.6.3 അവന് ആ പണി ചെയ്യാൻ സാധിക്കില്ല.

4.6.4 നിനക്ക് ഒരു പാട്ട് പാടാൻ കഴിയുമോ?

4.6.5 അവൻ ഊൺ കഴിക്കാൻ ഹോട്ടലിലേക്ക് പോകുന്നു.

4.6.6 ആരും ഇത് പോലെ സംസാരിക്കുകയില്ല.

**4.7 ഉത്തരമെഴുതുക**

4.7.1 ನೀವು ಕಾಫಿ ಕುಡಿಯುವುದನ್ನು ಬಿಡಲಾರಿರಾ?

4.7.2 ನಿಮಗೆ ಕನ್ನಡ ಬರೆಯುವುದಕ್ಕೆ/ಮಾತನಾಡುವುದಕ್ಕೆ ಬರುತ್ತಾ?

4.7.3 ನೀವು ಏನಾದರೂ ಒಳ್ಳೆಯ ಕೆಲಸ ಮಾಡಬಲ್ಲಿರಾ?

4.7.4 ನೀವು ದಿನಾ ಹತ್ತು ಮೈಲಿ ಓಡಬಲ್ಲಿರಾ?

## 5. പദസഞ്ചയം

| | |
|---|---|
| ಅರ್ಥ ಆಗು | മനസ്സിലാക്കുക |
| ಅನುಮಾನ | സംശയം, ഊഹം |
| ಈ ಸಾರಿ | ഈ പ്രാവശ്യം, ഇത്തവണ |

| | |
|---|---|
| ತೊಂದರೆ | കുഴപ്പം, ബുദ്ധിമുട്ട് |
| ಪ್ರಯತ್ನಪಡು | ശ്രമിക്കുക |

**5.7 അനുബന്ധ പദസഞ്ചയം**

| | |
|---|---|
| ಅನಾರೋಗ್ಯ | അനാരോഗ്യം |
| ಉಳಿ | താമസിക്കുക, ബാക്കിയാവുക |
| ಊಟ | ഊൺ |
| ಓದು | വായിക്കുക |
| ಓಡು | ഓടുക |
| ಕಷ್ಟಪಡು | കഷ്ടപ്പെടുക |
| ಗಲಾಟೆ | ബഹളം |
| ಜಗಳ | ശണ്ഠ, ലഹള, കലഹം |
| ತಲೆನೋವು | തലവേദന |
| ದುಃಖಪಡು | ദുഃഖിക്കുക |
| ನೀರು | വെള്ളം |
| ಪತ್ರಿಕೆ | പത്രം |
| ಬುದ್ಧಿವಾದ | ഉപദേശം |
| ಮಧ್ಯೆ | മധ്യത്തിൽ, ഇടയിൽ |
| ಲಾಭ | ലാഭം |
| ಸೀಮೆಹಸು | ഹൈബ്രീഡ് പശു, വിദേശ പശു |
| ಸುಖಪಡು | സുഖിക്കുക |
| ಸುಲಭ | എളുപ്പം |
| ಹಾಡು | പാട്ട് |
| ಹಾಲು | പാല് |
| ಹೇಳು | പറയൂ |

# പാഠം – 13

## 'ഇസു'ചേർന്ന ക്രിയാരൂപങ്ങളും, കാര്യകാരണ ബന്ധ സൂചകങ്ങളും

### 1. സംഭാഷണങ്ങൾ

| | | |
|---|---|---|
| മനോഹര് : | ಮೈಸೂರು ದಸರಾ ಈಗಲೂ ಆಚರಣೆಯಲ್ಲಿ ಇದೆಯಾ? | മൈസുർ ദസറ ഇപ്പോഴും ആഘോഷിക്കുന്നുണ്ടോ? |
| രമേശ് : | ಹೌದು. ಈಗ ನಾಡಹಬ್ಬವಾಗಿ ಆಚರಿಸ್ತಾರೆ. | ഉണ്ട്. അത് സംസ്ഥാന ഉത്സവമായി ആഘോഷിക്കുന്നുണ്ട്. |
| മനോഹര് : | ಯಾರು ಆಚರಿಸ್ತಾರೆ? | ആരാണ് ആഘോഷിക്കുന്നത്? |
| രമേശ് : | ಕರ್ನಾಟಕ ಸರ್ಕಾರದವರು ತಾವೇ ಆಚರಿಸ್ತಾರೆ. | കർണ്ണാടക സർക്കാറാണ് ആഘോഷിക്കുന്നത്. |
| മനോഹര് : | ಮೈಸೂರು ರಾಜರ ವಂಶದವರು ಆಚರಿಸಲ್ವಾ? | മൈസൂർ രാജാക്കന്മാരുടെ വംശക്കാർ ആഘോഷിക്കുന്നില്ലേ? |
| രമേശ് : | ಅವರು ತಮ್ಮ ಮನೆಯಲ್ಲಿ ಆಚರಿಸ್ತಾರೆ, ಅಷ್ಟೆ. | അവർ അവരുടെ വീട്ടിൽ ആഘോഷിക്കുന്നു, അത്രമാത്രം |
| മനോഹര് : | ಸರ್ಕಾರದವರು ಎಷ್ಟು ದಿನ ಆಚರಿಸ್ತಾರೆ? | സർക്കാർ എത്രനാൾ ആഘോഷിക്കുന്നു? |

| | | |
|---|---|---|
| ರಮೇಶ್ | : ಒಂಭತ್ತು ದಿವಸ ಆಚರಿಸ್ತಾರೆ. | ഒമ്പത് നാൾ ആഘോഷിക്കുന്നു. |
| ಮನೋಹರ್ | : ಒಂಭತ್ತು ದಿನ ಏನು ಮಾಡ್ತಾರೆ? | ഒമ്പത് നാൾ എന്തു ചെയ്യുന്നു? |
| ರಮೇಶ್ | : ಅರಮನೆಯಲ್ಲಿ ದಿನಾ ಸಂಗೀತ ಕಚೇರಿ ಏರ್ಪಡಿಸ್ತಾರೆ. ಈ ಕಚೇರಿಗೆ ಪ್ರಸಿದ್ಧ ಸಂಗೀತಗಾರರನ್ನು ಕರೆಸ್ತಾರೆ. ದಸರಾ ಕ್ರೀಡೋತ್ಸವ ನಡೆಸ್ತಾರೆ. | കൊട്ടാരത്തിൽ എന്നും സംഗീത കച്ചേരി ഏർപ്പെടുത്തുന്നു. ഈ കച്ചേരിക്ക് പ്രസിദ്ധരായ സംഗിത വിദ്വാന്മാരെ വിളിക്കുന്നു. ദസറ കായികമേളയും നടത്തുന്നു. |
| ಮನೋಹರ | : ವಸ್ತು ಪ್ರದರ್ಶಾನಾನೂ ಇರುತ್ತಾ? | പ്രവൃത്തി പരിചയമേള നടത്തുന്നുണ്ടോ? |
| ರಮೇಶ್ | : ಹೌದು. ವಸ್ತು ಪ್ರದರ್ಶನ ದಸರಾದ ಒಂದು ಮುಖ್ಯ ಆಕರ್ಷಣೆ. ಮೊದಲನೇ ದಿನಾನೇ ಅದನ್ನು ಉದ್ಘಾಟಿಸ್ತಾರೆ | ഉണ്ട്. പ്രവൃത്തിമേള ദസറയുടെ ഒരു മുഖ്യ ആകർഷണമാണ്. ആദ്യനാൾ തന്നെ ഇത് ഉദ്ഘാടനം ചെയ്യപ്പെടുന്നു. |
| ಮನೋಹರ್ | : ಅರಮನೆಗೆ ದೀಪಾಲಂಕಾರ ಇರುತ್ತಾ? | കൊട്ടാരത്തിൽ ദീപാലങ്കാരങ്ങൾ ഉണ്ടാകുമോ? |
| ರಮೇಶ್ | : ಇರುತ್ತೆ. ಅರಮನೆಯನ್ನು ವಿದ್ಯುದ್ದೀಪಗಳಿಂದ ಅಲಂಕರಿಸ್ತಾರೆ. ನಗರದ ಮುಖ್ಯ ಬೀದಿಗಳನ್ನು ವಿದ್ಯುದ್ದೀಪಗಳಿಂದ ಅಲಂಕರಿಸ್ತಾರೆ. | അതെ. കൊട്ടാരം വൈദ്യുത ദീപങ്ങളാൽ അലങ്കരിക്കുന്നു. നഗരത്തിലെ മുഖ്യ തെരുവുകളും വൈദ്യുത ദീപങ്ങളാൽ അലങ്കരിക്കുന്നു. |
| ಮನೋಹರ್ | : ದಸರಾದ ಪ್ರಮುಖ ಆಕರ್ಷಣೆ ಯಾವುದು? | ദസറയുടെ മുഖ്യ ആകർഷണം എന്താണ്? |
| ರಮೇಶ್ | : ಜಂಬೂಸವಾರಿ. ವಿಜಯದಶಮಿ ದಿನದ ಮೆರವಣಿಗೆ. | ജംബോ സവാരി. വിജയദശമി നാളിൽ എഴുന്നള്ളുത്ത്. |



| | | |
|---|---|---|
| ಮನೋಹರ್ | : ಆವತ್ತು ಏನು ಮಾಡ್ತಾರೆ? | അന്ന് എന്ത് ചെയ്യുന്നു? |
| ರಮೇಶ್ | : ಆವತ್ತು ಭುವನೇಶ್ವರಿಯನ್ನ ಪೂಜಿಸ್ತಾರೆ. ಆಮೇಲೆ ಅದನ್ನು ಆನೆ ಮೇಲೆ ಮೆರವಣಿಗೆ ಮಾಡ್ತಾರೆ. ಮೆರವಣಿಗೆಯಲ್ಲಿ ಬೇರೆ ಬೇರೆ ಜಿಲ್ಲೆಯ ವಸ್ತು ವಿಶೇಷಗಳು ಇರುತ್ತೆ. | അന്ന് ഭുവനേശ്വരിയെ പൂജിക്കും. അതിനു ശേഷം അതിനെ ആനപ്പുറത്ത് വെച്ച് എഴുന്നള്ളിക്കും. എഴുന്നള്ളിത്തിൽ വേറെ വേറെ ജില്ലകളുടെ വാസ്തു - വിശേഷങ്ങളുണ്ടായിരിക്കും. |
| ಮನೋಹರ್ | : ಮೆರವಣಿಗೆ ಎಲ್ಲಿಗೆ ಹೋಗುತ್ತೆ? | എഴുന്നള്ളത്ത് എവിടേക്കു പോകും? |
| ರಮೇಶ್ | : ಅದು ಬನ್ನಿಮಂಟಪಕ್ಕೆ ಹೋಗುತ್ತದೆ. ಅಲ್ಲಿ ಸಂಜೆ ಟಾರ್ಚ್‌ಲೈಟ್ ಪರೇಡ್ ಇರುತ್ತೆ. ಅಲ್ಲಿ ವಿದ್ಯಾರ್ಥಿಗಳು, ಪೋಲಿಸಿನವರು, ಹೋಂಗಾರ್ಡ್‌ಗಳು ವಿವಿಧ ಮನರಂಜನೆ ನೀಡ್ತಾರೆ. | അത് ബന്നിമണ്ഡപത്തിലേക്ക് പോകും. അവിടെ വൈകുന്നേരം ടോർച്ച്‌ലൈറ്റ് പരേഡ് ഉണ്ടായിരിക്കും. അവിടെ വിദ്യാർത്ഥികൾ, പോലീസുകാർ, ഹോംഗാർഡ് എന്നിവർ വിവിധ കലാപരിപാടികൽ അവതരിപ്പിക്കുന്നു. |
| ಮನೋಹರ್ | : ನಾನೂ ಒಂದು ಸಾರಿ ನೋಡಬೇಕು. | എനിക്കും ഒരു പ്രാവശ്യം കാണണം. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ಕರ್ನಾಟಕದಲ್ಲಿ ಯುಗಾದಿ ಹಬ್ಬ ಆಚರಿಸ್ತಾರೆ. | കർണ്ണാടകയിൽ യുഗാദി ഉത്സവം ആഘോഷിക്കുന്നു. |
| | ವಿಧಾನಸೌಧದ ಮುಂದೆ ಅಂಬೇಡ್ಕರ್ ಪ್ರತಿಮೆ ಪ್ರತಿಷ್ಠಾಪಿಸ್ತಾರೆ. | വിധാനസൗധ (നിയമസഭാ മന്ദിര)യുടെ മുമ്പിൽ അംബേഡ്കരുടെ പ്രതിമ പ്രതിഷ്ഠിക്കുന്നു. |

| | | |
|---|---|---|
| | ಅರಮನೆಯನ್ನು ವಿದ್ಯುದ್ದೀಪಗಳಿಂದ ಅಲಂಕರಿಸ್ತಾರೆ. | കൊട്ടാരത്തെ വൈദ്യുത് ദീപങ്ങളാൽ അലങ്കരിക്കുന്നു. |
| | ನಾನು ದಿನಾ ರಾತ್ರಿ ಕನವರಿಸ್ತೀನಿ. | ഞാൻ എന്നും രാത്രി സ്വപ്നം കാണുന്നു. |
| | ನಾವು ಇಂಗ್ಲೀಷಿನಿಂದ ಕನ್ನಡಕ್ಕೆ ಭಾಷಾಂತರಿಸ್ತೀವಿ. | ഞങ്ങൾ ഇംഗ്ലീഷിൽ നിന്ന് കന്നഡയിലേക്ക് വിവർത്തനം ചെയ്യുന്നു. |
| | ಅವರು ರೇಡಿಯೋದಲ್ಲಿ ಇವತ್ತು ಸಿನಿಮಾ ನಟಿಯನ್ನು ಸಂದರ್ಶಿಸುತ್ತಾರೆ. | അവർ റേഡിയോയിൽ സിനിമാ നടിയുമായി കൂടിക്കാഴ്ച നടത്തുന്നു. |
| 2.2 | ರಾಮರಾವ್ ಸಂಗೀತ ಕಲಿಸ್ತಾರೆ. | രാമറാവു സംഗീതം പഠിപ്പിക്കുന്നു. |
| | ತಾಯಿ ಮಗುವಿಗೆ ಹಾಲು ಕುಡಿಸ್ತಾಳೆ. | അമ്മ കുട്ടിയെ പാൽ കുടിപ്പിക്കുന്നു. |
| | ನಾವು ಅವನಿಂದ ಸತ್ಯ ಹೇಳಿಸ್ತೀವಿ. | ഞങ്ങൾ അവനെക്കൊണ്ട് സത്യം പറയിപ്പിക്കുന്നു. |
| | ಅವರು ನಮಗೆ ಹೊಸ ಕಾರು ತೋರಿಸ್ತಾರೆ. | അവർ ഞങ്ങളെ പുതിയ കാർ കാണിക്കുന്നു. |
| | ಅವರು ಗೂಂಡಾಗಳಿಂದ ನನ್ನನ್ನು ಹೊಡೆಸ್ತಾರೆ. | അവർ ഗുണ്ടകളെക്കൊണ്ട് എന്നെ തല്ലിക്കുന്നു. |
| | ರಮಾ ತನ್ನ ತಂಗಿಯಿಂದ ತಲೆ ಬಾಚಿಸ್ತಾಳೆ. | രമ അവളുടെ അനുജത്തിയെക്കൊണ്ട് തലമുടി ചീകുന്നു. |
| 2.3 | ತಾಯಿ ಮಗುವಿಗೆ ಸರೋಜಿನಿಯಿಂದ ಹಾಲು ಕುಡಿಸ್ತಾಳೆ. | അമ്മ കുഞ്ഞിന് സരോജിനിയെക്കൊണ്ട് പാൽ കുടിപ്പിക്കുന്നു. |
| | ನಾನು ನನ್ನ ಸ್ನೇಹಿತನಿಗೆ ನನ್ನ ತಮ್ಮನಿಂದ ಬೆಂಗಳೂರು ತೋರಿಸ್ತೀನಿ. | ഞാൻ എന്റെ കൂട്ടുകാരന് എന്റെ അനുജനെക്കൊണ്ട് ബെംഗ്ലൂർ കാണിക്കുന്നു. |



| | | |
|---|---|---|
| 2.4 | ತಾವು ಯಾರು? | താങ്കൾ ആരാണ്? |
| | ತಮ್ಮ ಹೆಸರು ಏನು? | താങ്കളുടെ പേരെന്താണ്? |
| 2.5 | ಅವನು ತನ್ನ ಕೆಲಸ ತಾನೇ ಮಾಡ್ತಾನೆ. | അവൻ തന്റെ പണി സ്വയം ചെയ്യുന്നു. |
| | ಸರ್ಕಾರದವರು ತಾವೇ ದಸರಾ ಆಚರಿಸ್ತಾರೆ. | സർക്കാറിന്റെ ആൾക്കാർ സ്വന്തമായി ദസറ ആഘോഷിക്കുന്നു. |
| 2.6 | ಕರ್ನಾಟಕದಲ್ಲಿ ಉಗಾದಿ ಹಬ್ಬ ಆಚರಣೆ ಮಾಡ್ತಾರೆ. | കർണ്ണാടകയിൽ യുഗാദി ഉത്സവം ആഘോഷിക്കുന്നു. |
| | ಅವರು ದಿನಾ ದೇವರ ಪೂಜೆ ಮಾಡ್ತಾರೆ. | അവർ എന്നും ദൈവത്തെ പൂജിക്കുന്നു. |
| | ಕಮಲ ನನ್ನನ್ನು ಅನುಕರಣೆ ಮಾಡ್ತಾಳೆ | കമല എന്നെ അനുകരിക്കുന്നു. |

## 3. പഠിതാക്കൾക്കുള്ള സൂചന :

3.1 'ഇസു' എന്നതിന് കന്നഡയിൽ രണ്ട് ധർമ്മങ്ങളുണ്ട്. 1. ക്രിയാ രൂപപരം. 2. കാര്യകാരണ ബന്ധം സൂചിപ്പിക്കുന്നത്. ക്രിയാ രൂപപരമാകുമ്പോൾ ഇത് കടം വാങ്ങിയ നാമങ്ങളോട് ചേർന്നുകൊണ്ട് പ്രവർത്തിക്കുന്നു. കാര്യകാരണബന്ധം സൂചിപ്പിക്കുമ്പോൾ അത് മൂലക്രിയാപദങ്ങളോട് ചേരുന്നു.

3.1.1 ക്രിയാരൂപപരമാകുമ്പോൾ നാമത്തെ ക്രിയയായി പരിവർത്തനം ചെയ്യുന്നു. സംസ്കൃതം, ഉർദ്ദു എന്നിവയിൽ നിന്ന് കടംവാങ്ങിയ പദങ്ങളോട് 'ഇസു' ചേർത്താണ് ക്രിയയാക്കുന്നത്. ഇപ്പോൾ ഇംഗ്ലീഷിൽ നിന്ന് കടംവാങ്ങിയ പദങ്ങളിലും ഇതേ രീതിയാണ് തുടരുന്നുത്.

സംസ്കൃത നാമങ്ങൾ :

പ്രീതി + ഇസു - പ്രീതിസു - സ്നേഹിക്കുക.

| | | |
|---|---|---|
| ദുഃഖ + ഇസു | - ദുഃഖിസു | - ദുഃഖിക്കുക. |
| അന്വേഷണെ + ഇസു | - അന്വേഷിസു | - അന്വേഷിക്കുക. |
| ആചരണെ + ഇസു | - ആചരിസു | - ആഘോഷിക്കുക. |
| അലംകാറ + ഇസു | - അലംകറിസു | - അലങ്കരിക്കുക. |
| ശോഷണെ + ഇസു | - ശോഷിസു | - ചൂഷണം ചെയ്യുക. |
| ഏർപ്പാഡു + ഇസു | - ഏർപ്പഡിസു | - ഏർപ്പെടുത്തുക |

ഉർദ്ദു നാമങ്ങൾ :

| | | |
|---|---|---|
| ജമാവണെ + ഇസു | - ജമായിസു | - കൂട്ടിച്ചേർക്കുക. |
| ചുനാവണെ + ഇസു | - ചുനായിസു | - തിരഞ്ഞടുക്കുക. |

ഇംഗ്ലീഷ് നാമപദങ്ങൾ :

| | | |
|---|---|---|
| പോനു + ഇസു | - ഫോനിസു | - ഫോൺചെയ്യുക. |
| ടൈപ്പ് + ഇസു | - ടൈപ്പിസു | - ടൈപ്പുചെയ്യുക. |

ഈ നാമപദങ്ങളോട് 'മാഡു' എന്നു ചേർത്തും ക്രിയാരൂപങ്ങളായി മാറ്റാം.

ഉദാ :

പ്രീതി മാഡു.

അലംകാറ മാഡു.

ജമാവണെ മാഡു.

ചുനാവണെ മാഡു.

3.1.2 കാര്യകാരണ ബന്ധം സൂചിപ്പിക്കുന്നത് ഒരു മധ്യവർത്തി വഴി നിർവഹിക്കുന്ന പ്രവൃത്തിയാണ്. സകർമ്മ ക്രിയയിൽ നിനിന്നും അകർമ്മ ക്രിയയിൽ നിന്നും ഇത് ഉണ്ടാക്കാവുന്നതാണ്. കർമ്മം ഉള്ളത് സകർമ്മ ക്രിയയും കർമ്മ ഇല്ലാത്തത് അകർമ്മ ക്രിയയുമാണ്.

ഉദാ :

നാനു അവനിംദ ആ കെലസ മാഡിസ്തീനി.
(ഞാൻ അവനെക്കൊണ്ട് ആ ജോലി ചെയ്യിക്കുന്നു.)

നാനു അവറിഗെ കർനാടക തോറിസ്തീനി.
(ഞാൻ അവർക്ക് കർണ്ണാടകം കാണിച്ചു കൊടുക്കുന്നു)



3.2 'നാനു', 'താവു' - ഇവ സർവ്വനാമങ്ങളാണ്. 'താവു' എന്നത് പൂജക ബഹുവചനം. (താങ്കൾ എന്ന അർത്ഥം) 'താനു' എന്നത് തന്നെത്താനെ (സ്വയം) എന്നു സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. 'താവു' എന്നത് ഉന്നത ബഹുമാന്യരായവരെ സംബോധന ചെയ്യുവാൻ ഉപയോഗിക്കുന്നു.

ഉദാ :

അവനു താനേ ബട്ടെ ഒഗീതാനെ.
(അവൻ സ്വയം തുണി അലക്കുന്നു)

താവു ദയവിട്ടു ബറബേകു.
(താങ്കൾ ദയവുചെയ്ത് വരണം)

## 4. അഭ്യാസം

4.1.1 ದಸರಾದ ಪ್ರಮುಖ ಆಕರ್ಷಣೆ ..................

4.1.2 ವಿಜಯದಶಮಿಯ ದಿನ ಭುವನೇಶ್ವರಿಯ ................. ಮಾಡ್ತಾರೆ.

4.1.3 ದಸರಾ ಸಮಯದಲ್ಲಿ ................. ಏರ್ಪಡಿಸ್ತಾರೆ.

4.1.4 ಈಗ ದಸರಾ ................. ಆಚರಿಸ್ತಾರೆ.

4.1.5 ಅರಮನೆಯನ್ನು ................. ಅಲಂಕರಿಸ್ತಾರೆ.

**4.2 ക്രിയാ രൂപമാക്കി വാക്യങ്ങളെ മാറ്റുക.**

4.2.1 ಅವನು ತೆಲುಗಿನಿಂದ ಕನ್ನಡಕ್ಕೆ ಭಾಷಾಂತರ ಮಾಡ್ತಾನೆ.

4.2.2 ಲೀಲಾ ದಿನಾ ದೇವರನ್ನು ಪೂಜೆ ಮಾಡ್ತಾಳೆ.

4.2.3 ಸುದರ್ಶನ ಅಮಿತಾಬ್ ಬಚ್ಚನ್‌ನನ್ನು ಅನುಕರಣೆ ಮಾಡ್ತಾನೆ.

4.2.4 ರವಿ ಮತ್ತು ಕಲಾ ಒಬ್ಬರನ್ನೊಬ್ಬರು ಪ್ರೀತಿ ಮಾಡ್ತಾರೆ.

4.2.5 ಅವನು ಚೆನ್ನಾಗಿ ದಬಾವಣೆ ಮಾಡ್ತಾನೆ.

**4.3 ആവരണത്തിൽ കൊടുത്ത ക്രിയകളുടെ ശരിയായ രൂപംകൊണ്ട് വിട്ടഭാഗം പൂരിപ്പിക്കുക.**

4.3.1 ತಾಯಿ ಮಗುವಿಗೆ ಹಾಲು .................. (ಕುಡಿ)

4.3.2 ಅಧ್ಯಾಪಕರು ವಿದ್ಯಾರ್ಥಿಗಳಿಗೆ ಕನ್ನಡ .................. (ಕಲಿ)

4.3.3 ಅವರು ಸಿಟಿಯಿಂದ ತರಕಾರಿ .................. (ತರು)

4.3.4 ರಮೇಶ ನನಗೆ ಮೈಸೂರು .................. (ತೋರು)

4.3.5 ಅವರು ಅವನಿಂದ ಸತ್ಯ .................. (ಹೇಳು)

**4.5 താഴെകൊടുത്ത ചോദ്യങ്ങളുടെ ഉത്തരം എഴുതുക.**

4.5.1 ಈಗ ಮೈಸೂರು ದಸರಾ ಯಾರು ಆಚರಿಸ್ತಾರೆ?

4.5.2 ದಸರಾ ಎಷ್ಟು ದಿನ ಆಚರಿಸ್ತಾರೆ?

4.5.3 ದಸರಾ ಸಮಯದಲ್ಲಿ ಏನು ಕಾರ್ಯಕ್ರಮ ಇರುತ್ತೆ?

4.5.4 ದಸರಾದ ಪ್ರಮುಖ ಆಕರ್ಷಣೆ ಏನು?

4.5.5 ಬನ್ನಿಮಂಟಪದಲ್ಲಿ ಏನು ಕಾರ್ಯಕ್ರಮ ಇರುತ್ತೆ?

## 5. പദസഞ്ചയം

| | |
|---|---|
| ಅರಮನೆ | കൊട്ടാരം |
| ಆಚರಣೆ | ആഘോഷം |
| ಆಕರ್ಷಕ | ആകർഷണം |
| ಉದ್ಘಾಟನೆ | ഉത്ഘാടനം |
| ಏರ್ಪಾಡು | തയ്യാറെടുപ്പ് |
| ಕ್ರೀಡೋತ್ಸವ | കായികമേള |
| ಜಂಬೂಸವಾರಿ | ജംബോ സവാരി, ഗജമേള |
| ದೀಪಾಲಂಕಾರ | ദീപാലങ്കാരം |
| ನಾಡಹಬ್ಬ | നാട്ടുത്സവം |
| ಪೂಜಿಸು | പൂജിക്കുക |
| ಮನರಂಜನೆ | വിനോദം |
| ಮೆರವಣಿಗೆ | എഴുന്നള്ളത്ത്, ജാഥ |
| ರಾಜ | രാജാവ് |
| ವಂಶ | കുടുംബം |
| ವಸ್ತು ಪ್ರದರ್ಶನ | പ്രവൃത്തി പരിചയ മേള |



| | |
|---|---|
| ವಿದ್ಯುದ್ದೀಪ | വൈദ്യുത ദീപം |
| ಸಂಗೀತಗಾರರು | സംഗീതജ്ഞർ |
| ಸಂಗೀತ ಕಚೇರಿ | സംഗീത കച്ചേരി |

**5.1 അനുബന്ധ പദസഞ്ചയം**

| | |
|---|---|
| ಅನುಕರಣೆ | അനുകരണം |
| ಕನವರಿಸು | സ്വപ്നത്തിൽ സംസാരിക്കുക. |
| ಕಲಿಸು | പഠിപ്പിക്കുക |
| ತಲೆಬಾಚು | മുടി ചീകുക |
| ತೋರಿಸು | കാണിക്കുക |
| ಪ್ರತಿಮೆ | പ്രതിമ |
| ಪ್ರತಿಷ್ಠಾಪನೆ | പ്രതിഷ്ഠാപനം |
| ಭಾಷಾಂತರ | വിവർത്തനം/മൊഴിമാറ്റം/തർജ്ജമ |
| ಸತ್ಯ | സത്യം |
| ಸಂದರ್ಶಿಸು | കൂടിക്കാഴ്ച നടത്തുക |
| ಹೊಡೆಯು | അടിക്കുക. |

# പാഠം – 14

## ഭൂതകാലം 'ദ' 'ത' നിഷേധ രൂപം

### 1. സംഭാഷണങ്ങൾ

| | | |
|---|---|---|
| മനോഹർ : | ಬೆಂಗಳೂರಿಗೆ ಯಾವಾಗ ಬಂದೆ? | ബെംഗളൂരിലേക്ക് എപ്പോഴാണ് വന്നത്? |
| മാധു : | ನಿನ್ನೆ ಸಂಜೆ ಬಂದೆ. | ഇന്നലെ വൈകുന്നേരം വന്നു. |
| മനോഹർ : | ಎಷ್ಟು ಗಂಟೆಗೆ ಬಂದೆ? | എത്ര മണിക്ക് വന്നു? |
| മാധു : | ಸಂಜೆ ಏಳು ಗಂಟೆಗೆ ಬಂದೆ. | (ഞാൻ) വൈകുന്നേരം ഏഴ് മണിക്ക് വന്നു. |
| മനോഹർ : | ಯಾಕೆ ಅಷ್ಟು ತಡ? | എന്താണ് അത്ര വൈകിയത്? |
| മാധു : | ಟ್ರೈನ್ ತಡವಾಗಿ ಬಂತು. | ട്രെയിൻ വൈകിയിട്ടാണ് വന്നത്. |
| മനോഹർ : | ನೀನೊಬ್ಬನೇ ಬಂದೆಯಾ? | നീ ഒറ്റയ്ക്കാണോ വന്നത്? |
| മാധു : | ಅಲ್ಲ. ನನ್ನ ಜೊತೆ ನನ್ನ ತಂಗಿ ಬಂದಳು. | അല്ല. എന്റൊന്നിച്ച് എന്റെ അനുജത്തിയും വന്നു. |
| മനോഹർ : | ನಿನ್ನ ತಮ್ಮ ಬರಲಿಲ್ವಾ? | നിന്റെ അനുജൻ വന്നില്ലേ? |
| മാധു : | ಬರಲಿಲ್ಲ. ಅವನು ನನ್ನ ಅಣ್ಣನ ಜೊತೆಗೆ ಮದ್ರಾಸಿಗೆ ಹೋದ. | വന്നില്ല. അവൻ എന്റെ ചേട്ടന്റെ കൂടെ മദ്രാസിലേക്ക് പോയി. |



| | | |
|---|---|---|
| മനോഹർ : | ನಿಮ್ಮ ತಾಯೀನೂ ಹೋದರಾ? | നിങ്ങളുടെ അമ്മയും പോയോ? |
| മാധു : | ಇಲ್ಲ. ಅವರು ಹೋಗಲಿಲ್ಲ. ಅವರು ಮುಂದಿನ ವಾರ ಇಲ್ಲಿಗೆ ಬರ್ತಾರೆ. | ഇല്ല. അവർ പോയിട്ടില്ല. അവർ അടുത്താഴ്ച ഇങ്ങോട്ട് വരും. |
| മനോഹർ : | ಬಾ. ತಿಂಡಿ ತಿನ್ನುವ. | വാ, ലഘുഭക്ഷണം കഴിക്കാം. |
| മാധു : | ಬೇಡ ಆಗಲೇ ತಿಂಡಿ ತಿಂದೆ. | വേണ്ട, ഇപ്പോൾ കഴിച്ചതേയുള്ളു. |
| മനോഹർ : | ಕಾಫೀನಾದರೂ ಕುಡಿ ಬಾ. | വാ, കാപ്പിയെങ്കിലും കുടിക്കാം. |
| മാധു : | ಕಾಫೀನೂ ಕುಡಿದೆ. ಆದರೂ ಸ್ವಲ್ಪ ಕೊಡು. | കാഫിയും കുടിച്ചു. എങ്കിലും കുറച്ച് തരൂ. |
| മനോഹർ : | ಈಗ ಗಂಟೆ ಎಷ್ಟು? | ഇപ്പോൾ എത്ര മണിയായി? |
| മാധു : | ಈಗ ಹನ್ನೊಂದು ಗಂಟೆ. | ഇപ്പോൾ പതിനൊന്ന് മണി. |
| മനോഹർ : | ಯಾಕೆ ತಿಂಡಿ ಇಷ್ಟು ಲೇಟು? | എന്താണ് ലഘുഭക്ഷണം ഇത്ര തമസിച്ചത്? |
| മാധു : | ಇವತ್ತು ತಡವಾಗಿ ಎದ್ದೆ. ಭಾನುವಾರ ನೋಡು. | ഇന്ന് താമസിച്ചാണ് എഴുന്നേറ്റത്. ഞായറാഴ്ചയല്ലേ? |
| മനോഹർ : | ಸರಿ. ಬೇಗ ತಿಂಡಿ ತಿನ್ನು. ರಮೇಶನ ಮನೆಗೆ ಹೋಗೋಣ. | ശരി. ലഘുഭക്ഷണം വേഗത്തിൽ കഴിക്കൂ. രമേശന്റെ വീട്ടിലേക്ക് പോകാം. |

### 1.1. സംഭാഷണങ്ങൾ :

| | | |
|---|---|---|
| സുരേഷ് : | ನೀವು ಕನ್ನಡ ಎಲ್ಲಿ ಕಲಿತಿರಿ? | നിങ്ങൾ കന്നഡ എവിടെനിന്ന് പഠിച്ചു? |
| മനോഹർ : | ಮೈಸೂರಿನಲ್ಲಿ ಕಲಿತೆ. | മൈസൂറിൽ പഠിച്ചു. |

| | | |
|---|---|---|
| സുരേശ | : ಅಲ್ಲಿ ಎಲ್ಲಿ ಕಲಿತಿರಿ? | അവിടെ എവിടെയാണ് പഠിച്ചത്. |
| മനോഹര് | : ಅಲ್ಲಿ ದಕ್ಷಿಣಾ ಪ್ರಾಂತೀಯ ಭಾಷಾ ಕೇಂದ್ರದಲ್ಲಿ ಕಲಿತೆ. | അവിടെ തെക്കൻ മേഖലാ ഭാഷാകേന്ദ്രത്തിൽ പഠിച്ചു. |
| സുരേശ | : ಯಾವ ವರ್ಷ ಕಲಿತಿರಿ? | ഏത് വർഷമാണ് പഠിച്ചത്? |
| മനോഹര് | : ಸಾವಿರದ ಒಂಬೈನೂರ ಎಂಭತ್ತರಲ್ಲಿ ಕಲಿತೆ? | ആയിരത്തി തൊള്ളായിരത്തി എൺപതിൽ പഠിച്ചു. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ನಾನು ಬೆಳಿಗ್ಗೆ ಎಂಟು ಗಂಟೆಗೆ ಎದ್ದೆ. | ഞാൻ രാവിലെ എട്ട് മണിക്ക് എഴുനേറ്റു. |
| | ನಾವು ಊರಿನಿಂದ ನಿನ್ನೆ ಬಂದೆವು. | ഞങ്ങൾ നാട്ടിൽനിന്നു ഇന്നലെ വന്നു. |
| | ನೀನು ಕಾಫಿ ಕುಡಿದೆಯಾ? | നീ കാപ്പി കുടിച്ചോ? |
| | ನೀವು ಆ ಪುಸ್ತಕ ತಂದಿರಾ? | നിങ്ങൾ ആ പുസ്തകം കൊണ്ടു വന്നോ? |
| | ರಾಜು ಮಗುವಿಗೆ ಹೊಡೆದ. | രാജു കുട്ടിയെ അടിച്ചു. |
| | ರಾಣಿ ಕಿಟಕಿ ತೆಗೆದಳು. | റാണി ജനൽ തുറന്നു. |
| | ಅವರು ನನ್ನನ್ನು ಕರೆದರು. | അവർ എന്നെ വിളിച്ചു. |
| | ಹಸು ಹುಲ್ಲು ತಿಂದಿತು. | പശു പുല്ല് തിന്നു. |
| | ಕರುಗಳು ಹಾಲು ಕುಡಿದವು. | പശുക്കുട്ടികൾ പാല് കുടിച്ചു. |
| 2.2 | ಬಿಹಾರದಲ್ಲಿ ಜಮೀನ್ದಾರರು ಕೂಲಿಯವರನ್ನು ಕೊಂದರು. | ബിഹാറിൽ ജമീന്ദാറുമാർ തൊഴിലാളികളെ കൊന്നു. |
| | ಭಾರತ ಕ್ರಿಕೆಟ್ಟಿನಲ್ಲಿ ಗೆದ್ದಿತು. | ഇന്ത്യ ക്രിക്കറ്റിൽ ജയിച്ചു. |
| | ಅಧ್ಯಾಪಕರು ವಿದ್ಯಾರ್ಥಿಗಳನ್ನು ಬೈದರು. | അധ്യാപകർ വിദ്യാർത്ഥികളെ ശകാരിച്ചു. |
| | ಅವರು ಒಂದು ಪತ್ರ ಬರೆದರು. | അവർ ഒരു കത്തെഴുതി. |



| | | |
|---|---|---|
| | ನಾನು ಮತ್ತು ರವಿ ಸಂಜೆ ಒಂದು ಮೈಲಿ ನಡೆದೆವು. | ഞാനും രവിയും വൈകുന്നേരം ഒരു മൈൽ നടന്നു. |
| | ಕಳ್ಳರು ಅರಣ್ಯದಲ್ಲಿ ಮರ ಕಡಿದರು. | കള്ളന്മാർ കാട്ടിൽ നിന്ന്  മരം വെട്ടി. |
| | ಅವರು ಈ ಸಾರಿ ಹೆಚ್ಚು ಕಬ್ಬು ಬೆಳೆದರು. | അവർ ഇത്തവണ കൂടുതൽ കരിമ്പ് കൃഷി ചെയ്തു. |
| | ಹುಡುಗಿ ದಾರಿಯಲ್ಲಿ ಬಿದ್ದಳು. | പെൺകുട്ടി വഴിയിൽ വീണു. |
| | ಅಗಸ ಬಟ್ಟೆ ಒಗೆದ. | അലക്കുക്കാരൻ തുണി അലക്കി. |
| | ಚಳುವಳಿಗಾರರು ಕಾನೂನು ಮುರಿದರು. | സമരക്കാർ നിയമം ലംഘിച്ചു. |
| | ಮಗು ಸೆಗಣಿ ತುಳಿಯಿತು. | കുട്ടി ചാണകം ചവിട്ടി. |
| | ನಾನು ಬಸ್ಸಿಗೆ ತುಂಬಾ ಹೊತ್ತು ಕಾದೆ. | ഞാൻ ബസ്സിന് കുറേ നേരം കാത്തിരുന്നു. |
| | ನಿನ್ನೆ ಅವರು ಬೆಂಗಳೂರಿನಲ್ಲಿ ಇದ್ದರು. | ഇന്നലെ  അദ്ദേഹം ബെംഗളൂരിൽ ഉണ്ടായിരുന്നു. |
| | ಅವಳು ತನ್ನ ಸೌಂದರ್ಯದಿಂದ ಅವನನ್ನು ಸೆಳೆದಳು. | അവൾ തന്റെ സൗന്ദര്യം കൊണ്ട് അവനെ ആകർഷിച്ചു. |
| 2.3 | ಶೀಲ ಆಟದಲ್ಲಿ ಸೋತಳು. | ഷീല കളിയിൽ തോറ്റു. |
| | ಗಾಂಧೀಜಿ ಚರಕದಿಂದ ನೂತರು. | ഗാന്ധിജി ചർക്കയിൽ നൂൽ നൂറ്റു. |
| | ಸರ್ಕಸ್ ದುರಂತದಲ್ಲಿ ನೂರಾರು ಜನ ಸತ್ತರು. | സർക്കസ് അപകടത്തിൽ നൂറിലേറെ ആളുകൾ മരിച്ചു. |
| | ನೀವು ಹೇಗೆ ಆ ವಿಷಯವನ್ನು ಮರೆತಿರಿ? | നിങ്ങൽ എങ്ങനെ ആ സംഗതി മറന്നു? |
| | ಮಗು ಹೂ ಕಿತ್ತಿತು. | കുട്ടി പൂവ് പറിച്ചു. |

| | | |
|---|---|---|
| | ನೀವು ಎಲ್ಲಿ ಸಂಗೀತ ಕಲಿತಿರಿ? | നിങ്ങൾ എവിടെ നിന്ന് സംഗീതം പഠിച്ചു? |
| | ಪದ್ಮ ಗಂಡು ಮಗು ಹೆತ್ತಳು. | പത്മ ആൺ കുട്ടിയെ പ്രസവിച്ചു. |
| | ರೈತರು ಹೊಲ ಉತ್ತರು. | കൃഷിക്കാർ പാടം ഉഴുതു. |
| 2.4 | ಮಕ್ಕಳು ಜೋರಾಗಿ ಅತ್ತವು. | കുട്ടികൾ ഉറക്കെ കരഞ്ഞു. |
| | ಅವಳು ಸ್ಕೂಟರಿನಲ್ಲಿ ವೇಗವಾಗಿ ಹೋದಳು. | അവൾ സ്കൂട്ടറിൽ വേഗത്തിൽ പോയി |
| 2.5 | ಭಾರತ ಹಾಕಿಯಲ್ಲಿ ಪಾಕಿಸ್ತಾನದ ಮೇಲೆ ಗೆಲ್ಲಲಿಲ್ಲ. | ഇന്ത്യ ഹോക്കിയിൽ പാക്കിസ്താനോട് വിജയിച്ചില്ല. |
| | ಬಸ್ಸು ನದಿಗೆ ಬೀಳಲಿಲ್ಲ. | ബസ്സ് പുഴയിലേക്ക് വീണിട്ടില്ല. |
| | ಪಕ್ಕದ ಮನೆಯವರು ಗುಲಾಬಿ ಹೂ ಕೀಳಲಿಲ್ಲ. | അയൽക്കാർ പനിനീർപൂവ് പറിച്ചിട്ടില്ല. |
| | ನನ್ನ ತಂದೆ ನನಗೆ ಕಾಗದ ಬರೆಯಲಿಲ್ಲ. | എന്റെ അച്ഛൻ എനിക്ക് കത്തെഴുതിയിട്ടില്ല. |
| | ಈ ದೇಶದಲ್ಲಿ ಹಸಿವಿನಿಂದ ಯಾರೂ ಸಾಯಲಿಲ್ಲ. | ഈ രാജ്യത്ത് വിശപ്പുകൊണ്ട് ആരും മരിച്ചിട്ടില്ല. |

## 3. പഠിതാക്കൾക്കുള്ള സൂചന :

ഈ പാഠത്തിൽ ഭൂതകാല പ്രത്യയങ്ങൾ പരിചയപ്പെടുത്തുന്നു. കന്നഡയിൽ പല ഭൂതകാല പ്രത്യയങ്ങളും ഉണ്ട്. അവയിൽ - '-ദ', '-ത', ഈ രൂപങ്ങൾ ഇവിടെ പരിചയപ്പെടുത്തുന്നു. ഏത് ക്രിയയോട് 'ദ' അഥവാ 'ത' ചേർക്കണം എന്നതിന് നിശ്ചിതമായ നിയമ വ്യവസ്ഥയില്ല. പഠിതാക്കളുടെ സഹായത്തിനായി ക്രിയാരൂപങ്ങളുടെ ഒരു പട്ടിക ഇവിടെ കൊടുത്തിട്ടുണ്ട്. ഭൂതകാല ക്രിയാരൂപത്തിന്റെ ഘടനാക്രമം ഇങ്ങനെയാണ് -

ക്രിയാധാതു + ഭൂതകാല പ്രത്യയം + പുരുഷ പ്രത്യയം



സർവനാമങ്ങളുടെ പുരുഷപ്രത്യയ രൂപങ്ങൾ 'തിന്നു' എന്ന ക്രിയാധാതുവിനോട് ചേരുന്ന വിധം ഇവിടെ മാതൃകയായി കൊടുത്തിട്ടുണ്ട്.

| പുരുഷ | ഏകവചനം | ബഹുവചനം |
|---|---|---|
| ഉത്തമ പുരുഷ | താനു തിന്നു-ദ-എ(നു) | നാവു-തിന്ന്-ദ-എവു. |
| മധ്യമ പുരുഷ | നീനു തിന്ന്-ദ-എ | നീവു-തിന്ന്-ദ-ഇരി. |
| പ്രഥമ പുരുഷ (പു) | അവനു തിന്ന്-ദ-അ (നു) | അവറു-തിന്ന്-ദ-അറു. |
| സ്ത്രീലിംഗം | അവളു തിന്ന്-ദ-അളു | അവറു-തിന്ന്-ദ-അറു. |
| നപുംസകലിംഗം | അദു തിന് -ദ-തു<br>തിന്ന്-ദ-ഇതു | അവു-തിന്ന്-ദ-അവു. |

പ്രഥമ പുരുഷ നപുംസകലിംഗത്തിൽ 'കു' എന്നും, 'ഇതു' എന്നും രണ്ട് പുരുഷ പ്രത്യയങ്ങളുണ്ട്. ഇവയിൽ 'തു'വിനെ ക്രിയാധാതുവിനോട് നേരിട്ട് ചേർക്കാം. 'ഇതു' എന്നത് ഭൂതകാലത്തോട് ചേർക്കുന്നു.

'ദ' എന്ന ഭൂതകാലപ്രത്യയം ചേരുന്ന ക്രിയാപദങ്ങളുടെ പട്ടിക.

| | | | |
|---|---|---|---|
| ಹೋಗು | പോകു | ಹೋದೆ | പോയി |
| ತಿನ್ನು | തിന്നു | ತಿಂದೆ | തിന്നു |
| ಕುಡಿ | കുടിക്കൂ | ಕುಡಿದೆ | കുടിച്ചു |
| ಎಳೆ | വലിക്കൂ | ಎಳೆದೆ | വലിച്ചു |
| ಕಳೆ | കുറക്കൂ | ಕಳೆದೆ | കുറച്ചു |
| ತುಳಿ | ചവിട്ടു | ತುಳಿದೆ | ചവിട്ടി |
| ಮುರಿ | പൊട്ടിക്കൂ | ಮುರಿದೆ | പൊട്ടിച്ചു |
| ಬೆಳೆ | വളർത്തു | ಬೆಳೆದೆ | വളർത്തി |
| ಒಗೆ | അലക്കൂ | ಒಗೆದೆ | അലക്കി |
| ಕಡಿ | കൊത്തു | ಕಡಿದೆ | കൊത്തി |
| ನಡೆ | നടക്കു | ನಡೆದೆ | നടന്നു |

| | | | |
|---|---|---|---|
| ಬರೆ | എഴുതൂ | ಬರೆದೆ | എഴുതി |
| ಕೊಯ್ಯು | മുറിക്കൂ | ಕೊಯ್ದೆ | മുറിച്ചു, കൊയ്തു |
| ಕಾಯು | കാത്തരിക്കൂ | ಕಾಯ್ದೆ/ಕಾದೆ | കാത്തിരുന്നു |
| ಬೀಳು | വീഴുക | ಬಿದ್ದೆ | വീണു |
| ಬಾ | വാ | ಬಂದೆ | വന്നു |
| ತಾ | കൊണ്ടുവരൂ | ತಂದೆ | കൊണ്ടുവന്നു |
| ತೆರೆ | തുറക്കൂ | ತೆರೆದೆ | തുറന്നു |
| ಕರೆ | വിളിക്കൂ | ಕರೆದೆ | വിളിച്ചു |
| ಕೊಲ್ಲು | കൊല്ലു | ಕೊಂದೆ | കൊന്നു |
| ಏಳು | എഴുന്നേല്ക്കൂ | ಎದ್ದೆ | എഴുന്നേറ്റു |
| ಇರು | ഉണ്ടാവു | ಇದ್ದೆ | ഉണ്ടായി |
| ಗೆಲ್ಲು | ജയിക്കൂ | ಗೆದ್ದೆ | ജയിച്ചു |
| ಅನ್ನು | പറയൂ | ಅಂದೆ | പറഞ്ഞു |
| ಹೊಡೆ | അടിക്കൂ | ಹೊಡೆದೆ | അടിച്ചു |
| ತೊಳೆ | കഴുക് | ತೊಳೆದೆ | കഴുകി |

ഭൂതകാല രൂപത്തിന് 'ത' കാരം ധാതുവിനോട് ചേർക്കുന്ന പദങ്ങൾ

| | | | |
|---|---|---|---|
| ಸೋಲು | തോൽവി | ಸೋತೆ | തോറ്റു |
| ಕೀಳು | പറിക്കുക | ಕಿತ್ತೆ | പറിച്ചു |
| ಕಲಿ | പഠിക്കുക | ಕಲಿತೆ | പഠിച്ചു |
| ಅಳು | കരയുക | ಅತ್ತೆ | കരഞ്ഞു |
| ಸಾಯು | മരിക്കുക, ചാവുക | ಸತ್ತೆ | മരിച്ചു, ചത്തു |
| ಹೆರು | പ്രസവിക്കുക | ಹೆತ್ತೆ | പ്രസവിച്ചു, പെറ്റു |
| ಉಳು | ഉഴുവുക | ಉತ್ತೆ | ഉഴുതു |
| ನೂಲು | നൂൽക്കുക | ನೂತೆ | നൂറ്റു |
| ಮರೆ | മറക്കുക | ಮರೆತೆ | മറന്നു |



ഭൂതകാല പ്രത്യയമായ 'ദ' ചേരുമ്പോൾ ചില ക്രിയാപദങ്ങളിലുണ്ടാകുന്ന വ്യത്യാസങ്ങൾ ശ്രദ്ധിക്കുക

| | | | | |
|---|---|---|---|---|
| കൊല്ലു + ദ + എ | - | കൊംദെ | - | കൊന്നു. |
| ബയ്യു + ദ + എ | - | ബയ്ദെ | - | ശകാരിച്ചു |
| ഏളു + ദ + എ | - | എദ്ദെ | - | എഴുന്നേറ്റു |
| ഗെല്ലു + ദ + എ | - | ഗെദ്ദെ | - | ജയിച്ചു |
| ബീളു + ദ + എ | - | ബിദ്ദെ | - | വീണു |
| കായു + ദ + എ | - | കായ്ദെ/കാദെ | - | കാത്തുനിന്നു |
| ഇറു + ദ + എ | - | ഇദ്ദെ | - | ഉണ്ടായിരുന്നു |
| ഹോഗു + ദ + എ | - | ഹോദെ | - | പോയി |

ഭൂതകാലം :

| | | | | |
|---|---|---|---|---|
| കീളു + ത + എ | - | കിത്തെ | - | പറിച്ചു |
| സായു + ത + എ | - | സാത്തെ | - | ചത്തു |
| സോലു + ത + എ | - | സോതെ | - | തോറ്റു |
| ഹെറു + ത + എ | - | ഹെത്തെ | - | പെറ്റു |

3.2 ക്രിയാധാതുവിനോട് 'ഇല്ല' എന്ന് ചേർത്ത് ഭൂതകാല നിഷേധ രൂപം ഉണ്ടാക്കുന്നു. ക്രിയാധാതുവിനോട് 'ഇല്ല' എന്ന് ചേർക്കുന്നതിന് മുമ്പേ 'അൽ' എന്ന ഉപസർഗ്ഗം ചേർക്കുന്നു.

തിന്നു + അൽ + ഇല്ല - തിന്നലില്ല - തിന്നില്ല

ഇവിടെ പുരുഷ/ലിംഗ വ്യത്യാസങ്ങളില്ല. നിഷേധ ധാതുരൂപങ്ങൾ ഉപയോഗിക്കുന്ന പ്രത്യയമാണ്.

ഉദ്ദിഷ്ട പദത്തിന് ഊന്നൽ കൊടുത്തൽ അർത്ഥം കിട്ടും.

ഇദേ ലിഡോ ടാകീസ്.
(ഇതു തന്നെ ലീഡോ ടാക്കീസ്)

നാനു ആഗലേ തിംഡി തിംദെ.
(ഞാൻ നേരത്തെത്തന്നെ ലഘുഭക്ഷണം കഴിച്ചു)

3.4 ക്രിയാ വിശേഷണങ്ങൾ ഉണ്ടാക്കുന്നതിന് വിശേഷണങ്ങളോടോ നാമങ്ങളോടോ 'ആഗി' എന്ന് ചേർക്കുന്നു. വിശേഷണങ്ങൾ

ഗുണവാചകമോ, പരിമാണ വാചകമോ ആയാൽ വിശേഷണങ്ങളുടെ ആഖ്യാത രൂപങ്ങളോടാണ് 'ആഗി' എന്നു ചേർക്കേണ്ടത്.

കെട്ടദാഗി (ചീത്തയായി) ഹൊസദാഗി (പുതുതായി)

ദൊഡ്ഡദാഗി (വലുതായി)

മറ്റു നാമങ്ങളിലും വിശേഷണങ്ങളിലും അവയുടെ അടിസ്ഥാന രൂപങ്ങളോടാണ് 'ആഗി' എന്നു ചേർക്കു.

തഡവാഗി (വൈകി) കെംപാഗി (ചുവപ്പായി) ചെന്നാഗി (നന്നായി)

## 4. അഭ്യാസം

**4.1 ആവരണത്തിൽ കൊടുത്ത പദങ്ങളുടെ ശരിരൂപം ചേർത്ത് പൂരിപ്പിക്കുക.**

4.1.1 ಅವರು ನಿನ್ನೆ ಊರಿನಿಂದ ———— (ಬಾ)

4.1.2 ಶೈಲ ಪರೀಕ್ಷೆಯಲ್ಲಿ ಚೆನ್ನಾಗಿ ———— (ಬರೆ)

4.1.3 ಅವಳು ಒಂದು ಹೆಣ್ಣು ಮಗು ———— (ಹೆರು)

4.1.4 ಮಗು ರಾತ್ರಿ ಮೂರು ಗಂಟೆಗೆ ———— (ಏಳು)

4.1.5 ನಾನು ನಿನಗಾಗಿ ತುಂಬಾ ಹೊತ್ತು ———— (ಕಾಯು)

4.1.6 ಅವರು ಆಟದಲ್ಲಿ ———— (ಸೋಲು)

4.1.7 ರೈಲು ಅಪಘಾತದಲ್ಲಿ ಐದು ಜನ ———— (ಸಾಯು)

4.1.8 ನಾನು ನಿನ್ನೆ ಬೆಂಗಳೂರಿನಲ್ಲಿ ———— (ಇರು)

**4.2 ഭൂതകാലത്തിലേക്ക് മാറ്റുക.**

4.2.1 ಮಧು ಹಾಲು ಕುಡಿಯುತ್ತಾನೆ.

4.2.2 ಮಗು ದಾರಿಯಲ್ಲಿ ಬೀಳುತ್ತದೆ.

4.2.3 ಕಮಲ ಸಂಗೀತ ಕಲಿಯುತ್ತಾಳೆ.

4.2.4 ಅವಳು ಅವನನ್ನು ಮರೆಯುತ್ತಾಳೆ.

4.2.4 ರಾಮ ರಾವಣನನ್ನು ಕೊಲ್ಲುತ್ತಾನೆ.



**4.3 വർത്തമാനകാലത്തിലേക്ക് മാറ്റുക.**

4.3.1 ಪದ್ಮ ಗಂಡು ಮಗು ಹೆತ್ತಳು.

4.3.2 ರೈತರು ಹೊಲ ಉತ್ತರು.

4.3.3 ರಾಣಿ ಕಿಟಕಿ ತೆಗೆದಳು.

4.3.4 ನೀವು ಆ ಪುಸ್ತಕ ತಂದಿರಾ?

4.3.5 ನಾನು ಬಟ್ಟೆ ಒಗೆದೆ.

**4.4 നിഷേധ രൂപത്തിലേക്ക് മാറ്റുക.**

4.4.1 ನಾನು ಬೆಳಗ್ಗೆ ಆರು ಗಂಟೆಗೆ ಎದ್ದೆ.

4.4.2 ಏಳು ಗಂಟೆಗೆ ಕಾಫಿ ಕುಡಿದೆ.

4.4.3 ನಾವು ಕನ್ನಡ ಚೆನ್ನಾಗಿ ಮಾತಾಡೋದು ಕಲಿತೆವು.

4.4.4 ನಾನು ಆ ವಿಷಯ ಮರೆತೆ.

4.4.5 ತಂದೆ ನನ್ನನ್ನು ಬೈದರು.

**4.5 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.5.1 ഞാൻ എന്റെ സ്നേഹിതന് ഒരു കത്തെഴുതി.

4.5.2 ഞങ്ങൾ എന്നും മൂന്ന് മൈൽ നടക്കും.

4.5.3 അവൾ അരമണിക്കൂർ കരഞ്ഞു.

4.5.4 അവൻ എന്നെ വിഡ്ഢിയെന്ന് വിളിച്ചു.

## 5. പദസഞ്ചയം

| | |
|---|---|
| ಅರಮನೆ | കൊട്ടാരം |
| ಆಟ | കളി |
| ಕಬ್ಬು | കരിമ്പ് |
| ಕರು | പശുക്കുട്ടി |
| ಕಳ್ಳರು | കള്ളന്മാർ |
| ಕಾಗದ | കടലാസ് |

| | |
|---|---|
| ಕಾನೂನು | നിയമം |
| ಕಿಟಕಿ | ജനൽ |
| ಕೂಲಿ | കൂലി |
| ಚರಕ | ചർക്ക |
| ದುರಂತ | ദുരന്തം |
| ನದಿ | നദി |
| ಪತ್ರ | കത്ത് |
| ರೈತರು | കൃഷിക്കാർ |
| ವಿಷಯ | വിഷയം |
| ಸೆಗಣಿ | ചാണകം |
| ಸೆಳೆ | ആകർഷിക്കുക |
| ಸೌಂದರ್ಯ | ഭംഗി, സൗന്ദര്യം |
| ಹುಲ್ಲು | പുല്ല് |
| ಹೊಲ | പാടം |

# പാഠം – 15

## ഭൂതകാലം ക, ത, ദ, ഇദ് ഇവയുടെ നിഷേധ രൂപങ്ങൾ, അന്യാഖ്യാന സംഭാഷണങ്ങൾ

### 1. സംഭാഷണങ്ങൾ

| | | |
|---|---|---|
| ರಾಜು : | ನಿಮಗೆ ನಿನ್ನೆ ಮೋಹನ್ ಸಿಕ್ಕನಾ? | നിങ്ങൾ ഇന്നലെ മോഹനനെ കണ്ടോ? |
| ರಾಮು : | ಇಲ್ಲ. ಸಿಗಲಿಲ್ಲ. ನಿನಗೆ ಸಿಕ್ಕಾನಾ? | ഇല്ല. കണ്ടില്ല. നീ കണ്ടോ? |
| ರಾಜು : | ಹೌದು. ಸಿಟಿಯಲ್ಲಿ ಸಿಕ್ಕ. ನಿಮ್ಮನ್ನು ನೋಡೋಕೆ ಹೋಗ್ತೀನಿ ಅಂತ ಅಂದ. | അതെ. സിറ്റിയിൽ കണ്ടു. നിങ്ങളെ കാണാൻ പോകുന്നു എന്ന് പറഞ്ഞു. |
| ರಾಮು : | ಇಲ್ಲ. ನಿನ್ನೆ ಬರಲಿಲ್ಲ. ಏನು ಸಮಾಚಾರ? | ഇല്ല. ഇന്നലെ വന്നില്ല. എന്താണ് വിശേഷം? |
| ರಾಜು : | ಅವನು ಕೆಲಸ ಬಿಟ್ಟನಂತೆ. | അവൻ ജോലി വിട്ടത്രെ |
| ರಾಮು : | ಯಾಕೆ? | എന്തിനാണ്? |
| ರಾಜು : | ಅವರ ತಂದೆ ಊರಿನಲ್ಲಿ ಜಮೀನು ಕೊಂಡರಂತೆ ಅದಕ್ಕೆ. | അവന്റെ അച്ഛൻ നാട്ടിൽ സ്ഥലം വാങ്ങി. അത് കൊണ്ടാണ്. |
| ರಾಮು : | ಏನು ಜಮೀನು? | എന്ത് സ്ഥലം? |
| ರಾಜು : | ತೆಂಗಿನ ತೋಟ. ಇವನು ಅದರ ಮೇಲ್ವಿಚಾರಣೆ ಮಾಡ್ತಾನಂತೆ. | തെങ്ങിൻ തോട്ടം. ഇവൻ അതിന്റെ മേൽനോട്ടം വഹിക്കുന്നത്രേ. |

| | | |
|---|---|---|
| ರಾಮು | : ಎಷ್ಟು ಎಕರೆ? | എത്ര ഏക്കർ? |
| ರಾಜು | : ಹತ್ತು ಎಕರೆ. | പത്ത് ഏക്കർ. |
| ರಾಮು | : ಎಷ್ಟು ಕೊಟ್ಟರು? | എത്ര കൊടുത്തു? |
| ರಾಜು | : ಒಂದು ಲಕ್ಷ ಕೊಟ್ಟರು ಅಂದ. | ഒരു ലക്ഷം കൊടുത്തു എന്നാണ് പറഞ്ഞത്. |
| ರಾಮು | : ಪರವಾಗಿಲ್ಲ. ಕಡಿಮೆ ಬೆಲೇನೆ. | മോശമില്ല. കുറഞ്ഞ വില തന്നെ. |

## 1.1. സംഭാഷണങ്ങൾ :

| | | |
|---|---|---|
| ಅರವಿಂದ | : ನಿನ್ನೆ ಬೆಳಿಗ್ಗೆ ಎಷ್ಟು ಗಂಟೆ ತನಕ ಆಟ ಆಡಿದಿರಿ? | ഇന്നലെ രാവിലെ എത്ര മണിവരെ കളിച്ചു? |
| ಮನೋಹರ್ | : ಹತ್ತು ಗಂಟೆ ತನಕ ಆಡಿದೆವು. | പത്ത് മണി വരെ കളിച്ചു. |
| ಅರವಿಂದ | : ಯಾರು ಗೆದ್ದರು? | ആരാണ് ജയിച്ചത്? |
| ಮನೋಹರ್ | : ಅವರು ಗೆದ್ದರು, ನಾವು ಸೋತೆವು. | അവർ ജയിച്ചു. ഞങ്ങൾ തോറ്റു. |
| ಅರವಿಂದ | : ಆ ಮೇಲೆ ಏನು ಮಾಡಿದಿರಿ? ಹಾಸ್ಟೆಲ್‌ನಲ್ಲೇ ಇದ್ದೀರಾ? | അതിനു ശേഷം എന്ത് ചെയ്തു? ഹോസ്റ്റലിൽ തന്നെ ഉണ്ടായിരുന്നോ? |
| ಮನೋಹರ್ | : ಆ ಮೇಲೆ ಸ್ನಾನ ಮಾಡಿದೆ. ಸುಮಾರು ಒಂದು ಗಂಟೆಗೆ ಊಟ ಮಾಡಿದೆ. ಎರಡು ಗಂಟೆಯಿಂದ ನಾಲ್ಕು ಗಂಟೆ ವರೆಗೆ ನಿದ್ರೆ ಮಾಡಿದೆ. | അതിനു ശേഷം കുളിച്ചു. ഒരു മണിക്ക് ഊൺ കഴിച്ചു. രണ്ട് മണിതൊട്ട് നാല് മണി വരെ ഉറങ്ങി. |
| ಅರವಿಂದ | : ಸಿಟಿಗೆ ಹೋಗಲಿಲ್ಲವಾ? | സിറ്റിയിൽ പോയിട്ടില്ലെ? |
| ಮನೋಹರ್ | : ಐದು ಗಂಟೆಗೆ ಹೋದೆ. | അഞ്ച് മണിക്ക് പോയി. |
| ಅರವಿಂದ | : ಯಾರು ಯಾರು ಹೋದಿರಿ? | ആരൊക്കെ പോയി? |



| | | |
|---|---|---|
| ಮನೋಹರ್ | : ನಾನು ರಮೇಶ ಹೋದೆವು. | ഞാനും രമേശനും പോയി. |
| ಅರವಿಂದ | : ಯಾವುದಾದರೂ ಸಿನಿಮಾ ನೋಡಿದಿರಾ? | ഏതെങ്കിലും സിനിമ കണ്ടുവോ? |
| ಮನೋಹರ್ | : ಇಲ್ಲ. ಯಾವ ಸಿನಿಮಾನೂ ನೋಡಲಿಲ್ಲ. ಎಂಟು ಗಂಟೆಯ ವರೆಗೆ ಅಲ್ಲಿ ಇಲ್ಲಿ ಸುತ್ತಾಡಿದೆವು. ಕಾಮತ್‌ನಲ್ಲಿ ಕಾಫಿ ಕುಡಿದೆವು. ಒಂಬತ್ತು ಗಂಟೆಗೆ ವಾಪಸ್ ಬಂದೆವು. | ഇല്ല. ഒരു സിനിമയും കണ്ടില്ല. എട്ട് മണിവരെ അവിടവിടെ ചുറ്റിനടന്നു. കാമത്തിൽ നിന്ന് കാപ്പി കുടിച്ചു. ഒമ്പത് മണിക്ക് തിരിച്ചുവന്നു. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ಮೋಹನನಿಗೆ ಕೆಲಸ ಸಿಕ್ಕಿತು. | മോഹനന് ജോലി കിട്ടി. |
| | ರಾಜು ನನಗೆ ದಾರಿಯಲ್ಲಿ ಸಿಕ್ಕಿದ. | രാജുവിനെ വഴിയിൽ വെച്ച് കണ്ടു. |
| | ಹುಡುಗರು ಕ್ಲಾಸಿನಲ್ಲಿ ನಕ್ಕರು. | ആൺകുട്ടികൾ ക്ലാസിൽ ചിരിച്ചു. |
| | ಈ ತಿಂಗಳ ಸಂಬಳದಲ್ಲಿ ಹತ್ತು ರೂಪಾಯಿ ಮಿಕ್ಕಿತು. | ഈ മാസം ശമ്പളത്തിൽ പത്ത് രൂപ മിച്ചം വന്നു. |
| | ಕಳ್ಳರು ಮನೆ ಹೊಕ್ಕರು. | കള്ളൻമാർ വീട്ടിലേക്ക് കയറി. |
| | ಕುಮಾರ ನನಗೆ ಹತ್ತು ರೂಪಾಯಿ ಕೊಟ್ಟ. | കുമാരൻ എനിക്ക് പത്ത് രൂപ തന്നു. |
| | ಗೂಂಡಾಗಳು ಪ್ರಜಾವಾಣಿ ಪತ್ರಿಕೆಯನ್ನು ಸುಟ್ಟರು. | ഗൂണ്ടകൾ പ്രജാവാണി പത്രം കത്തിച്ചു. |
| | ಅವನು ಕೆಟ್ಟ ಹುಡುಗರ ಸಹವಾಸದಿಂದ ಕೆಟ್ಟ. | അവൻ ചീത്ത പിള്ളരുടെ കൂട്ടുകെട്ട്കൊണ്ട് മോശമായി. |
| | ನಾನು ಬಾಡಿಗೆ ಮನೆಯನ್ನು ಬಿಟ್ಟೆ. | ഞാൻ വാടക വീട് വിട്ടു. |
| | ನೀವು ಹಣವನ್ನು ಬ್ಯಾಂಕಿನಲ್ಲಿ ಇಟ್ಟಿರಾ? | നിങ്ങൾ പണം ബാങ്കിൽ വെച്ചോ? |

| | | |
|---|---|---|
| | ನನ್ನ ಸ್ನೇಹಿತೆ ಹೊಸ ಸೀರೆ ಉಟ್ಟಳು. | എന്റെ സ്നേഹിത പുതിയ സാരി ഉടുത്തു. |
| 2.2 | ಬಸ್ಸು ಹತ್ತು ಗಂಟೆಗೆ ಹೊರಟಿತು. | ബസ്സ് പത്തു മണിക്ക് പുറപ്പെട്ടു. |
| | ನೀವು ಮನೆಯ ಮುಂದೆ ಎಷ್ಟು ತೆಂಗಿನ ಗಿಡ ನೆಟ್ಟಿರಿ? | നിങ്ങൾ വീടിന്റെ മുമ്പിൽ എത്ര തെങ്ങിൻ തൈ നട്ടു? |
| | ಮಾವಿನ ಹಣ್ಣು ಕೆಟ್ಟಿತು. | മാമ്പഴം കേടുവന്നു. |
| | ಮಕ್ಕಳು ಹಬ್ಬದ ದಿನ ಹೊಸ ಬಟ್ಟೆ ತೊಟ್ಟರು. | കുട്ടികൾ ഉത്സവനാൾ പുതിയ ഉടുപ്പ് ധരിച്ചു. |
| 2.3 | ರಾಮರಾಯರು ಹೊಸ ಮನೆ ಕೊಂಡುಕೊಂಡರು. | രാമറാവു പുതിയ വീട് വാങ്ങി. |
| | ಆಳುಗಳು ರಾಗಿಮುದ್ದೆ ಉಂಡರು. | വേലക്കാർ മുത്താറിക്കഞ്ഞി കഴിച്ചു. |
| | ನಾನು ದಾರಿಯಲ್ಲಿ ಒಂದು ಹಾವು ಕಂಡೆ. | ഞാൻ വഴിയിൽ ഒരു പാമ്പിനെ കണ്ടു. |
| 2.4 | ಅವನು ಹೊಟ್ಟೆ ಹುಣ್ಣಾಗುವಂತೆ ನಗಲಿಲ್ಲ. | അവൻ വയർ പുണ്ണാവും വരെ ചിരിച്ചില്ല. |
| | ಅವರು ನನಗೆ ಬಹುಮಾನ ಕೊಡಲಿಲ್ಲ. | അവർ എനിക്ക് സമ്മാനം തന്നില്ല. |
| | ನಾವು ಸಮಯಕ್ಕೆ ಸರಿಯಾಗಿ ಹೊರಡಲಿಲ್ಲ. | ഞങ്ങൾ ശരിയായ സമയത്ത് പുറപ്പെട്ടില്ല. |
| | ರಾಗಿಣಿ ಹೊಸ ಸೀರೆ ಕೊಳ್ಳಲಿಲ್ಲ. | രാഗിണി പുതിയ സാരി വാങ്ങിയിട്ടില്ല. |
| | ನನಗೆ ಸೂರ್ಯಗ್ರಹಣ ಕಾಣಲಿಲ್ಲ. | എനിക്ക് സൂര്യഗ്രഹണം കാണാനൊത്തില്ല. |
| 2.5 | ನಾನು ಅಡಿಗೆ ಮಾಡಿಕೊಳ್ತೀನಿ. | ഞാൻ പാചകം ചെയ്യാറുണ്ട്. |
| | ಅವನು ತನ್ನ ಬಟ್ಟೆ ತಾನೇ ಒಗೆದುಕೊಳ್ತಾನೆ. | അവൻ തന്റെ തുണി സ്വയം അലയ്ക്കുന്നു. |



| | | |
|---|---|---|
| | ವಿಮಲೆ ತಲೆ ಬಾಚಿಕೊಳ್ತಾಳೆ. | വിമല തലമുടി ചീകുന്നു. |
| | ಅವರು ಸ್ನಾನ ಮಾಡಿಕೊಂಡರು. | അവർ കുളിച്ചു. |
| | ಅವನು ಆತ್ಮಹತ್ಯೆ ಮಾಡಿಕೊಂಡ. | അവൻ ആത്മഹത്യ ചെയ്തു |
| 2.6 | ರಾಮು ನಾಳೆ ಬೆಂಗಳೂರಿಗೆ ಹೋಗ್ತೀನಿ ಅಂತ ಅಂದ. | രാമു നാളെ ബെംഗളൂരിലേക്ക് പോകുന്നു എന്ന് പറഞ്ഞു. |
| | ಪರೀಕ್ಷೆ ಫೀಸು ಕಟ್ಟು ಅಂತ ನಮ್ಮ ತಂದೆ ಹಣ ಕೊಟ್ಟರು. | പരീക്ഷാ ഫീസ് അടക്കാനായി അച്ഛൻ പണം തന്നു. |
| | ಅವನಿಗೆ ವೃಂದಾವನ ನೋಡಬೇಕು ಅಂತ ಆಸೆ. | അവന് വൃന്ദാവനം കാണണം എന്ന് കൊതി. |
| 2.7 | ಮುಖ್ಯಮಂತ್ರಿಗಳು ನಾಳೆ ದೆಹಲಿಗೆ ಹೋಗ್ತಾರಂತೆ. | മുഖ്യമന്ത്രി നാളെ ഡെൽഹിയ്ക്ക് പോവുകയാണത്രെ. |
| | ವಿಧಾನ ಸೌಧದ ಸುತ್ತ ಬೇಲಿ ಹಾಕಿಸ್ತಾರಂತೆ. | വിധാനസൗധത്തിന് ചുറ്റും വേലി കെട്ടുന്നവത്രെ. |
| | ನಾಳೆ ನನ್ನ ಭಾವ ಊರಿಗೆ ಬರ್ತಾರಂತೆ. | നാളെ എന്റെ അളിയൻ നാട്ടിലേക്ക് വരുന്നുണ്ടത്രെ. |
| 2.8 | ಮಹಾತ್ಮಾ ಗಾಂಧಿಯವರು ಭಾರತದ ಸ್ವಾತಂತ್ರ್ಯಕ್ಕೆ ಹೋರಾಡಿದರು. | മഹാത്മാ ഗാന്ധി ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി. |
| | ಪುರಂದರ ದಾಸರು ಬಡವರಿಗೆ ಐಶ್ವರ್ಯ ದಾನ ಮಾಡಿದರು. | പുരന്ദരദാസ പാവങ്ങൾക്ക് സമ്പത്ത് ദാനം ചെയ്തു. |
| | ಕತ್ತೆಗಳು ತುಂಬಾ ಜೋರಾಗಿ ಓಡಿದವು. | കഴുതകൾ വേഗത്തിൽ ഓടി. |
| | ವಿಶ್ವೇಶ್ವರಯ್ಯ ಕೃಷ್ಣರಾಜ ಸಾಗರ ಕಟ್ಟಿಸಿದರು. | വിശ്വേശ്വരയ്യ കൃഷ്ണരാജ സാഗർ പണിയിച്ചു. |
| | ನಾನು ಕಿಟಕಿ ಮುಚ್ಚಿದೆ. | ഞാൻ ജനൽ അടച്ചു. |
| | ಜನತಾ ಪಕ್ಷ ಹೊಸ ಸರ್ಕಾರ ರಚಿಸಿತು. | ജനതാപാർട്ടി പുതിയ സർക്കാർ രൂപീകരിച്ചു. |

| | | |
|---|---|---|
| | ನೀವು ನಿನ್ನೆ ಎಷ್ಟು ಗಂಟೆಗೆ ಮಲಗಿದಿರಿ? | നിങ്ങൾ ഇന്നലെ എത്ര മണിക്ക് കിടന്നു? |
| | ನಿಮ್ಮ ಶರ್ಟು ಎಲ್ಲಿ ಹೊಲಿಸಿದಿರಿ? | നിങ്ങളുടെ ഷർട്ട് എലിടെ തുന്നിച്ചു? |
| | ನೀನು ನಿನ್ನೆ ಎಷ್ಟನೇ ಪಾಠ ಓದಿದೆ? | നീ ഇന്നലെ എത്രാമത്തെ പാഠം വായിച്ചു? |
| | ಅವನು ನಿನ್ನೆ ಎಷ್ಟು ಸಿಗರೇಟ್ ಸೇದಿದ? | അവൻ ഇന്നലെ എത്ര സിഗറേറ്റ് വലിച്ചു? |
| | ನಾನು ಕಥೆ ಹೇಳಿದೆ, ಅವರು ಕೇಳಿದರು. | ഞാൻ കഥ പറഞ്ഞു, അവർ കേട്ടു. |
| 2.9 | ಹುಡುಗರು ಹತ್ತನೇ ಪಾಠ ಓದಲಿಲ್ಲ. | ആൺ കുട്ടികൾ പത്താമത്തെ പാഠം വായിച്ചില്ല. |
| | ಅವಳು ಅವನನ್ನು ನಂಬಲಿಲ್ಲ. | അവൾ അവനെ വിശ്വസിച്ചില്ല. |
| | ಪತ್ರಕರ್ತರು ಮುಖ್ಯಮಂತ್ರಿಗೆ ಪ್ರಶ್ನೆ ಕೇಳಲಿಲ್ಲ. | പത്രപ്രവർത്തകർ മുഖ്യമന്ത്രി യോട് ചോദ്യ ചോദിച്ചില്ല. |
| | ನಾವು ಇಲ್ಲಿ ಅಲ್ಲಿ ಸುತ್ತಾಡಲಿಲ್ಲ. | ഞങ്ങൾ ഇവിടങ്ങലിൽ ചുറ്റിത്തിരിഞ്ഞില്ല. |

## 3. പഠിതാക്കൾക്കുള്ള സൂചന :

'-ക', '-ത', '-ദ', '-ഇദ്' - ഇവിടെ പരിചയപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ പാഠത്തിൽ പരിചയപ്പെട്ട ഭൂതകാല പ്രത്യയങ്ങളിൽ നിന്നു വ്യത്യസ്തമായി, ഈ ഭൂതകാല പ്രത്യയങ്ങൾ താഴെ പറയുന്ന രീതിയിൽ അടുക്കിയിരിക്കുന്നു.

3.1 വ്യഞ്ജനം + ഹ്രസ്വ സ്വരം + വ്യഞ്ജനം - ഈ അക്ഷര ക്രമത്തിൽ വരുന്ന ക്രിയാപദങ്ങളിലെ അവസാനത്തെ വ്യഞ്ജനം '-ന-' (ഉദാ : ന + ദ + ഗ) ആയാൽ ഭൂതകാല പ്രത്യയം '-ക' - ആയിരിക്കും. അവസാന സ്വരമായ 'ഉ'കാരത്തിന് യാതൊരു മൂല്യവും ഉണ്ടാവുകയില്ല.



ഉദാ :

സിഗ് (ഉ) + ക + അ - സിക്ക - 'അവൻ കണ്ടുമുട്ടി'

നഗ് (ഉ) + ക + അ - നക്ക - 'അവൻ ചിരിച്ചു'

'ക' ചേരുമ്പോൾ അവസാന വ്യഞ്ജനമായ 'ഗ', 'ക'യോട് ചേർന്ന് 'ക്ക' എന്നുണ്ടാകുന്നത് ശ്രദ്ധിക്കുക.

3.2 വ്യഞ്ജനം + ഹ്രസ്വ സ്വരം + വ്യഞ്ജനം - ഈ അക്ഷര ക്രമത്തില വരുന്ന ക്രിയാ പദങ്ങളോടെ അവസാന വ്യഞ്ജനം 'ഡ' (ക + ഡ + ഉ + ഡ ) ആയാൽ 'ട' ഭൂതകാല പ്രത്യയമായിരിക്കും.

ഉദാ :

ഇഡ്(ഉ) + ട + എ - ഇട്ടെ - 'ഞാൻ ഇട്ടു' (വെച്ചു)

'ഡ' എന്നത് 'ട'യിൽ ലയിക്കുന്നത് ശ്രദ്ധിക്കുക.

എങ്കിലും 'ഹൊാറഡു' എന്ന പദത്തിൽ മുമ്പ് പറഞ്ഞ അക്ഷര ക്രമമില്ലാത്തതിനാൽ അതിന്റെ ഭൂതകാല രൂപം 'ഹൊാറടെ' എന്നാണ്.

3.3 ഭൂതകാല പ്രത്യയമായി 'ഡ'കാരം വരുന്ന മൂന്ന് ക്രിയകൾ മാത്രമേയുള്ളു.

ഉദാ :

കാണ്(ഉ) + ഡ + എ - കണ്ടെ - (ഞാൻ) കണ്ടു.

ഉണ്(ഉ) + ഡ + എ - ഉണ്ടെ - (ഞാൻ) ഉണ്ടു. (ഊൺ കഴിച്ചു)

കൊള്ളു → കാണു/- ഡ കൊണ് + ഡ + എ - കൊണ്ടെ 'ഞാൻ വാങ്ങി'

ഇവിടെ 'ള'കാരം 'ണ'കാരമായതു ശ്രദ്ധിക്കുക.

'കൊള്ളു' എന്നതാണ് പ്രധാന ക്രിയ. 'വാങ്ങുക' എന്നർത്ഥം.

ഇത് സഹായ ക്രിയയായും പ്രയോഗിക്കാറുണ്ട്. ക്രിയയുടെ ഫലഭോക്താവ് ക്രിയയുടെ കർത്താവ് തന്നെ എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. പ്രധാന ക്രിയയുടെ കൃദന്ത രൂപത്തോട് 'കൊള്ളു' ചേർത്തിട്ടാണ് ഇത് സാധിക്കുന്നത്.

ഉദാ :

അവനു ബട്ടെ ഒഗെദുകൊൾത്താനെ.

(അവൻ വസ്ത്രം അലക്കുന്നു)

അവളു അഡുഗെ മാഡികൊൾത്താളെ.

(അവൾ അവൾക്ക് വേണ്ടി പാചകം ചെയ്യുന്നു)

3.4. മൂന്ന് വിഭാഗം ക്രിയകളിൽ ഭൂകതാല പ്രത്യയമായി 'ഇദ്' എന്ന് വരും.

3.4.1 (വ്യഞ്ജനം) ദീർഘസ്വരം + ദീർഘസ്വരം + വ്യഞ്ജനം എന്ന അക്ഷര ക്രമത്തിൽ വരുന്ന പദങ്ങൾ.

ഉദാ:

കേള്(ഉ) + ഇദ് + എ - കേളിദെ - (ഞാൻ കേട്ടു) (ശ്രദ്ധിച്ചു)

ആഡ്(ഉ) + ഇദ് + എ - ആഡിദെ - (ഞാൻ കളിച്ചു)

3.4.2 വ്യഞ്ജനം + സ്വരം + വ്യഞ്ജനം + വ്യഞ്ജനം - എന്ന അക്ഷര ക്രമത്തിൽ വരുന്ന പദങ്ങൾ.

ഹത്ത്(ഉ) + ഇദ് + എ - ഹത്തിദെ - (ഞാൻ കയറി)

മുച്ച്(ഉ) + ഇദ് + എ - മുച്ചിദെ - (ഞാൻ മൂടി)

നംബ്(ഉ) + ഇദ് + എ - നംബിദെ - (ഞാൻ വിശ്വസിച്ചു)

3.4.3 ബഹ്വാക്ഷര പദങ്ങൾ

രണ്ടിലധികം അക്ഷരങ്ങളുള്ള ക്രിയാപദങ്ങൾ. കാര്യകാരണ സൂചകം കൂടി ഈ വിഭാഗത്തിൽ വരുന്നു.

ഉദാ :

തോറിസു + ഇദ് + എ - തോറിസിദെ - '(ഞാൻ) കാണിച്ചു'

മലഗു + ഇദ് + എ - മലഗിദെ - '(ഞാൻ) കിടന്നു'

മാതാഡു + ഇദ് + എ - മാതാഡിദെ - '(ഞാൻ) സംസാരിച്ചു'

മുമ്പ് പറഞ്ഞ ക്രിയകളുടെ ഭൂതകാല പ്രത്യയങ്ങളുടെ നിയമം ഇവിടെ അപവാദമാണ്.



3.5 അന്യാഖ്യാന സംഭാഷണ രൂപം കിട്ടുന്നതിന് 'അംത' എന്നു ചേർക്കുന്നു. അന്യാഖ്യാനം കഴിഞ്ഞ ഉടനെയാണ് 'അംത' എന്നു ചേർക്കുന്നത്. (മലയാളത്തിൽ 'എന്ന്' എന്ന അർത്ഥത്തിൽ)

അവനു ബെംഗളൂറിഗെ ഹോഗ്തീനി അംത ഹേളിദ.
(അവൻ ബെംഗളൂറിലേക്ക് പോകും എന്ന് പറഞ്ഞു)

3.6 'അംതെ' അന്യാഖ്യാന രൂപമാണ്.

ഉദാ :

ആപാഘാതദല്ലി നൂറു ജന സത്തറംതെ.
(അപകടത്തിൽ നൂറുപേർ മരിച്ചു എന്ന്)

അവറു നാളെ ബർത്താറംതെ.
(അവർ നാള വരുന്നുവത്രെ)

## 4. അഭ്യാസം

**4.1 പകരം വേണ്ടതു ചേർത്ത് വാക്യം പൂർണമാക്കുക.**

4.1.1 ಕಳ್ಳರು ಬಾಳೆ ತೋಟವನ್ನು ಹೊಕ್ಕರು.
ಆನೆ ..........................

4.1.2 ಶ್ರೀಮಂತರು ಬಡವರನ್ನು ಸುಟ್ಟರು.
ನಾವು..........................

4.1.3 ಅವನು ಮೇಜಿನ ಮೇಲೆ ಪುಸ್ತಕ ಇಟ್ಟ.
ಅವಳು ..........................

4.1.4 ನಾನು ಬಟ್ಟೆ ಒಗೆದುಕೊಂಡೆ.
ಅವರು ..........................

4.1.5 ಅವಳು ಹತ್ತು ಗಂಟೆಗೆ ಮಲಗಿದಳು
ನಾಯಿ ..........................

4.1.6 ನಾವು ಪರೀಕ್ಷೆಗೆ ಫೀಸು ಕಟ್ಟಿದೆವು.
ನಾನು ..........................

4.1.7 ಬೆಕ್ಕು ಹಾಲು ಕುಡಿಯಿತು.

ಬೆಕ್ಕುಗಳು ..........................

**4.2 ഭൂതകാലത്തിലേക്ക് മാറ്റുക**

4.2.1 ಮಗು ಅಳುತ್ತದೆ.

4.2.2 ಅವರು ಜೋರಾಗಿ ಮಾತಾಡುತ್ತಾರೆ.

4.2.3 ನಾಳೆ ರಾಜು ನನಗೆ ಸಿಕ್ಕುತ್ತಾನೆ.

4.2.4 ಅವನು ನಾಳೆ ಊರು ಬಿಡುತ್ತಾನೆ.

4.2.5 ಮದುವೆ ಮನೆಯಲ್ಲಿ ತುಂಬಾ ಸಾಮಾನು ಸಿಗುತ್ತದೆ.

**4.3 നിഷേധ രൂപത്തിലേക്ക് മാറ്റുക.**

4.3.1 ನಿನ್ನೆ ಮಳೆ ಬಂತು.

4.3.2 ಅವರು ಮನೆ ಬಾಗಿಲು ಮುಚ್ಚಿದರು.

4.3.3 ಕೆಂಗಲ್ ಹನುಮಂತಯ್ಯ ವಿಧಾನಸೌಧ ಕಟ್ಟಿಸಿದರು.

4.3.4 ಅವನು ನಾಟಕ ನೋಡಿದನು.

4.3.5 ರಮೇಶ ಹೊಸ ಚಪ್ಪಲಿ ಕೊಂಡುಕೊಂಡ.

4.3.6 ನನಗೆ ನಮ್ಮ ತಂದೆ ಹಣಕೊಟ್ಟರು.

4.3.7 ಅವಳು ಸುಮ್ಮನೆ ನಕ್ಕಳು.

4.3.8 ಮೈಸೂರನ್ನು ತುಂಬಾ ಜನ ರಾಜರು ಆಳಿದರು.

**4.4 കന്നഡയിലേക്ക് വിവർത്തനം ചെയ്യുക.**

4.4.1 ആ വീടിന് നിങ്ങൾ എത്ര അഡ്വാൻസ് കൊടുത്തു?

4.4.2 ഞാൻ ബെംഗളൂരിൽനിന്നും രണ്ട് ഷർട്ട് വാങ്ങി.

4.4.3 കർണ്ണാടകയിൽ നിങ്ങൾ ഏത് സ്ഥലമാണ് കണ്ടത്?

4.4.4 നമ്മൾ ആറ് മണിവരെ വോളിബോൾ കളിച്ചു.

4.4.5 അവൾ ഒരു കഥ പറഞ്ഞു.



**4.5 ഉത്തരമെഴുതുക.**

4.5.1 ನೀವು ನಿನ್ನೆ ಯಾವ ಸಿನಿಮಾ ನೋಡಿದಿರಿ?

4.5.2 ನೀವು ಕರ್ನಾಟಕದಲ್ಲಿ ಯಾವ ಸ್ಥಳ ನೋಡಿದಿರಿ?

4.5.3 ವಿಧಾನಸೌಧ ಯಾರು ಕಟ್ಟಿಸಿದರು?

## 5. പദസഞ്ചയം

| | |
|---|---|
| ಜಮೀನು | ഭൂമി |
| ಸಿಗು | കിട്ടുക |
| ಸುತ್ತಾಡು | ചുറ്റിത്തിരിയുക |
| ಲಕ್ಷ | ലക്ഷം |

**5.1 അനുബന്ധ പദസഞ്ചയം**

| | |
|---|---|
| ಆತ್ಮಹತ್ಯೆ | ആത്മഹത്യ |
| ಇಡು | വെക്കുക |
| ಉಡು | ഉടുക്കുക |
| ಉಣ್ಣು | ഉണ്ണുക |
| ಐಶ್ವರ್ಯ | സമ്പത്ത് |
| ಕಟ್ಟಿಸು | പണിയുക |
| ಕತ್ತೆ | കഴുത |
| ಕಳ್ಳ | കള്ളൻ |
| ಕಿಟಕಿ | ജനൽ |
| ಕೆಡು | നശിക്കുക, ചീത്തയാവുക |
| ಗೂಂಡಾಗಳು | ഗുണ്ടകൾ |
| ತೊಡು | ധരിക്കുക |
| ದಾನ | ദാനം |

| | |
|---|---|
| ನೆಡು | നടുക |
| ಪತ್ರಕರ್ತರು | പത്രപ്രവർത്തകർ |
| ಬಹುಮಾನ | സമ്മാനം |
| ಬೇಲಿ | വേലി |
| ರಾಗಿಮುದ್ದೆ | മുത്താറി മുദ്ദ (ഉരുള) |
| ಸರ್ಕಾರ | സർക്കാർ |
| ಸಹವಾಸ | കൂട്ടുകെട്ട് |
| ಸ್ವಾತಂತ್ರ್ಯ | സ്വാതന്ത്ര്യം |
| ಸುಡು | കത്തിക്കുക, ചുടുക |
| ಸೂರ್ಯಗ್ರಹಣ | സൂര്യഗ്രഹണം |
| ಹಾವು | പാമ്പ് |
| ಹುಣ್ಣು | പുണ്ണ് |
| ಹೊಟ್ಟೆ | വയറ് |

# പാഠം – 16

## ഭൂതകാല കൃദന്ത രൂപവും, അവയുടെ നിഷേധവും

### 1. സംഭാഷണങ്ങൾ

| | | |
|---|---|---|
| ಮನೋಹರ್ : | ನೀವು ಬೆಳಿಗ್ಗೆ ಎಷ್ಟು ಗಂಟೆಗೆ ಏಳ್ತೀರಿ? | നീങ്ങൾ രാവിലെ എത്ര മണിക്ക് എഴുന്നേല്ക്കും? |
| ಮೋಹನ್ : | ಆರು ಗಂಟೆಗೆ ಏಳ್ತೀನಿ. | ആറ് മണിക്ക് എഴുന്നേല്ക്കും. |
| ಮನೋಹರ್ : | ಎದ್ದು ಏನು ಮಾಡ್ತೀರಿ? | എഴുന്നേറ്റ് എന്തു ചെയ്യും? |
| ಮೋಹನ್ : | ಎದ್ದು ವಾಕಿಂಗ್ ಹೋಗ್ತೀನಿ. ವಾಕಿಂಗ್ ಹೋಗಿ ಬಂದು ಹಲ್ಲು ಉಜ್ತೀನಿ. ಹಲ್ಲು ಉಜ್ಜಿ ಕಾಫಿ ಕುಡೀತೀನಿ. | എഴുന്നേറ്റ് നാടക്കാൻ പോകും. നടന്ന് വന്ന പല്ല് തേക്കും. വല്ല് തേച്ച് കാപ്പി കുടിക്കും. |
| ಮನೋಹರ್ : | ಹಲ್ಲು ಉಜ್ಜಿಕೊಳ್ಳದೆ ಕಾಫಿ ಕುಡಿಯಲ್ವಾ? | പല്ല് തേക്കാതെ കാപ്പി കുടിക്കില്ലേ? |
| ಮೋಹನ್ : | ಇಲ್ಲ, ನನಗೆ ಅಭ್ಯಾಸ ಇಲ್ಲ. ಕಾಫಿ ಕುಡಿದು ಪೇಪರ್ ಓದ್ತೀನಿ. ಪೇಪರ್ ಓದಿ ಸ್ನಾನ ಮಾಡ್ತೀನಿ. | ഇല്ല, എനിക്ക് ശീലമില്ല. കാപ്പി കുടിച്ചിട്ട് പേപ്പർ വായിക്കും. പേപ്പർ വായിച്ചിട്ട് കുളിക്കും. |

| | | |
|---|---|---|
| ಮನೋಹರ್ : | ತಣ್ಣೀರಿನಲ್ಲಿ ಮಾಡ್ತೀರೋ ಬಿಸಿನೀರಿನಲ್ಲಿ ಮಾಡ್ತೀರೋ? | തണുത്ത വെള്ളത്തിൽ കുളിക്കുമോ? ചൂട് വെള്ളത്തിൽ കുളിക്കുമോ? |
| ಮೋಹನ್ : | ಬಿಸಿನೀರಿನಲ್ಲಿ ಮಾಡ್ತೀನಿ. ಆ ಮೇಲೆ ಊಟ ಮಾಡಿಕೊಂಡು ಆಫೀಸಿಗೆ ಹೊರಡ್ತೀನಿ. | ചൂട് വെള്ളത്തിൽ കുളിക്കും. തുടർന്ന് ഊൺ കഴിച്ച് ആപ്പീസിലേക്ക് പുറപ്പെടും. |
| ಮನೋಹರ್ : | ತಿಂಡಿ ತಿನ್ನದೆ? | ലഘുഭക്ഷണം കഴിക്കാതെയോ? |
| ಮೋಹನ್ : | ಹೌದು. ಮಧ್ಯಾಹ್ನ ಮನೆಗೆ ಹೋಗಲ್ಲ. ತಿಂಡಿ ತಗೊಂಡು ಹೋಗ್ತೀನಿ. | അതെ, ഉച്ചയ്ക്ക് വീട്ടിലേക്ക് പോകില്ല. ലക്ഷുഭക്ഷണം കൊണ്ട്പോകും. |
| ಮನೋಹರ್ : | ಆಫೀಸಿಗೆ ಹೇಗೆ ಹೋಗ್ತೀರಿ. | ആപ്പീസിലേക്ക് എങ്ങനെ പോകും? |
| ಮೋಹನ್ : | ಬಸ್ಸು ಹಿಡಿದು ಹೋಗ್ತೀನಿ. ಕೆಲವೊಮ್ಮೆ ಬಸ್ಸು ಸಿಗದೆ ತೊಂದರೆ ಆಗುತ್ತೆ. ಆಗ ಆಟೋದಲ್ಲಿ ಹೋಗ್ತೀನಿ. | ബസ്സിൽ പോകും. ചിലപ്പോൾ ബസ്സ് കിട്ടാതെ പ്രയാസമാകുന്നു. അപ്പോൾ ഓട്ടോയിൽ പോകും. |
| ಮನೋಹರ್ : | ಸಂಜೆ ಮನೆಗೆ ಬಂದು ಏನು ಮಾಡ್ತೀರಿ? | വൈകുന്നേരം വീട്ടിൽ വന്നശേഷം എന്ത് ചെയ്യും? |
| ಮೋಹನ್ : | ಕಾಫಿ ಕುಡಿದು ಸ್ನೇಹಿತರ ಜೊತೆ ಹರಟೆ ಹೊಡೀತೀನಿ. ಹರಟೆ ಹೊಡೆದು ಬಿಟ್ಟು ಎಂಟು ಗಂಟೆ ತನಕ ಏನಾದ್ರು ಓದ್ತೀನಿ. ಓದಿ ಊಟ ಮಾಡಿ ಮಲಗ್ತೀನಿ. | കാപ്പി കുടിച്ച് കൂട്ടുകാരുടെ കൂടെ സൊറപറയും. സൊറപറഞ്ഞ ശേഷം എട്ട് മണിവരെ എന്തെങ്കിലും വായിക്കും. വായിച്ച് ഊണ് കഴിച്ച് കിടക്കും. |

## 2. മാതൃകാഭ്യാസം :

| | | |
|---|---|---|
| 2.1 | ನಾನು ತಿಂಡಿ ತಿಂದು ಕಾಫಿ ಕುಡೀತೀನಿ. | ഞാൻ പലഹാരം തിന്ന ശേഷം കാപ്പി കുടിക്കും. |



| | | |
|---|---|---|
| | ನಮ್ಮ ತಂದೆ ಬೆಂಗಳೂರಿಗೆ ಬಂದು ದೆಹಲಿಗೆ ಹೋಗ್ತಾರೆ. | ഞങ്ങളുടെ അച്ഛൻ ബെംഗളൂരിലേക്ക് വന്ന് ഡെൽഹിക്ക് പോകും. |
| | ಮಳೆ ಬಂದು ಬೆಳೆ ಬೆಳೆಯಿತು. | മഴ വന്ന് വിള വളർന്നു. |
| | ಮಗು ಮಂಚದಿಂದ ಕೆಳಗೆ ಬಿದ್ದು ಹಲ್ಲು ಮುರಿದುಕೊಂಡಿತು. | കുട്ടി കട്ടിലിൽ നിന്ന് താഴെ വീണ് പല്ല് പൊട്ടി. |
| | ಅವರು ಕನ್ನಡ ಕಲಿತು ಚೆನ್ನಾಗಿ ಮಾತಾಡುತ್ತಾರೆ. | അവർ കന്നഡ പഠിച്ച് ശരിയായി സംസാരിക്കുന്നു. |
| | ಭಾರತ ಕ್ರಿಕೆಟ್ಟಿನಲ್ಲಿ ಸೋತು ತಲೆತಗ್ಗಿಸಿತು. | ഇന്ത്യ ക്രിക്കറ്റിൽ തോറ്റ് തല കുനിച്ചു. |
| | ರವೀಶ ಕ್ಲಾಸಿನಲ್ಲಿ ನಕ್ಕು ಅಧ್ಯಾಪಕರಿಂದ ಬೈಸಿಕೊಂಡ. | രവീശ ക്ലാസിൽ ചിരിച്ച് അധ്യാപകരിൽ നിന്ന് ശകാരം കേട്ടു. |
| | ಎತ್ತು ತೋಟಕ್ಕೆ ಹೊಕ್ಕು ಬಾಳೆ ಗಿಡ ತಿಂದಿತು. | കാള തോട്ടത്തിൽ കയറി വാഴ തിന്നു. |
| | ಅವನು ಸಾಲಕ್ಕೆ ಬಡ್ಡಿ ಕೊಟ್ಟು ಬಡವಾದ. | അവൻ കടത്തിന് പലിശകൊടുത്ത് ദരിദ്രനായി. |
| | ಅವಳು ಗಿಡ ನೆಟ್ಟು ಬಿಟ್ಟು ನೀರು ಹಾಕಿದಳು. | അവൾ ചെടി നട്ട് വെള്ളം ഒഴിച്ചു. |
| | ನಾನು ಸ್ನಾನ ಮಾಡಿಕೊಂಡು ದೇವರ ಪೂಜೆ ಮಾಡಿದೆ. | ഞാൻ കുളി കഴിഞ്ഞ് ദൈവ പൂജ ചെയ്തു. |
| | ಅವಳು ಹೊಸ ಸೀರೆ ಕೊಂಡುಕೊಂಡು ಬಂದಳು. | അവൾ പുതിയ സാരി വാങ്ങി കൊണ്ടുവന്നു. |
| 2.2 | ಅವರು ಸಿಟಿಗೆ ಹೋಗಿಬಿಟ್ಟು ಸಿನಿಮಾ ನೋಡಿಬಿಟ್ಟು ಬಂದರು. | അവർ സിറ്റിയിലേക്ക് പോയി സിനിമ കണ്ട് വന്നു. |
| | ನಾವು ಬ್ಯಾಂಕಿಗೆ ಹಣ ಕಟ್ಟಿದೆವು. | ഞങ്ങൾ ബാങ്കിൽ പണമടച്ചു. |

| | | |
|---|---|---|
| | ಸಿಗರೇಟ್ ಸೇದಿ ಕೆಮ್ತೀಯಾ? | (നീ) സിഗററ്റ് വലിച്ച് ചുമക്കുന്നുവോ? |
| | ಇಂದಿರಾಗಾಂಧಿಯ ಭಾಷಣ ಕೇಳಿ ಜನ ನಕ್ಕರು. | ഇന്ദിരാഗാന്ധിയുടെ പ്രഭാഷണം കേട്ട് ജനങ്ങൾ ചിരിച്ചു. |
| | ಅವಳು ಹತ್ತು ಗಂಟೆಗೆ ಮಲಗಿ ಹನ್ನೆರಡು ಗಂಟೆಗೆ ಎದ್ದಳು. | അവൾ പത്ത് മണിക്ക് കിടന്ന് പന്ത്രണ്ട് മണിക്ക് എഴുന്നേറ്റു. |
| 2.3 | ಅವರು ಬೆಂಗಳೂರಿಗೆ ಹೋಗಿ ವಿಧಾನಸೌಧ ನೋಡದೆ ಬಂದರು. | അവർ ബെംഗളൂരിലേക്ക് പോയി വിധാനസൗധ കാണാതെ മടങ്ങി. |
| | ದೇವರು ಅವರಿಗೆ ಒಳ್ಳೆಯದು ಮಾಡದೆ ಇರಲಿ. | ദൈവം അവർക്ക് നല്ലത് ചെയ്യാതിരിക്കട്ടെ. |
| | ನೀನು ಪಾಠ ಓದದೆ ಉತ್ತರ ಬರೆದೆಯಾ? | നീ പാഠം വായിക്കാതെ ഉത്തരം എഴുതിയോ? |
| | ಅವನು ಹುಡುಗಿಯನ್ನು ನೋಡದೆ ಮದುವೆಗೆ ಒಪ್ಪಿಕೊಂಡ. | അവൻ പെണ്ണിനെ കാണാതെ കല്യാണത്തിനു സമ്മതിച്ചു. |
| 2.4 | ನಾನು ಕಾಫಿ ಕುಡಿಯದೆ ಆಫೀಸಿಗೆ ಹೊರಡಲಿಲ್ಲ. | ഞാൻ കാപ്പി കുടിക്കാതെ ആപ്പീസിലേക്ക് പുറപ്പെടാറില്ല. |
| | ನಾವು ಟಿಕೆಟ್ ತೆಗೆದುಕೊಳ್ಳದೆ ನಾಟಕ ನೋಡಲಿಲ್ಲ. | ഞങ്ങൾ ടിക്കറ്റ് വാങ്ങാതെ നാടകം കാണ്ടിട്ടില്ല. |
| | ಡಾಕ್ಟರ್ ಹಣ ತೆಗೆದುಕೊಳ್ಳದೆ ಔಷಧಿ ಕೊಡಲ್ಲ. | ഡോക്ടർ കാശ് വാങ്ങാതെ മരുന്നു കൊടുക്കില്ല. |

## 3. പഠിതാക്കൾക്കുള്ള സൂചന :

ഭൂതകാല കൃദന്ത രൂപങ്ങൾ പരിചയപ്പെടുത്തുന്നു:

ഒരു ക്രിയയെ തുടർന്ന് മറ്റൊരു ക്രിയ വരുന്നു എന്ന സൂചന തരുന്ന രീതിയിലുള്ളതാണ് ഭൂതകാല കൃദന്തം.

നാനു അവനുന്നു നോഡി ബെംഗളൂറിഗെ ഹോദെ.
(ഞാൻ അവനെ കണ്ടിട്ട് ബെംഗളൂരിലേക്ക് പോയി)



'-ഉ', '-ഇ-' ഇവയാണ് കന്നഡയിലെ കൃദന്ത സൂചക പ്രത്യയങ്ങൾ.

ക്രിയാ പദത്തോട് '-ഉ-'ചേർന്നാൽ '-ദ-', '-ട-', '-ഡ-', '-ത-' ഇവ ഭൂതകാല സൂചക പ്രത്യയങ്ങളായി വരും. (14, 15 പാഠങ്ങൾ ശ്രദ്ധിക്കുക)

തിന്നു + ദ + ഉ - തിംദു

രമേശ കാലേജിഗെ ബംദു സിനിമാക്കെ ഹോദ.
(രമേശൻ കോളേജിലേയ്ക്ക് വന്നിട്ട് സിനിമയ്ക്ക് പോയി)

ഇവളു കന്നഡ കലിതു ഹാഡു ഹാഡ്താളെ.
(ഇവൾ കന്നഡ പഠിച്ചിട്ട് പാട്ട് പാടുന്നു)

അവനന്നു ദാരിയല്ലി സിക്കു മാതാഡിസിദെ.
(ഞാൻ അവനെ വഴിയിൽ കണ്ട് സംസാപിപ്പിച്ചു)

ഒംദു പുസ്തക കൊണ്ട് ബംദെ.
(ഞാൻ ഒരു പുസ്തകം വാങ്ങിവന്നു)

'- ഇ -', ക്രിയാപദത്തോട് ചേർന്നാൽ '-ഇദ്-' എന്നത് ഭൂതകാല രുപമാകും. പക്ഷെ ഇവിടെ മൂല ക്രിയാധാതുവിനോട് നേരിട്ട് '-ഇ-' ചേർന്നിരിക്കുന്നു. അതുകൊണ്ട് ഘടനാക്രമം.

ക്രിയാധാതു + കൃദന്തം.

മാഡു + ഇ - മാഡി

